# സാഹിത്യമഞ്ജരി

4

വള്ളത്തോൾ

Digitized By Kerala Sahitya Akademi

# സാഹിത്യമഞ്ജരി

(നാലാംഭാഗം—സടിപ്പണീകം)

VALLATHOL GRANDHALAYAM

ഗ്രന്ഥകർത്താവ്:

വള്ളത്തോൾ

Digitized By Kerala Sahitya Akademi

പതിനൊന്നാം പതിപ്പ്
കോപ്പി 1000.

വില
1ക. 25 നയാപൈസ.

പ്രസാധകന്മാർ:
**വള്ളത്തോൾ ഗ്രന്ഥാലയം, ചെറുതുരുത്തി.**

പകർപ്പവകാശം: സി. അച്യുതക്കുറുപ്പിന്ന്.

1957 ആഗസ്റ്റ്

---

അച്ചടി:
വള്ളത്തോൾ പ്രിൻറിംഗ് & പബ്ലിഷിംഗ് ഹൌസ്,
തൃശ്ശിവപേരൂർ.

Digitized By Kerala Sahitya Akademi

# വിഷയാനുക്രമം


| | വിഷയം. | വൃത്തം | കാലം | ഭാഗം |
|---|---|---|---|---|
| 1. | പ്രഭാതഗീതം | മഞ്ജരി | ('97 മകരം) | 1 |
| 2. | രാധയുടെ കൃതാൎത്ഥത | കേക | ('97 മീനം) | 4 |
| 3. | കൎമ്മഭൂമിയുടെ പിഞ്ചുകാൽ | മഞ്ജരി | ('98 കന്നി) | 12 |
| 4. | കാററിൽപ്പറന്ന കവിത | ശ്ലോകം | ('97 തുലാം) | 18 |
| 5. | ഒരു കൃഷ്ണപ്പരുന്തിനോട് | കേക | ('95 മിഥുനം) | 27 |
| 6. | കിളികൊഞ്ചൽ | മഞ്ജരി | ('97 മകരം) | 33 |
| 7. | യുവഭിക്ഷു | കേക | ('98 കുംഭം) | 49 |
| 8. | തോട്ടത്തിൽവെച്ച് | ശ്ലോകം | ('98 ധനു) | 61 |
| 9. | 'നിങ്ങളാംതൻപോക്ക വിപരീതമാകൊലാ' | കാകളി | ('98 ധനു) | 68 |
| 10. | പരീക്ഷയിൽ ജയിച്ചു | കേക | ('98 കൎക്കടകം) | 72 |
| 11. | 'ഭാരതസ്ത്രീകൾതൻ ഭാവശുദ്ധി' | മഞ്ജരി | ('98 കൎക്കടകം) | 78 |
| 12. | ജാതകം തിരുത്തി | ശ്ലോകം | ('97 കൎക്കടകം) | 93 |
| 13. | എൻെറ ഗുരുനാഥൻ | കേക | ('98 ധനു) | 103 |


Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# സാഹിത്യമഞ്ജരി

## (നാലാംഭാഗം)

---

## 1. പ്രഭാതഗീതം

(മഞ്ജരി)

1. അല്ലിന്റെയന്തിമയാമത്തെഘോഷിച്ചു
കല്ലോലമാലിതൻ മന്ദ്രതൂര്യം;
രാത്രിതൻ പോക്കെത്രത്തോളമായെന്നതു
പാർത്തറിയുന്നതിനെന്നപോലെ
നൽച്ചെന്തലപ്പാവുള്ളത്തല പൊക്കി നി-
ന്നുച്ചത്തിൽക്കൂകിനാർ കുക്കുടങ്ങൾ.

---

1. അന്തിമയാമം=ഒടുക്കത്തെ യാമം (ഏഴരനാഴിക). കല്ലോലമാലി=സമുദ്രം. മന്ദ്രം=ഗംഭീരം. തൂര്യം=പെരുമ്പറ (യുടെ ശബ്ദം); സമുദ്രത്തിന്റെ മുഴക്കത്തെ പെരുമ്പറയുടെ ശബ്ദമായി അധ്യവസായം ചെയ്തിരിക്കുന്നു. (ഉപമേയത്തിന്റെ സ്ഥാനത്ത് ഉപമാനം മാത്രം പറയുന്നതധ്യവസായം.) കോഴികളുടെ തലപ്പൂവിനു തലപ്പാവെന്നധ്യവസായം.

Digitized By Kerala Sahitya Akademi

2. ചിക്കെന്നുണർന്നെഴുന്നേററുഷസ്സന്നവൾ
ശുക്രനാം കൈവിളക്കേന്തിയെത്തി,
നാനാവിഹംഗമനാദമാം കങ്കണ-
ക്വാണമോടംബരശാലയിങ്കൽ
ഇന്നലെ രാവുപയോഗിച്ച പൂക്കളോ-
കുന്ന താരങ്ങളടിച്ചുവാരി,
താവൽക്കസ്തൂരിച്ചാററാക്കിയ വാർതിങ്കൾ-
ത്തുവെള്ളിക്കിണ്ണവും ദൂരേ മാററി,
വെൺകുളിർനീരാൽത്തളിച്ചു പുരോഭുവി
കുങ്കുമലേപവുമാചരിച്ചാൾ;
ആ വേലക്കാരിതൻ നിശ്വാസംപോലവേ,
പൂവിൻമണവുമായ് വീശി തെന്നൽ.
ബ്രഹ്മാണ്ഡഹർമ്മ്യത്തിൻ മേൽത്തട്ടും കീഴ്ത്തട്ടും
നിർമ്മലമായി വിളങ്ങി മേന്മേൽ.

---

2. ഉഷസ്സ്=പ്രഭാതദേവത. കങ്കണക്വാണം=വളക്കിലുക്കം. താവൽ=അത്രയും. ചന്ദ്രന്റെ കളങ്കത്തിന്നു കസ്തൂരിച്ചാറെന്നധ്യവസായം. വെൺകുളിർനീര്=(പ്രഭാതത്തിലെ) വെളുത്തു തണുത്ത മഞ്ഞുതുള്ളികൾ. പുരോഭുവി=മുൻഭാഗത്ത് (കിഴക്ക്). കുങ്കുമലേപം=കുങ്കുമം (പ്രഭാതത്തിൽ കിഴക്കുഭാഗത്തു കാണുന്ന ചുകപ്പ്) പൂശൽ. ഹർമ്മ്യം=മാളിക. മേൽത്തട്ടും കീഴ്ത്തട്ടും—ആകാശവും ഭൂമിയും.

Digitized By Kerala Sahitya Akademi

3. ഇപ്പടി നൂറുനൂറായിരം ഹർമ്മ്യങ്ങ-
ളെപ്പോഴും പുത്തനായ് വെച്ചുപോററി,
ഒപ്പമതുകളിലൊക്കെ വിളയാടു-
മപ്പരാശക്തിയ്ക്കു കൂപ്പുക നാം!

---

3. ഹർമ്മ്യങ്ങൾ=ബ്രഹ്മാണ്ഡങ്ങൾ. ഒപ്പം=ഒരേസമയത്ത്, ഒരേവിധത്തിൽ. പരാശക്തി=എല്ലാ ശക്തികളിലും മേലേ നില്ക്കുന്ന ശക്തി. നാം=ചരാചരമായ ജന്തുവർഗ്ഗം.

Digitized By Kerala Sahitya Akademi

# 2. രാധയുടെ കൃതാൎത്ഥത

(കേക)

1. “ആൎയ്യപു—ക്ഷമിച്ചാലു-
മെന്നവിവേകം: ഹാ ഹാ,
സൂൎയ്യനെത്തൊട്ടുവാൻ കൈ
നീട്ടിപ്പോയ് നിശീഥിനി!
അങ്ങയോടുള്ളീ ശ്രേഷ്ഠ-
സംബുദ്ധിയാകുമമൃ-
തെങ്ങനെ,യൊരു ഭാഗ്യം
കെട്ട നാവിനു കിട്ടും?

2. ഞാനൊരു കൃഷീവല-
കന്യക;-യവിടുന്നോ,
സ്ഥാനമാനാദിഗ്ഗുണം
ചേൎന്ന നാഗരികാഗ്ര്യൻ;

---

1. കാൎയ്യവശാൽ ഒരുകുംനാട്ടിൽച്ചെന്ന് ഏതാനും നാൾ താമസിയ്ക്കേണ്ടിവന്ന നാഗരികനായ ഒരു യുവാവ് അവിടെ വെച്ച തന്നിൽ ഗൂഢാനുരക്തയായ ഒരു കൃഷീവലകന്യകയെ (രാധയെ) വെടിഞ്ഞു മറെറാരു സ്ത്രീയെ വേട്ട തൻെറ നഗരത്തിൽ വസിയ്ക്കേ, ആ കന്യക അയാൾക്കയച്ച ഒരു കത്ത്—നിശീഥിനി= രാത്രി. ഇതുകൊണ്ടു കൃഷീവലകന്യകയായ രാധയുടേയും, 'സൂൎയ്യനെ' എന്നതുകൊണ്ടു നായകൻെറയും ശരീരവൎണ്ണംകൂടി സൂചിപ്പിയ്ക്കുന്നു. ആ യുവാവിനെ ആൎയ്യപുത്ര എന്നു വിളിപ്പാനിട വരുന്നതു രാധയ്ക്ക് അമൃതാസ്വാദത്തിന്നു തുല്യമാണ്.

Digitized By Kerala Sahitya Akademi

താവകതാരുണ്യമാം
    നന്ദനപ്പൂങ്കാവില-
ദ്ദേവകാമിനിയാൾതാൻ
    സ്വൈരമായ് ക്രീഡിയ്ക്കട്ടേ;
എനിയ്ക്കു, സുചിരം ത്വൽ-
    സാന്നിദ്ധ്യവിശുദ്ധമെൻ-
ജനകനുടെ തോപ്പേ
    വിശ്രമം നല്കിക്കൊള്ളും!

3. ഇത്തോപ്പിലൊരു കാമ-
    ദേവനെപ്പലനാൾ മേ
പ്രത്യക്ഷനാക്കിത്തന്ന
    പുലാവിൻതറയിന്മേൽ,
തൽപ്പദമുദ്രൈകൈക-
    സാക്ഷിയാം ചെരിപ്പിൻ പാ-

---

2. താവകം=അങ്ങയുടേതു്. അദ്ദേവകാമിനിയാൾ—നായകൻ വേട്ട സ്ത്രീ. നന്ദനോദ്യാനത്തിലേയ്ക്കു ദേവസ്ത്രീതന്നെ വേണം! കൃഷീവലകന്യക അൎഹിയ്ക്കുന്നതു തോപ്പാണു്. ആ തോപ്പോ ത്വത്സാന്നിധ്യവിശുദ്ധ(അങ്ങു വന്നിരുന്നതുകൊണ്ടു പരിശുദ്ധ)മാണതാനും.

3. ഒരു കാമദേവൻ—ആ സുന്ദരയുവാവു—'പ്രത്യക്ഷനാക്കിത്തന്ന'—അക്കാലത്തു രാധ തോട്ടത്തിലെത്തുമ്പോഴേയ്ക്കു, അയാൾ അവിടെവന്നു്, ഒരു പുലാവിൻതറയിന്മേൽ കാത്തുനില്ക്കുന്നുണ്ടാവും. തൽപ്പദമുദ്രൈകസാക്ഷി=ആ കാമദേവന്റെ കാലടികൾക്കുള്ള മാത്രവത്തെ ശരിയ്ക്കനുഭവിച്ചതു്. ദേവൻ പ്രത്യക്ഷ

Digitized By Kerala Sahitya Akademi

ടിപ്പൊഴും ലസിപ്പതു-
ണ്ടെന്നാരാധനത്തിന്നായ്.

4. 'നിങ്ങൾതന്നാരാമശ്രീ-
തൻ കളിപ്പൊൻപന്തിതൊ'-
ന്നി,ങ്ങു വെച്ചൊരുനാളേ-
തൊന്നിനെന്നുവാൻ വാഴ്ത്തി,
അച്ചെറുനാരങ്ങയാ-
മെൻചെറുകാണിയ്ക്കയെ
സ്വച്ഛമാം കരതാരാൽ
മട്ടിച്ചുകൊണ്ടവ്വണ്ണം
സാകൂതസ്മിതനായി-
ട്ടവിടന്നു,ൽക്കമ്പത്താ-
ലാകുലമാമെന്നാറ-
ത്താഴ്ത്തിയ തെളിനോട്ടം—

---

പ്പെട്ടേടം ആരാധനസ്ഥാനമാണല്ലോ. അദ്ദേഹത്തിന്റെ മുദ്രപ ങ്ങളെ ശുശ്രൂഷിപ്പാൻ തരപ്പെട്ടില്ല; വേണ്ട, അതുകളിലിട്ട ചെരിപ്പിന്റെ പാടിനെ ആരാധിപ്പാൻ തരപ്പെട്ടതുകൊണ്ടുതന്നെ രാധ കൃതാൎത്ഥയാണ്.

4. വെച്ചാരാധിപ്പാൻ മാത്രമല്ല, ഇരുന്നു ധ്യാനിപ്പാനും വേണ്ട വിഷയം കിട്ടിയിട്ടുണ്ടെന്ന്: സാകൂതസ്മിതനായിട്ട=സാ ഭിപ്രായമായ പുഞ്ചിരിയോടുകൂടി. ചെറുനാരങ്ങ മട്ടിച്ചുകൊണ്ടു നായികയുടെ മാറിലേയ്ക്കു നോക്കിയതിലെ അഭിപ്രായം സ്പഷ്ടം. ഉൽക്കമ്പം=വെമ്പൽ. ആഴ്ത്തിയ തെളിനോട്ടം—ആ നിഷ്കപട മായ നോട്ടം എന്റെ ഹൃദയത്തിൽ ആണ്ടു എന്നഭിപ്രായം. സന്ന തശിരസ്സ്=തലതാഴ്ത്തിയവൾ. നിര..............നം=അക്ഷരമില്ലാ

Digitized By Kerala Sahitya Akademi

'സനാതശിരസ്സായ് നീ
ലജ്ജയെക്കനിയിക്കു-
കെന്നുള്ള നിരക്ഷര-
ശാസനക്കുറിമാനം—
ഏതൊരുള്ളറയെയും
തുറക്കും മണിത്താക്കോൽ—
പൂതരാഗത്തെക്കോരി-
പ്പകരും ശംഖപ്രാന്തം—
ഏതൊന്നുമുദ്രോമാഞ്ച-
ഭക്തിബാഷ്പയായ് ധ്യാനി-
ക്കുന്നതിന്നനുവാദ-
മെനിക്കു നല്കേണമേ!

5. ഒരുനാളസ്സാമാന്യ-
മോടിയോടിത്തോട്ടത്തിൽ-
ത്തരുണവസന്തംപോ-
ലാഗതനായ ഭവാൻ,

---

ത്ത കല്പനക്കുറിപ്പ്; ആ നോട്ടത്തിൽ ഞാൻ ലജ്ജിച്ചു തലതാഴ്ത്തി എന്നർത്ഥം. ഉള്ളറ=ഹൃദയാഭിപ്രായം. ആ സമയത്തു ഞാൻ എന്റെ ഹൃദയാഭിപ്രായം വെളിപ്പെടുത്തി എന്നു ഭാവം. ശംഖപ്രാന്തം=ശംഖിന്റെ വാൽ; അത് അനുരാഗോദ്ദീപകമായിരുന്നു എന്നു സാരം. ഉദ്രോമാ......................ഷ്പ=കോൾമയിർ ഭക്തി കണ്ണീർ എന്നിവയോടുകൂടിയവൾ.

5. സ്മരണീയമായ മറെറാരു സംഭവംകൂടി അന്നുണ്ടായിട്ടുണ്ട്; അതു കുറെ കവിഞ്ഞ പ്രവൃത്തിയാകയാൽ അതിനെപ്പററി അവൾക്കുള്ള അപേക്ഷ ഇതാണ്. ഒരു......................പോലെ—

Digitized By Kerala Sahitya Akademi

സാന്ധ്യസൂര്യന്റെ നിറം
　　കൂട്ടിയ കവിൾത്തട്ടിൻ-
സാന്ദ്രകാന്തിയാലെൻകൺ
　　മയക്കി നില്ക്കുംനേരം,
കലശത്തഴമ്പേന്തു-
　　മിക്കൈകളക്കണ്ഠത്തി-
ലിലഞ്ഞിപ്പൂമാലയൊ-
　　ന്നിടുവിച്ചില്ലേ മന്ദം;
പ്രേമചാപലമിതു
　　മാമക,മതിങ്കൽത്താൻ
കോമളഭുജാമാല്യം
　　ചാർത്തിന സുഭഗയെ
നമ്മസൂക്തികൾക്കിട-
　　യ്ക്കൊഞാനറിയിച്ചു,-
സ്സമ്മാന്യസഹോദരി-
　　യ്ക്കസ്വാസ്ഥ്യം വരുത്തൊല്ലേ!

---

അയാളുടെ വരവ് ആ തോട്ടത്തിനുതന്നെ ഒരു ഭംഗിയുണ്ടാക്കി. സാന്ദ്രം=ഇഴുകിയത്. അസാമാന്യമോടി കണ്ടു കണ്ണു മയങ്ങിപ്പോയതുകൊണ്ടാണ് ഞാനതു ചെയ്തുപോയത്. കലശത്തഴമ്പേന്തും= തോട്ടം നനപ്പാൻ കുടമേന്തി തഴമ്പിച്ചവ; ഈ കൈകൾ ആ വിധം ചെയ്യുവാൻ അനഹ്ങളാണെന്നഭിപ്രായം. പ്രേമചാപലം=പ്രേമത്താൽ ചെയ്ത ചാപല്യം; ഇത് 'അറിയിച്ചു' എന്ന പറവിനയിലെ കമ്മമാണ്. കോമളഭുജാമാല്യം=മൃദുക്കളായ കൈകളാകുന്ന മാല; ആ മാല, എന്റെ ഇലഞ്ഞിപ്പൂമാലയെ മാൎത്തിപ്പിച്ചേയ്ക്കാമല്ലോ. നമ്മസൂക്തികൾ=നേരംപോക്കു പറയൽ. അസ്വാസ്ഥ്യം=മനസ്സുഖമില്ലായ്മ.

Digitized By Kerala Sahitya Akademi

6. താവകഗാത്രാശ്ലേഷ-
ധന്യയാമമ്മാലതൻ
പാവനപരിമള-
മൊരിയ്ക്കൽക്കൂടിപ്പൂശാൻ
വന്നുചേരുമാറുണ്ട
നാളുതോറും കിതച്ചുകൊ-
ണ്ടിന്നിലത്തന്തിക്കളിർ-
ത്തെന്നൽ; ഞാൻ മറ്റെന്തോതും?

'ഞാനിട്ട ലഘുമാല്യ-
മപ്പൊഴേ വാടിപ്പോയി;
ഗ്ലാനി ചേരില്ലദ്ദേവി-
യർപ്പിച്ച മാലയ്ക്കെന്നും;

---

6. താവക..........ന്യ=അങ്ങയുടെ ശരീരത്തോട ചേൎന്നു കൊണ്ട ഭാഗ്യവത്തായ അന്തിത്തെന്നൽ കിതച്ചുകൊണ്ട വരുന്ന ത്, സന്ധ്യമയങ്ങി നായകൻ തോപ്പു വിട്ടു പോവുന്നതിനുമുമ്പേ എത്തിച്ചേരണമെന്നു വിചാരിച്ചാവണം. അസ്സമയത്തു തോട്ട ത്തിൽ തനിച്ചിരിയ്ക്കുന്ന എന്നോട്ട് കാററ് 'അദ്ദേഹമെവിടെ?' എന്നു ചോദിച്ചാൽ, എനിയ്ക്കിതേ പറവാനുള്ളു: അപ്പൊഴേ—ഇലഞ്ഞിമാലയായിട്ടുകൂടി! എന്റെ അനുരാഗം പാഴായിപ്പോയി എന്നാശയം. ദേവിയൎപ്പിച്ച മാല ദിവ്യമാകയാൽ, അതിന്നു ഗ്ലാനി (=വാട്ടം) തട്ടുകയില്ല. 'തപ്തനാവതിൻമുന്നേ'=ചുട്ട കാററു തട്ടിയാൽ മാല വാടിപ്പോയേയ്ക്കാം. നായകന്റെ പത്നിയ്ക്ക് അസ്വാസ്ഥ്യമുണ്ടാകിയേയ്ക്കാവുന്നതിനാൽ, തന്റെ നിശ്വാസത്താൽ ചുട്ടുപിടിച്ച കാററ് അവരുടെ അരികത്തണയരുത് എന്നാശംസ.

Digitized By Kerala Sahitya Akademi

ആയതിൻപുണ്യസ്പർശ-
മങ്ങുപോയ് നേട്ട കാററേ
നീയിങ്ങെൻ നെടുവീർപ്പാൽ-
ത്തപ്തനാവതിൻമുന്നേ!'

7. അന്നത്തെ നക്ഷത്രംതാ-
നിന്നന്തരീക്ഷത്തിങ്കൽ
വന്നുദിച്ചിതാ, പാഴിൽ-
ച്ചെവിപാർത്തമരുന്നൂ:
കേൾപ്പോൾക്കു മുരളികാ-
ഗീതമാം കളിവാക്കാൽ
തോപ്പിതു 'വൃന്ദാവന'-
മാക്കിയോനിങ്ങില്ലല്ലോ!

8. ഈ വൃന്ദാവനമിന്നു
ശൂന്യമായ്പ്പോയാലെന്തു?
താവകീനയാം 'രാധ'
പൂർണ്ണകാമയാൾതന്നെ.

---

7. തോപ്പിതു വൃന്ദാവനമാക്കിയ കളിവാക്ക് "ഈ തോപ്പ് ഒരു വൃന്ദാവനമാണ്; ഇവിടെ രാധയുണ്ടല്ലോ" എന്ന് ആ യുവാവ് അന്നു പറഞ്ഞിരുന്നു. അതുകൊണ്ടല്ലെങ്കിലും, ആ മുരളീഗീതംകൊണ്ട് ഈ തോപ്പ് അന്നു വൃന്ദാവനമായിരുന്നു. ഇങ്ങിനെ രാധ, അതേ കുളിർകാററും അതേ നക്ഷത്രവുമുള്ള സന്ധ്യാസമയങ്ങളിൽ ആ തോട്ടത്തിൽ ചെന്നിരുന്ന്, അന്നത്തെ സംഭവങ്ങളെയും സംഭാഷണങ്ങളെയും പററി ഓർത്തും ചുടുവീർപ്പിട്ടും കഴിഞ്ഞുകൂടുന്നു.

Digitized By Kerala Sahitya Akademi

അപ്പെണ്ണബ്ബകുളപ്പൂ-
മാലയോടൊത്തത്തോളി-
ലർപ്പണംചെയ്താളല്ലോ
തൻെറ ജീവിതഭാരം!

9. എന്നുടെ സർവ്വസ്വമാ-
യുള്ളതാമവിടത്തെ-
പ്പൊന്നുമെയ്യത്തനിച്ചു
വശമായ്ച്ചമഞ്ഞപ്പോൾ
എൻപ്രിയതാതനുണ്ടായ്
വേണ്ടാത്തൊരാപച്ഛങ്ക-
യെങ്ങിനെ വെടിയും ഞാ-
നെൻെറ ജീവനെ സ്വാമിൻ?
താദൃശസൌഭാഗ്യയാം
ഭാര്യയായ്ച്ചേർന്നു ഭവാ-
നേതൊരു ഭുവനത്തെ-
ശ്ശോഭനമാക്കിടുന്നു,
ആ ലോകത്തൊരു കോണിൽ-
ജ്ജീവിച്ചാൽ കൃതാർത്ഥ ഞാൻ;
ലാലസിയ്ക്കട്ടേ ശാന്ത്യാ
നിങ്ങൾതൻ ഗൃഹാശ്രമം!"

---

8. പൂർണ്ണകാമ=ആഗ്രഹംനിറവേറിയവൾ. ബകുളം=ഇലഞ്ഞി.
9. ആപച്ഛങ്ക—മകൾ ആത്മഹത്യ ചെയ്യേണ്ടിവരുമോ എന്ന ഭയം. താദൃശസൌഭാഗ്യ—അങ്ങയുടെ ഭാര്യയാകത്തക്ക സൌഭാഗ്യമുള്ളവൾ. ലാലസിയ്ക്കു=ഏററവും ശോഭിയ്ക്കു.

Digitized By Kerala Sahitya Akademi

# 3. കർമ്മഭൂമിയുടെ പിഞ്ചുകാൽ

(മഞ്ജരി)

1. ആററിലെയ്ക്കച്യുത, ചാടൊല്ലേ, ചാടൊല്ലേ;
കാട്ടിലെപ്പൊയ്കയിൽപ്പോയി നീന്താം:
കാളക്കൂടോൽക്കടകാദകാളമാളിന
കാളിയൻ പാർപ്പുണ്ടിക്കാളിന്ദിയിൽ.

2. ആരിതെറിഞ്ഞു കൊടുത്തു: യശോദതൻ
മാറിലെത്തുമണിമാല്യമതാ,
കാളിന്ദിതന്നുടെ കാളിമാവേന്തിയ
ചേലയിൽച്ചീളെന്നു ചെന്നുവീണു!

---

1. 'കാളിയമർദ്ദന'ത്തിനായി കാളിന്ദിയിലെയ്ക്കു കുതിക്കുന്ന ഉണ്ണികൃഷ്ണനോട്, ഇതിവൃത്താനുധ്യാനത്തിൽ തന്മയീഭാവം പ്രാപിച്ച കവി, നോക്കിനില്ക്കുന്ന ഒരമ്പാടിക്കുഞ്ഞിനെപ്പോലെ, കടന്നു പറയുന്നു — അച്യുതൻ=വീഴ്ച പററാത്തവൻ(കൃഷ്ണൻ). കാള...... ളിന=കാളക്കൂടതുല്യമായ ഉഗ്രവിഷം തിങ്ങുന്ന. പേടിപ്പിക്കാൻ പറഞ്ഞ കാരണം കൊള്ളാം: ആ കാളിയനെ ഒതുക്കുവാനാണ്, നീന്തുവാനല്ല കൃഷ്ണൻ പുഴയിൽ ചാടുന്നത്!

2. ത്തുമണിമാല്യം—കൃഷ്ണൻ. കാളിമാ.........ചേല=കറുത്ത വസ്ത്രം; കാളിന്ദിയിലെ വെള്ളം (ഇതു കറുത്തതാണ്.) ചീളെന്ന്= ഉടനെ. ഈ വരികളിൽ ഒരു സ്ത്രീയുടെ മാറിലണിഞ്ഞ വിലയേറിയ ആഭരണം ഒരു പിച്ചക്കാരിയുടെ നിവർത്തിക്കാട്ടിയ മുഷിഞ്ഞ വസ്ത്രത്തിലേയ്ക്കെറിഞ്ഞുകൊടുക്കപ്പെട്ടു എന്നു സമാസോക്തി.

Digitized By Kerala Sahitya Akademi

3. പല്ലവംപോലുള്ള രണ്ടിളംകൈകളാലു-
ന്നുല്ലസല്ലീലമായ്ത്തല്ലുകയാൽ
വെൺമുലപ്പാൽനുര ചിന്നിച്ചിതറി ന-
ല്ലമ്മയാമന്നദിയ്ക്കാർദ്രനെഞ്ചിൽ!

4. കണ്ണന്റെ പൊന്നുടൽ കാനനധൂളി പി-
ട്ടുണ്ണിക്കതിരോന്റെ ബിംബംപോലേ
പേർത്തും വെളിവു പൂണ്ടപ്പുഴതന്നല-
ച്ചാർത്തിലിളകിമറിഞ്ഞു മിന്നി.

5. മുങ്ങുമൊരേടത്തു; മറ്റൊരേടത്തുപോയ്-
പ്പൊങ്ങു;-മലകൾ മുറിച്ചു നീന്തും—
ഇങ്ങനെ സംസാരനാടകമാടിനാ-
നങ്ങവൻ വാരുണരംഗത്തിങ്കൽ!

---

3. ഉല്ലസല്ലീലം=കളിയായി. ആർദ്രനെഞ്ച്=തണുത്ത മധ്യപ്രദേശം; വാത്സല്യമുൾക്കൊള്ളുന്ന. നീന്തുവാൻ തുടിയ്ക്കുമ്പോൾ നുരകൾ ചിന്നിച്ചിതറുന്നു; കുട്ടികൾ മാറത്തു തല്ലുമ്പോൾ അമ്മമാർക്കു മുല ചുരക്കുന്നു.

4. ധൂളി=പൊടി. ഉണ്ണി....ലേ—കൃഷ്ണനെ സ്വർണ്ണവർണ്ണനായിട്ടും ധ്യാനിയ്ക്കാറുണ്ട്. സൂര്യബിംബവും തിരകളിൽ പ്രതിബിംബിച്ചു ഇളകിമറിയാറുണ്ടല്ലോ.

5. വാരുണരംഗം=ജലമധ്യം; ജലത്തിന്റെ അധിഷ്ഠാനദേവതയാണു വരുണൻ. വരുണന്റെ അരങ്ങ്, എന്നും. അടിയ്ക്കടി വരുന്ന വിഘ്നങ്ങളെത്തട്ടിനീക്കി ജീവിതയാത്ര തുടരുക, വല്ലേടത്തും കിടന്നു മൃതിയടയുക, വല്ലേടത്തും വന്നു ജനിയ്ക്കുക—ഇതാണല്ലോ സംസാരനാടകക്രമം.

Digitized By Kerala Sahitya Akademi

6. ദൂരത്തൊരേടത്തു ശാന്തമായേവിയ
നീരിനകത്തൊരിളക്കമുണ്ടായ്;
സ്ഥൂലങ്ങളായങ്ങു പൊങ്ങി കുമിളക-
ളേതോ വിപത്തിൻ മുളകൾ പോലേ.
ആററിലൊലിച്ചു വരുന്നതെന്തെന്തിതൊ,-
രായിരം കൊമ്പുള്ള മാമരമോ?
അയ്യോ, സഹസ്രഫണോഗ്രക്കരിംപാമ്പെ-
ങ്ങി!-യ്യോമൽക്കോമളപ്പൈതലെങ്ങോ!

7. നെഞ്ചത്തു കൈവെച്ചു കേണാക്കമ്പാടി-
ക്കുഞ്ഞുങ്ങളോടൊപ്പമാററുവക്കിൽ,
മൂക്കു വിടന്നുയന്നുള്ള ശിരസ്സോടും
നോക്കിനില്പായി പകച്ച കണ്ണാൽ,
വൃന്ദാവനത്തിലെപ്പുട്ടിളംപുല്ലുകൾ
തിന്നു തടിച്ചു കൊഴുത്ത പൈക്കൾ:
ആയവക്കുള്ളേകപ്രാണമരുത്തല്ലോ
പായുന്നു പാമ്പിൻെറ വായിലെയ്ക്കായ്!

---

6. സ്ഥൂലങ്ങൾ=വലിയവ. സഹസ്ര.......പാമ്പ്=ആയിരം പടമുള്ള ഭയങ്കരമായ കറുത്ത പാമ്പ്.

7. ശിരസ്സുയരുക, മൂക്കു വിടരുക, കണ്ണു പകയ്ക്കുക എന്നിവയാൽ പൈക്കൾ ആ സമയത്തു പ്രാണവേദനയനുഭവിച്ചു എന്നും സൂചിപ്പിയ്ക്കുന്നു. ഏകപ്രാണമരുത്ത്=ഒരേഒരു പ്രാണവായു. ഈ അധ്യവസായം, പൈക്കൾക്കു കൃഷ്ണനിലുള്ള സ്നേഹവും, കാളിയൻ അദ്ദേഹത്തെ നിഷ്പ്രയാസം വിഴുങ്ങിക്കളയും (പാമ്പുകളുടെ ആഹാരം വായുവാണെന്നു പ്രസിദ്ധം) എന്ന ഭയവും വ്യഞ്ജിയ്ക്കുന്നു.

Digitized By Kerala Sahitya Akademi

8. കുണ്ടാളുമാററിലെ വെള്ളമിടയ്ക്കിടെ
രണ്ടായ്പ്പകുത്തുകൊണ്ടപ്പ് ഫണീന്ദ്രൻ
ചീററി മുന്നോട്ട വിടുന്ന വിഷക്കൊട്ടം–
കാററിക്കിടാവിനു പൂന്തെന്നലോ!

9. തുംഗശരീരനസ്സപ്പത്താൻ ബാലനു
പൊങ്ങുതടിയായ് നീറുങ്ങുനേരം;
കാലപാശോപമം കാളിയൻതന്റെ വാ–
ലോ,ലപ്പാമ്പിന്റെ വാലെന്നപോലെ
ചേലിൽപ്പിടിച്ചു വലിച്ചാൻ കാച്ചിട
പേലവമാകിയ കൈമലരാൽ;
ദംഷ്ട്രാകരാളമാം വക്ത്രം പിളത്തി,തി–
ലിട്ടാൻ കരങ്ങളിടയക്കട്ടൻ.

10. വാൽകൊണ്ടു തല്ലിയും വട്ടത്തിൽച്ചുററിയും
വാശിയാൽ കീഴ്മേലായ് മറിഞ്ഞും
കാളിന്ദിയിട്ട കലക്കിനാൻ കാളിയൻ,
കാട്ടാന കൊച്ചുകളത്തെപ്പോലെ.

---

8. കാളിയൻ വിഷജ്വാലയോടുകൂടി ഓരോ ഊത്തൂതുമ്പോഴും, കാളിന്ദീപ്രവാഹം അഗാധമായ അടിത്തട്ടുവരെ രണ്ടു ഭാഗമായി അകന്നിരുന്നു! കൃഷ്ണനാകട്ടെ, ആ കാററിന്റെ നേക്ക്, പൂമണം തിരണ്ട ഇളംകാററിന്റെ നേക്കെന്നപോലെ, നീന്തിച്ചെന്നു!

9. കൃഷ്ണൻ നീന്തൽ നിർത്തി കുറച്ചു നേരം പുറത്തു കയറി കളിച്ചു. കാലപാശോപമം=അന്തകന്റെ കയറുപോലുള്ളത്. ഓലപ്പാമ്പ്—തെങ്ങോലകൊണ്ടു പാമ്പിന്റെ ആകൃതിയിൽ മെടഞ്ഞുണ്ടാക്കിയ കളിക്കോപ്പ്. പേലവം=മൃദുലം. കരാളം=ഭയങ്കരം.

10. എന്നിട്ടും കൃഷ്ണനിൽ ഒന്നും ചെയ്യാൻ കഴിഞ്ഞില്ല!

Digitized By Kerala Sahitya Akademi

11. പൂംപൈതൽ പിന്നെയാപ്പൂരിതക്രോധനാം
പാമ്പിൻെറ പൊങ്ങിയ പത്തിതോറും
ചെങ്കഴൽകൊണ്ടു ചവുട്ടിത്തുടങ്ങിനാൻ,
തങ്കച്ചിലങ്ക കിലുങ്ങുംവണ്ണം.
പീലിപ്പുരികഴൽ കെട്ടഴിഞ്ഞുണ്ണിതൻ
തോളിൽപ്പതിഞ്ഞതിൻ തുമ്പുകളിൽ
വെള്ളത്തിൻ തുള്ളികളൊട്ടൊട്ടു നിന്നാടീ,
വെള്ളിയലുക്കുകളെന്നപോലെ.

12. ചിന്നിപ്പരന്നിതു ഹാഹാമഹാരവം
മന്നിലും വാനിലും നാലിടത്തും;
ആവൂ, കരുന്നുകാലാരോമൽക്കുഞ്ഞിനു
നോവുകയില്ലേ! മുറിപ്പെടില്ലേ!
പാരിച്ച പാമ്പിൻെറ പത്തിപ്പരപ്പിതു
പാറയെക്കാളും കഠോരമേറെ!
ചോര തെറിയ്ക്കുന്നുവല്ലോ, കുമാരക,
പോരുമേ പോരുമേ സാഹസങ്ങൾ!

---

11. പൂരിതക്രോധൻ=ആരിശം നിറഞ്ഞവൻ. പീലിപ്പുരികഴൽ=ചുരുണ്ട മയിൽപ്പീലിയണിഞ്ഞ തലമുടി. വെള്ള........ന്നാടീ (താഴോട്ടു വീണില്ല). ആ 'ചവുട്ടൽ' ഒരു ചെറിയ കളി മാത്രം; ആയാസകരമായ യത്നമല്ല.

12. എന്നാൽ കാളിയൻെറ പാറയ്ക്കൊത്ത പടങ്ങളിൽ ആ കോമളപാദങ്ങൾകൊണ്ടുള്ള നൃത്തം കണ്ടു നോക്കിനില്ക്കുന്നവർ ഉറക്കെ നിലവിളിച്ചുതുടങ്ങി.

Digitized By Kerala Sahitya Akademi

13. കൈക്കുഞ്ഞതിൻകാൽച്ചവുട്ടേറ്റു വശംകെട്ടു
മേല്ക്കുമേൽക്കക്കിയ ശോണിതത്താൽ,
ചീർത്ത പടങ്ങളും കുനിച്ചു താൻ, കുങ്കുമം
ചാർത്തിച്ചു കാളിയൻ കാളിന്ദിയെ!

14. ആ വിഷം നീങ്ങിയ പുണ്യസരിത്തിനെ
ദ്യോവിൽനിന്നീക്ഷിച്ചു ദേവർഷിമാർ
ശുഭ്രമേഘങ്ങളിലൂടെ പൊഴിച്ചാരൊ-
രുൾപ്പൊരുളഞ്ചിന പുഞ്ചിരിയെ:—
'ധ്വസ്തഭുവനമാം ദൌഷ്ട്യമേ, നിൻതല-
യെത്രപാരത്തിലുയർത്തിയാലും,
ഇക്കർമ്മഭൂമിതൻ പിഞ്ചുകാൽ പോരുമേ
ചിക്കെന്നതൊക്കെച്ചവുട്ടിത്താഴ്ത്താൻ!'

---

13. പക്ഷേ ചോരതെറിച്ചതു, കണ്ടുനില്ക്കുന്നവർ തെറ്റിധരിച്ചതിൻപടി, കൃഷ്ണന്റെ കുരുന്നുകാലിൽനിന്നായിരുന്നില്ല. കൈക്കുഞ്ഞ്=കയ്യിലെടുത്തു വളർത്തേണ്ട പ്രായത്തിലുള്ള കുട്ടി. കാളിന്ദി ചോരവീണു, കുങ്കുമം കലക്കിയമാതിരി ആകെ ചുകന്നു. കാളിയൻ, സൽ(കൃഷ്ണ)സംഗത്താൽ തന്റെ നീചകൃത്യങ്ങളിൽ പശ്ചാത്തപിച്ച്, താൻ ഇതേവരെ ഉപദ്രവിച്ചുപോന്ന ആ കാളിന്ദിയെത്തന്നെ പ്രസാദിപ്പിക്കാനാവാം, കുങ്കുമം ചാർത്തിച്ചത്!

14. ആ വിഷം—വിഷമയനായ കാളിയൻ. ശുഭ്രമേഘങ്ങളുടെ കാന്തിയാണ്, ദേവർഷിമാരുടെ പുഞ്ചിരി. ധ്വസ്തഭുവനം=ഭുവനത്തെ (വെള്ളം; ലോകം എന്നും) ധ്വംസിച്ചത്. (കെടുത്തിയത്). കാളിയനെ ദുഷ്ടതാധിക്യത്താൽ ദൌഷ്ട്യമെന്നു വിളിക്കുന്നു. കർമ്മഭൂമി—ആത്മശക്തിയെ സർവ്വോത്തരമായി പൂജിക്കുന്ന ഭാരതക്ഷേത്രം. പിഞ്ചുകാൽ—ഭൌതികശക്തി കുറവാകയാൽ ലൌകികദൃഷ്ട്യാ താഴ്ന്ന പടിയിലിരിക്കുന്നവൻ.

2*

Digitized By Kerala Sahitya Akademi

# 4. കാററിൽപ്പറന്ന കവിത

1. അരുണൻ ചരമാദ്രിസാനുവിൽച്ചെ-
ന്നരുളുമ്പോൾ, സ്സദനാങ്കണത്തിൽ ഞാനും
ഒരു ചാരുകസാലമേലിരുന്നേൻ;
ഇരുപേരും തുടരുന്നതൊന്നുതാനോ?

2. ചടവാന്നൊരു തുവ്വലെൻെറ മുമ്പിൽ-
ക്കടലാസ്സാം വിരിയിൽക്കിടന്നിരുന്നു;
സ്സുടമെൻ കൃതി നല്കിടും മുലപ്പാ-
ലുടനെന്നശ്ശിശുവാശ പൂണ്ടിരിയ്ക്കാം!

3. അവളോ, മഹനീയമാതൃകൃത്യം
ശിവനേ, തീരെ മറന്നപോലെ തോന്നീ;

---

1. ചര.......സാനു=അസ്തമയപർവ്വതത്തിൻെറ താഴ്വര. സദനാങ്കണം=വീട്ടിൻമുററം. 'ഇരുപേ...........താനോ'—കവിതയെഴുതുവാനോ എന്ന്. സൂര്യൻ സന്ധ്യാസമയത്തു പ്രകൃതിയുടെ രാമണീയകം സവിശേഷം പ്രകാശിപ്പിയ്ക്കുന്നു; അതാണ് സൂര്യൻെറ കവിത.

2. ചടവാന്ന=ചടച്ച. അശ്ശിശു—തുവ്വൽ. കവിതാനിർമ്മാണത്തിലുള്ള ഔത്സുക്യം വ്യഞ്ജിപ്പിയ്ക്കുന്നു; മുല കുടിപ്പാൻ കാത്തുകിടക്കുന്ന ശിശുവിനെക്കാണുമ്പോൾ, അതു സാധിപ്പിയ്ക്കാൻ ആരും ഔത്സുക്യപ്പെടുമല്ലോ.

3. അവൾ—കൃതി; കാവ്യവാസന എന്നർത്ഥം. മഹനീയമാതൃകൃത്യം=ശ്രേഷ്ഠമായ അമ്മയുടെ കർത്തവ്യം, മുലകൊടുക്കൽ. ഭുവനാന്തരം=ലോകാന്തർഭാഗം. ഈ പദ്യങ്ങളിൽ, തൻെറ കാവ്യ

Digitized By Kerala Sahitya Akademi

ഭുവനാന്തരമിത്ര ശൂന്യമായോ?
കവനത്തിനൊരു വസ്തു കാണ്മതില്ല!

4. ജലജപ്രിയ, നാളുതോറുമത്യു-
ജ്ജ്വലമാം ഗോതതിയാൽ കവീശ്വരൻ നീ
അലഘുപ്രകൃതിപ്രശസ്തി കാണി-
ച്ചുലകിന്നൊത്രയുണൎച്ച നല്കിടുന്നു!

5. ചില വെൺമുകിലെൻതലയ്ക്കു മീതേ
വിലസി വാനിൽ; ഇവൻ തെളിഞ്ഞിതപ്പോൾ:
നലമാൎന്നണയുന്ന വാണിതൻ നി-
ൎമ്മലമാം പൂന്തുകിൽ ത്തൊന്നതാണിതെന്നായ്.

---

നിൎമ്മാണോദ്യമത്തിലുള്ള പരിഹാസം വ്യഞ്ജിക്കുന്നു. കാവ്യവിഷയം സ്വയം തോന്നുകയല്ല, കവിതയെഴുതാൻവേണ്ടി—വെറുതെ കിടക്കുന്ന തൂവ്വലിന്ന് ഒരു വകയുണ്ടാക്കിക്കൊടുക്കാൻ—വിഷയം തേടുകയാണുണ്ടായത്!

തൻെറ കൂട്ടുകാരനായിക്കരുതിയ സൂൎയ്യനോട് ആവലാതി പറയുന്നു: ജലജപ്രിയൻ=സൂൎയ്യൻ. ഗോതതി=കിരണങ്ങളുടെ (വാക്കുകളുടെ എന്നും) കൂട്ടം. കവീശ്വരൻ=കവി (=സൂൎയ്യൻ) ആകുന്ന ഈശ്വരൻ; കവിശ്രേഷ്ഠൻ എന്നും. അല........സ്തി=പ്രകൃതിയുടെ മഹത്തായ മഹിമ. ഉണൎച്ച=(പ്രഭാതത്തിലെ) ഉറക്കമുണരൽ; കൎമ്മോത്സാഹമെന്നും.

5. ഉത്തരാൎദ്ധത്തിൽ പറഞ്ഞ ഉല്ലേഖം തോന്നിയപ്പോൾ, കവിതയുടെ വരവുണ്ടെന്നു കണ്ട് അഭിമാനിച്ചു. നലം=സ്നേഹം.

Digitized By Kerala Sahitya Akademi

6. തിരുമെയ്ത്തളിരധ്വഖിന്നമാംമാ-
റരുളും ഭാരതിതൻ മുഖത്തുനിന്നോ,
ഒരു തൈക്കളിർകാററിറങ്ങി നീളൊ-
പ്പെരുതാം കൈരവസൌരഭം പരത്തി.

7. കവനേശപരിതൻെറ സന്നിധാനോ-
ത്സവമേ, സ്വാഗതം;-മത്ര ഞാൻ കൃതാർത്ഥൻ:
നവവാസന മന്ദശീലനാമി-
പ്പവനനും ഹഹ, നീ വരുത്തിയല്ലോ!

8. അരികേ തലയാട്ടി വല്ലിവൃന്ദം—
ശരി: രാമായണാമൃതമവിച്ച നാട്ടിൽ,
വിരിദർഭ കളഞ്ഞു തൽപ്പദത്തിൽ-
പ്പരിശോഭയ്ക്കു കസാല വെച്ചതെന്നോ;

---

6. സന്ധ്യാസമയത്ത്, അപ്പോൾ വിടൎന്ന കൈരവങ്ങളുടെ (ആമ്പൽപ്പൂക്കളുടെ) സൌരഭ്യത്തോടെ വീശിയ കാററ, വന്നരുളുന്ന ഭാരതി(വാഗ്ദേവി)യുടെ, തൻെറ കോമളശരീരം അധ്വഖിന്നമാകയാൽ (വഴിനടന്നു ക്ഷീണിക്കയാൽ) ഉണ്ടായ നിശ്വാസമോ എന്നുൽപ്രേക്ഷ.

7. സന്നിധാനോത്സവം=സാന്നിധ്യ(സാമീപ്യ)മാകുന്ന ഉത്സവം. നവവാസന=പുതുമണം; പുതിയ കവിതാവാസന എന്നും. മന്ദശീലൻ=മെല്ലെ വീശുന്നത്; ബുദ്ധിഹീനൻ എന്നും.

8. 9. 'പിന്നെ എനിക്കു കവിതയുണ്ടാവാതിരിക്കുമോ?' എന്നവസാനിച്ച ചിന്തയെ, ആ കാററ തട്ടി തലയിളകിയ അരികത്തുള്ള ചെടികൾ നിഷേധിച്ചു എന്ന്. കിഴക്കോട്ടു തലയാക്കിയിട്ട വിരിദർഭയിലിരുന്നിട്ടാണ് വാല്മീകി രാമായണകഥ

Digitized By Kerala Sahitya Akademi

9. പരമനന്ദ മുതല്ലൂ, വന്ദ്യമാം തൻ–
വരവൊട്ടൊട്ട ചുരുക്കവാൻ തുടങ്ങീ,
പരമാത്ഥപവിത്രവേദവിദ്യാ–
പരനാമാദ്യപുമാന്റെ ധമ്മപത്നി!

10. കവിയാം കതിരോന്റെ ചെമ്മഷിച്ചെ–
പ്പവിടെത്തട്ടിമറിഞ്ഞു വീണുപോയോ?
ഛവി മാറിയിതാ, പുകന്നിതങ്ങി–
ങ്ങവിടത്തെത്തിരുമുമ്പിലഭ്രപത്രം!

11. നിലവിട്ട കവിക്രിയാശയാലെൻ
തലയൊട്ടുക്ക പുകഞ്ഞുകൊണ്ടിരുന്നു;

---

ആലോചിച്ചതും, രാമായണം നിമ്മിച്ചതുമെന്നു വാല്മീകിരാമായണത്തിൽ പറയുന്നു. തൽപ്പദത്തിൽ=വിരിദേവിയുടെ സ്ഥാനത്ത്. പരിശോഭ=പുറംപരിഷ്കാരം. പരമാ..............പരൻ=സത്യവും പുണ്യവുമായ വേദവിദ്യയിൽ ശ്രദ്ധിച്ച ആദ്യപുമാൻ—ബ്രഹ്മാവ്. പുറംമോടിയിലുള്ള ശ്രദ്ധയാൽ, കാവ്യഹേതുവായ അന്തഃകരണസമാധിയെ നശിപ്പിച്ചുകളഞ്ഞു!

10. ഛവി=നിറം. അഭ്രപത്രം=മേഘമാകുന്ന കടലാസ്സ്. അന്തിച്ചുകപ്പുകൊണ്ടു മേഘങ്ങളാം ഇരുണ്ടു. ഈ ഉൽപ്രേക്ഷ ഭാവിയായ ഒരനിഷ്ടത്തെ സൂചിപ്പിയ്ക്കുന്നു.

11. കവിക്രിയാശ=കവിതയെഴുതുവാനുള്ള ആഗ്രഹം. കവിതയെപ്പററി ആലോചിച്ചാലോചിച്ചു തലച്ചോറു വ്യാകുലമായി; എന്നിട്ടും അതിൽ കരുതിയ കാവ്യവിഷയം മധുരമായിച്ചമഞ്ഞില്ല! ഇവിടെയും കവി തന്റെ കാവ്യനിമ്മാണത്തെ വാഴക്കുല പഴ

Digitized By Kerala Sahitya Akademi

ഫലമെന്തു,തിനുള്ളിൽ വെച്ച വാഴ-
ക്കുലയാഹന്ത, പഴത്തതില്ല തെല്ലും!

12. ഇടർ തേടുമിവങ്കൽനിന്നിരുട്ടിൻ-
പടലം പൊറവു വെളിയ്ക്കു വീണു ചിന്നി,
സ്ഫുടവെണ്മ വഹിച്ചിരുന്നതാമെൻ-
കടലാസ്സിന്നു കറുപ്പിയററി മററും.

13. മുറപോലൊരുമട്ടിലെൻതുടക്കം
നിറവേററിക്കടലാസ്സു ഞാൻ മടക്കി:
പുറമാകെ വെളുപ്പു,കത്തു കാറിൻ-
കറ; കൊള്ളാമിതിനില്ല തോൽവി പാരിൽ!

---

പ്പിയ്ക്കലിനോടു സാദൃശ്യപ്പെടുത്തി, അതിലുള്ള പരിഹാസ്യതയെ വ്യഞ്ജിപ്പിയ്ക്കുന്നു.

12. അങ്ങിനെ ഒടുവിൽ ഒരു കവിതയുണ്ടാക്കി. ഇരുട്ടിൻ പടലം—കറെ അജ്ഞാനം. കടലാസ്സിൽ കറുത്ത മഷികൊണ്ടെഴുതിയ കാവ്യാക്ഷരങ്ങരം, തന്റെ ഇരുണ്ട അജ്ഞാനം വെളിയിൽ വീണു ചിന്നിച്ചിതറിയതാണെന്നു കല്പന. വെളുത്ത കടലാസ്സു കറുപ്പിയ്ക്കൽമാത്രമായി, തന്റെ കാവ്യോദ്യമത്തിന്റെ പരമഫലം:

13. കാറിൻകറ=കാറിന്റെ കറപോലുള്ള കറുപ്പ്. കറുത്ത മഷികൊണ്ട് ഒരു പുറത്തെഴുതിയ കടലാസ്സു മടക്കിയപ്പോരം 'പുറമാകെ........കറ' എന്ന സ്ഥിതിയായി. 'ഇതിനില്ല തോൽവി പാരിൽ'—പുറത്തു നന്മയും അകത്തു തിന്മയുമായിക്കഴിയുന്നവക്കു ലോകത്തിൽ വിജയമേ ഉള്ളു!

Digitized By Kerala Sahitya Akademi

14. ഇരുകാൽത്തളിർവെപ്പിലും ധരിത്രി–
ത്തിരുമാറിൽപ്പുളകോൽഗമം പുലത്തി,
ഒരു പാൽച്ചിരിയും ചിരിച്ചുകൊണ്ടെ–
ന്നരുമക്കുഞ്ഞരികത്തണഞ്ഞിതപ്പോൾ.

15. അവനൊട്ടകലത്തുനിന്നു കണ്ണോ–
ത്സവമായ്ക്കൊഞ്ചിയിരുന്ന കൊഞ്ചലത്രേ,
കവനപ്രണയക്കിനാവിൽനിന്നീ–
യിവനെപ്പൂങ്കിളിയൊച്ചപോലുണർത്തി.

16. ധ്രുവമിന്നാടിയന്റെ വാണിമാതേ,
ഭവദാരാധന പാഴിലായതില്ല:
ശ്രവണത്തെയനുഗ്രഹിച്ചുവല്ലോ,
തവ പൊൻവല്ലകി ബാലജല്പിതത്താൽ!

17. അവിളംബിതമാഞ്ഞെടുത്തു വക്ഷോ–
ഭുവി ചേർപ്പാനഥ ഞാൻ തുനിഞ്ഞു; പക്ഷേ,

---

14. അരുമക്കുഞ്ഞിന്റെ ഇരുകാൽത്തളിർവെപ്പു ഭൂമിദേവിക്കു പുളകമുളവാകുമാറ് ആനന്ദകരമാണെന്നു കല്പനം.

15. കവന........നാവ്—കവിതയുണ്ടാക്കുവാനായി പല അസംബന്ധസംഗതികളും വിചാരിച്ചുകൊണ്ടിരിക്കുൽ. കിനാവിൽ മയങ്ങിക്കിടക്കുന്ന ഒരാളെ പൂങ്കിളിയൊച്ചയോടുകൂടിയ പ്രഭാതം വന്നുണർത്തുന്നതുപോലെ എന്നു താൽപര്യം.

16. ഭവദാരാധന=അവിടുത്തെപ്പൂജിച്ചത്. (കവിതയെഴുതിയത്). കുട്ടിയുടെ കൊഞ്ചൽ, കവിതാദേവിയുടെ പൊൻവല്ലകി(വീണ)യുടെ ശബ്ദമാണെന്നു കല്പനം.

Digitized By Kerala Sahitya Akademi

കവിതക്കടലാസ്സിലാണു പൂവൽ-
പ്പവിഴക്കൈകൾ പതിച്ചതെന്റെ കുട്ടൻ.

18. അതു വാരിയെടുത്തു പൈതൽ വായി-
ച്ചിതു, തോന്നുംപടി തന്റെ ഭാഷയിൽത്താൻ:
മൃദുകയ്യെഴുമക്കൃതിക്കുമപ്പോൾ
പുതുതേൻതുള്ളികൾ ചേർന്നു മേലിണങ്ങി!

19. ഒരു താമസവും വരുത്തിയില്ലാ
വിരുതൻ; വായന തീർന്നതോടുകൂടി—
അരുതെന്നു ഞാൻ വിലക്കിയാലെ-
ന്തി,രുനൂറായി നുറുങ്ങി മൽപ്രയത്നം!

20. ജനകന്റെ കവിതാഗോഷ്ഠി നാനാ-
ജനമീക്ഷിപ്പതവന്നു സഹ്യമാമോ?
തനതാം കടലാസ്സുകീറൽകൊണ്ടി-
ക്കനകക്കൈമലർ നൊന്തതില്ലയല്ലീ!

---

17. അവിളംബിതം=വൈകാതെ. പതിച്ചത്=വെച്ചത്. കുട്ടി കൈവെച്ചപ്പോൾ കടലാസ്സിന്നു പവിഴം പതിച്ച ശോഭയുണ്ടായി എന്നു വ്യംഗ്യം.

18. പുതു..........ണങ്ങി—വായിക്കുമ്പോൾ കിടാവിന്റെ വായിൽനിന്നു തെറിച്ച ലാലാകണങ്ങൾ കടലാസ്സിൽ തേൻതുള്ളികളെപ്പോലെ കാണപ്പെട്ടു എന്നുകൂടി സൂചിക്കുന്നു.

19. ഇരു......യത്നം—കവിതക്കടലാസ്സു ചെറുകഷണങ്ങളായി ചീന്തിയിടപ്പെട്ടു.

Digitized By Kerala Sahitya Akademi

21. അതിനിഗ്ഗൂഢമെൻപ്രബന്ധ;-മെന്നാ-
ലതിനെച്ചീന്തി നിലത്തു ചിന്നിടുമ്പോൾ,
കൃതിയായിടുമക്ഷരന്നൊക്കെമേൽ
പ്രതിപത്ത്യാ കളിയാടി കാവ്യലക്ഷ്മി!

22. സുതനിപ്പണി തീർത്തു, മാമകാങ്കേ,
കൃതകൃത്യൻ നിലയ്ക്കു കേറിവാണാൻ!
ബത, ശൈശവമേ, തവ സ്മിതം താ-
നിതൾ ചേർക്കുന്നിതു പൂത്തിടാച്ചെടിയ്ക്കും!

23. അമരപുരിയിലേക്കിടാങ്ങളും ഹാ,
മമ മകനൊക്കളികൊണ്ടു പിന്തുടർന്നാർ:
സമമുപരിപഥത്തിലങ്ങു കാണായ്
വിമലമുകിൽക്കടലാസ്സുതുണ്ടനേകം.

---

21. കൃതി=കൃതാർത്ഥം (നന്മയുള്ളത്); കവി എന്നും. പ്രതിപത്ത്യാ=അഭിനിവേശത്തോടെ. കുട്ടികളുടെ അവ്യാജമധുരമായ കളികളിലെ കമനീയതയത്രേ, കടലാസ്സു ചീന്തുന്നതിലുണ്ടായ കവിത.

22. ചീന്തിച്ചിന്നിയ കടലാസ്സിൻനുറുങ്ങുകൾ പാറി, സദനാങ്കണത്തിലുള്ള വിദേശച്ചെടികളിൽ ചെന്നുപാറി പൂവിതളുകളെപ്പോലെ കാണപ്പെട്ടതിനെ സൂചിപ്പിക്കുന്നതാണ് ഉത്തരാർദ്ധം. സ്മിതം—അകളങ്കമധുരമായ ആഹ്ലാദസ്വഭാവം.

23. സമം—കുട്ടി കടലാസ്സു കീറിയതിനോടൊപ്പം. ഉപരിപഥം=മേൽഭാഗം (ആകാശം).

Digitized By Kerala Sahitya Akademi

24. തൂലംപോലത്ര സാരോജ്ഝിതമിവനെഴുതി-
ക്കൊണ്ടതാസ്മാകഭാഗ്യ-
ത്താലന്നന്തിക്കളിർക്കാററടിയിലവശമാം-
മാറു പാറിപ്പറന്നു;
ബാലൻതൻ പേലവക്കൈവിരലുകളിൽ വെളി-
പ്പെട്ട സൽക്കാവ്യമോ, തൽ-
ക്കാലംതാൻ കമ്രതാരാകനകലിപികളിൽ-
ദ്ദിവ്യരാരോ പകർത്തി!

---

24. തൂലം=പഞ്ഞി. സാരോജ്ഝിതം=സാരമില്ലാത്തത്. ആസ്മാകം=നമ്മുടേത് (കവിയുടെയും, വായനക്കാരുടെയും). കമ്ര..................കം=മനോഹരങ്ങളായ നക്ഷത്രങ്ങളാകുന്ന സ്വർണ്ണാക്ഷരങ്ങൾ. ഇസ്സമയത്തു വെളിപ്പെട്ടുതുടങ്ങിയ നക്ഷത്രങ്ങൾ, പൈതലിന്റെ കൈകളിൽ കാണായ കാവ്യലക്ഷ്മിയെ ദിവ്യരാരോ പകർത്തിയതിലെ അക്ഷരങ്ങളാണെന്നു കല്പനം. താൻ നന്നെ ക്ലേശിച്ചാലോചിച്ചുണ്ടാക്കിയ കവിതയല്ല, കട്ടി എളുപ്പത്തിൽ ചെയ്തുതീർത്ത പണിയിലെ കവിതതന്നെയാണ് കവിത എന്നു സ്പഷ്ടമായി!

---

Digitized By Kerala Sahitya Akademi

# 5. ഒരു കൃഷ്ണപ്പരുന്തിനോട്

(കേക)

1. സുരസിദ്ധാദിമഹാ-
സുകൃതിസരണിയിൽ-
ച്ചരണംചെയ്യും പക്ഷി-
ശ്രേഷ്ഠനാം ഭവാനിപ്പോൾ
സ്വച്ഛമാം സ്വസ്ഥാനം വി-
ട്ടെന്തിനു കീഴ്പ്പോട്ടുപോ-
ന്നിച്ചളിപ്പാടത്തിന്റെ
വരമ്പത്തിരിപ്പായി?
ആപങ്കിലാംഭസ്സാമി-
പ്പാടത്തോ പതിയേണ്ടൂ
നീ പരത്തിയ ചെന്താർ-
പ്പട്ടൊളിച്ചിറകുകൾ?

2. ഇങ്ങു ചേർന്നിരിയ്ക്കുമീ-
ക്കൊററികളുടെ വണ്ണ-

---

1. സുരസി....ണി=സുരന്മാർ സിദ്ധന്മാർ തുടങ്ങിയ മഹാത്മാക്കൾ നടക്കുന്ന വഴി (ആകാശം). ചരണംചെയ്യും=നടക്കുന്ന. സ്വച്ഛം=ചളിയില്ലാത്തതു്. ആപങ്കിലാംഭസ്സ്=ചളിവെള്ളത്തോടുകൂടിയതു്. പതിയേണ്ടൂ—പ്രതിബിംബരൂപേണ എന്നു താൽപര്യം.

Digitized By Kerala Sahitya Akademi

ഭംഗിയിൽ ഭ്രമിച്ചിതോ
ഭവ്യദർശനൻ ഭോൻ?
പുറമേ കാണും വെണ്മ-
യുള്ളിലില്ലിവൾക്കെതി-
ച്ചെറുപാടത്തെച്ചേറി-
നൊപ്പമേ കറുത്തതാം.
പാൽക്കട്ടിയ്ക്കകത്തിവർ
കാകോളമടക്കുന്നു-
തേയ്ക്കുന്നു, തമസ്സിന്മേൽ
സാത്വികച്ഛായമിവർ!

3. ഇച്ചളിവെള്ളംതന്നിൽ-
ക്കിടന്നു വലയുന്ന
കൊച്ചുമീൻ തവള
മുമ്പാകിയ ജന്തുക്കളെ
പാലനം ചെയ്യാനല്ലി-
ക്കൂട്ടർതൻ സമ്മേളനം;
ലീലയോടൊക്കെക്കൊത്തി
വിഴുങ്ങുന്നതിനത്രേ.

---

2. ഭവ്യദർശനൻ=ഭവ്യമായ (നന്മയുള്ള) ദർശനത്തോടുകൂടിയവൻ; കാണാൻ നല്ലവൻ എന്നർത്ഥം. അത്—ഉള്ള്. കാകോളം=വിഷം. സാത്വികച്ഛായം—സത്വഗുണംകൊണ്ടുള്ള ചായം. സത്വഗുണം വെളുത്തിട്ടാണത്രെ. ഇവരിൽക്കാണുന്ന ഈ ശാന്തിയും മറവും പുറമ്പൂച്ചാണ്; ഹൃദയം മലിനമാണ്.

Digitized By Kerala Sahitya Akademi

കണ്ട ജീവികളുടെ
ജീവശോണിതംകൊണ്ട
കണ്ഠത്തിൻവരമാച്ചയി-
സ്സൌമ്യർക്കു നിലയുള്ളു!

4. അങ്ങയെക്കണ്ടിട്ടിവ-
രാരിതെന്നൊരു ഭാവാൽ
തങ്ങളിൽ നോക്കിടുന്നു
നീണ്ടുള്ള കഴുത്തുമായ്.
കാവിവസ്ത്രത്താൽസ്സമാ-
ച്ഛാദിതശരീരനായ്-
ക്കേവലം ഭസ്മാലിപ്ത-
ഗ്രീവനാകിയ ഭവാൻ
ജീവദ്രോഹികളാക-
മിവർതൻ ദൃഷ്ടിയ്ക്കേതോ
പാവമാമൊരു പിച്ച-
ക്കാരനായ്ത്തീന്നിട്ടുണ്ടാം:

---

3. ശോണിതം=രക്തം. സൌമ്യർ=ശാന്തന്മാർ; സൌമ്യ നാട്യക്കാർ എന്നു താൽപര്യം.

4. ഭാവാൽ—നാട്യത്തിൽ. സമാ..........രൻ=ശരീരം മറച്ചവൻ. ഭസ്മാ..........ഗ്രീവൻ=കഴുത്തിൽ ഭസ്മം പൂശിയവൻ. മേലാകെ ചുകന്നും കഴുത്തു വെളുത്തും ഇരിയ്ക്കുന്ന കൃഷ്ണപ്പരുന്തിനെ, കാവിവസ്ത്രമുടുത്തും കഴുത്തിൽ ഭസ്മം പൂശിയുമുള്ള ഒരു സന്ന്യാസിയായി കല്പിയ്ക്കുന്നു. ലോലചാമര=ചാമരം വീശിയ്ക്കുന്നവരം. ഔ

Digitized By Kerala Sahitya Akademi

ലോലചാമരയായ
രാജലക്ഷ്മിയാം പർണ്ണ-
ശാലതൻ മുററമടി-
ച്ചുന്ന നാടിതല്ലല്ലോ!

5. അങ്ങയെയിവർ മാനി-
ച്ചാച്ചുതേ തവ മാനം:
സംഗമോചിതമല്ല
സാധുശീലർക്കിസ്സംഘം.
പോഷിച്ച തനിപ്പൊന്നിൻ-
പത്രങ്ങൾ വീശിസ്സാമം
ഘോഷിച്ചും ദ്വിജേന്ദ്രൻെറ
വംശജനത്രേ ഭവാൻ.
ഹാ, വലംവെച്ചു പറ-
ക്കുന്നു നിൻ പതത്രങ്ങൾ

---

തികൈശ്വര്യം ആധ്യാത്മികവിദ്യയും പരിചര്യചെയ്യുന്നത് ഇന്ത്യയിൽമാത്രം!

5. സംഗമോചിതം=സംസർഗ്ഗത്തിന്നു കൊള്ളാവുന്നത്. സാധുശീലർ=മഹാന്മാർ. പോഷിച്ച=തട്ടിച്ച. പത്രങ്ങൾ=ചിറകുകൾ. ഗരുഡൻ സ്വർണ്ണവർണ്ണനാണ്. സാമം=സാമവേദം. ഈ വേദം വിശേഷിച്ചും പാട്ടുവാൻ കൊള്ളുന്നതാണ്. ദ്വിജേന്ദ്രൻ= പക്ഷിശ്രേഷ്ഠൻ (ഗരുഡൻ); ബ്രാഹ്മണശ്രേഷ്ഠൻ എന്നും. വംശജൻ=വംശത്തിൽ ജനിച്ചവൻ. വേദാത്മകനായ ഗരുഡൻെറ മധുരമായ ചിറകടിശ്ശബ്ദം സാമവേദഗാനമാണെന്നു പുരാണപ്രസിദ്ധം. വേദം ചൊല്ലുന്ന ബ്രാഹ്മണനെന്നും അർത്ഥം. പത്രങ്ങൾ= ചിറകുകൾ. ഭാവുകം=മംഗളം. യാത്രോദ്യുക്തർ=യാത്രയ്ക്കൊരു

Digitized By Kerala Sahitya Akademi

ഭാവുകം വിതയ്ക്കുന്നു
യാത്രോദ്യുക്തരിലത്രേ.

6. നിന്തിരുവടിയ്ക്കിതാ,
വന്ദനം! ധർമ്മാധർമ്മ-
ചിന്തനയ്ക്കാത്മംഭരി-
ക്കൂട്ടരിലിടമുണ്ടോ?
ഉലകിൽസ്സമസ്പൃഷ്ട-
ദ്രോഹകൌശലം കാട്ടി-
ത്തലകൾ പൊക്കിപ്പിടി-
യ്ക്കുട്ടെയിഗ്ഗർവ്വിഷ്ഠന്മാർ!
കൈവിട്ടകടൻ കൃഷ്ണ-
പ്പരുന്തേ, ശുഭ്രാത്മാക്കൾ
മേവുമീദ്ദീനാക്രാന്ത-
ത്തുന്ദിലം കൊലനിലം;

ഞ്ഞിയവർ. വലംവെച്ചു പറക്കുന്ന കൃഷ്ണപ്പരുന്തു ശുഭശകുനമാണ ല്ലോ; അതിൻെറ ചിറകുവീശൽ, യാത്രപുറപ്പെട്ടവരിൽ മംഗള ത്തെ വിതയ്ക്കലാണെന്നു കല്പനം.

6. ആത്മംഭരികൾ—തന്നെപ്പോററികൾ. ശുഭ്രാത്മാക്കൾ—സത്സ്വഭാവക്കാർ; വെളുത്തവർ എന്നും. കൌശലം=സാമർത്ഥ്യം. 'തലകൾ......—.....................ഷ്ഠന്മാർ'—കൊററികളുടെ ആ തല പൊക്കിനില്പ് ഗർവ്വദ്യോതകമാണെന്നഭിപ്രായം. ദീനാക്രന്ദതുന്ദിലം=ദുഃഖിതന്മാരുടെ നിലവിളികൊണ്ടു നിറഞ്ഞതു്. സ്വതന്ത്രസഞ്ചാരം=സ്വാതന്ത്ര്യത്തോടെ സഞ്ചരിയ്ക്കാവുന്നതു്. നഭോഭാഗം=ആകാശപ്രദേശം. കൃഷ്ണപ്പരുന്തു ചളിപ്പാടത്തിരിയ്ക്കുന്നതിനേ

Digitized By Kerala Sahitya Akademi

ഏത്രയും പ്രശാന്തമായ്
സ്വതന്ത്രസഞ്ചാരമായ്
വിസ്തീർണ്ണമാകും നഭോ-
ഭാഗമേ തവ യോഗ്യം.

7. വാണിതൻ വെണ്മൈത്തണ്ടാ-
ലങ്കിതകണ്ഠൻ ഭവാൻ
വാ തുറക്കാതെതന്നെ
മേല്പോട്ടു പറന്നുപോയ്,
തൂവെള്ളിപ്പണിയുള്ളൊ-
രാതാമ്രവിശറിയായ്-
ദ്യോവിനെശ്ശോഭിപ്പിയ്ക്കു
വിസ്തൃതപക്ഷങ്ങളാൽ.

---

ക്കാം, ആകാശത്ത് ഉയരത്തിൽ ചിറകു വിരുത്തി ചുററിപ്പറക്കുന്നതാണല്ലോ നേത്രോത്സവമാകുന്നത്.

7. വാണി=സരസ്വതി. അങ്കിതകണ്ഠൻ=കഴുത്തിൽ അടയാളമിടപ്പെട്ടവൻ; മധുരശബ്ദമായ പാട്ടിൻെറ കഴുത്തിൽ സരസ്വതി തലോടിയിരിയ്ക്കാം, അസ്സമയത്തു് അവളുടെ വെളുത്ത കൈ (സരസ്വതിയുടെ നിറം വെളുപ്പാണ്) തട്ടിയിട്ടാവണം അതിൻെറ കഴുത്തു വെളുത്തത് എന്നഭിപ്രായം. ആതാമ്രം=ചുകന്നത്. ദ്യോവ്=ആകാശം. വിസ്തൃതപക്ഷങ്ങൾ=വിരുത്തിയ ചിറകുകൾ. വിദേശത്തുചെന്നു, അവിടത്തുകാരാൽ വേണ്ടുവോളം മാനിയ്ക്കപ്പെടാതെ, മതോപന്യാസങ്ങൾചെയ്തു സഞ്ചരിച്ചിരുന്ന ഒരു സന്യാസിശ്രേഷ്ഠനെ ഉപദേശിയ്ക്കുന്നതാണ് ഈ കൃതി.

---

Digitized By Kerala Sahitya Akademi

# 6. കിളിക്കൊഞ്ചൽ

(മഞ്ജരി)

1. വായനക്കാർക്കിഷ്ടമാണെങ്കിൽസ്സങ്കല്പ-
വായുവിമാനത്തിലേറിയാലും;
പ്രീതരായ്സ്സഞ്ചാരംചെയ്യാം നമുക്കെല്ലാം
ഭൂതകാലാകാശവീഥിയിങ്കൽ.

2. ത്രേതായുഗത്തിലെ ശ്രീമിഥിലാപുരം
ഭ്രാതാക്കന്മാരിതാ, മുന്നിൽക്കാണ്മൂ;
സാമ്രാജ്യച്ചെങ്കോലുംകൊണ്ടേ ഉഴന്നുപോയ്-
സ്സംസാരം പിന്നിട്ട മന്നനത്രെ,
അന്നിതു പാലിച്ചുപോന്നു: ജനകനാ-
ലിന്നിലം ലക്ഷ്മിതൻ ജന്മഭൂവായ്.

---

1. ഭൂത.......ഥി=കഴിഞ്ഞ കാലമാകുന്ന ആകാശമാർഗ്ഗം.

2. ഭ്രാതാക്കന്മാർ—വായനക്കാർ. സംസാരത്തിനു സമുദ്രത്തോടു സാദൃശ്യം. ജനകൻ ഒരു ചക്രവർത്തിയും, അതേസമയത്തുതന്നെ ഒരു യോഗിവര്യനുമായിരുന്നു. 'ഇന്നിലം.......വായ്'=ഈ ഭൂമി സമ്പത്സമൃദ്ധയായി; ഈ ഭൂമിയിൽനിന്നു (ജനകൻ യജ്ഞത്തിനുവേണ്ടി ഉഴുത നിലത്തുനിന്നു) ശ്രീദേവി സീതയായവതരിച്ചു എന്നും.



Digitized By Kerala Sahitya Akademi

3. സീരാങ്കിതങ്ങളാം നീരാളച്ചേലകൊടി-
ക്കൂറുകൾ പാറുന്ന മേടകളും,
അന്തരാ ശ്രീയാജ്ഞവല്ക്യൻെറ ശിഷ്യന്മാർ
ഗ്രന്ഥമെഴുതുന്ന ശാലകളും,
മുപ്പുരവൈരിതൻ പള്ളിപ്പടവില്ലു
വെപ്പിച്ച വിസ്തീർണ്ണമണ്ഡപവും
മററും നമുക്കിഹ പിന്നെ നോക്കാം:—മിതാ,
ചുററും മതിൽ ചുഴന്നോരുദ്യാനം
പ്രേമസുരഭിയായ്പ്പേർത്തും വിളിക്കുന്നു
കോമളപ്പൂങ്കിളിക്കൊഞ്ചലിനാൽ!

4. ഓരോ മലരിലുമോരോ തളിരിലു-
മോടിക്കഴങ്ങേണ്ടാ നേത്രമേ, നീ:
ഉദ്യാനദേവത താൻതന്നെയല്ലയോ,
ഹൃദ്യമാമീ മണിത്തിണ്ണയിന്മേൽ,

3. സീരാങ്കിതങ്ങൾ=കരി(കലപ്പ)യുടെ അടയാളമുള്ളവ. ജനകൻ സീരധ്വജനാണ്. നീരാളം=പൊൻകമ്പികൊണ്ടു നെയ്ത വസ്ത്രം. അന്തരാ=(മേടകളുടെ) ഇടയ്ക്ക്. യാജ്ഞവല്ക്യൻ—ജനകൻെറ പ്രധാനഗുരു. ഭൌതികൈശ്വര്യസമൃദ്ധിയുടെ മധ്യത്തിൽ തന്നെ പരമവിദ്യയിലുള്ള താൽപര്യത്തെ വെളിപ്പെടുത്തുന്നതാണ് മിഥിലാപുരി. പരമേശ്വരൻെറ വില്ലിരിപ്പുള്ളതോ, അതിന്നു ലഭിച്ച സവിശേഷാനുഗ്രഹമത്രേ. 'പ്രേമസു........ലിനാൽ'—ഉദ്യാനത്തിൽനിന്നുവരുന്ന സൌരഭ്യവും, കേൾക്കുന്ന കിളിക്കൊഞ്ചലും, അവ നമ്മെ അങ്ങോട്ടാകർഷിക്കുന്നതിനാൽ, അതിൻെറ പ്രേമവും വിളിയുമായി കല്പിക്കപ്പെടുന്നു.

4. ഓരോന്നിൻേറയും അധിഷ്ഠാനദേവതയ്ക്ക് അതാതിൻെറ ഗുണവിശേഷമെല്ലാമുണ്ടാവുന്നതിനാൽ, ഓരോ പൂവും തളിരും

Digitized By Kerala Sahitya Akademi

അഞ്ചു വയസ്സായ പെൺകിടാവായ്ച്ചമ-
ഞ്ഞഞ്ചിതകേളികളാടി വാഴ്വൂ!
ചമ്പകപ്പൂവാണി,പ്പെൺപൈതൽ തന്നുടൽ;
ചെമ്പനിനീപ്പൂവി,ക്കൊച്ചുമുഖം;
കായാമ്പൂകൊണ്ടത്രേ കല്പിതമായ് ത്തുലോ-
മായാമരമ്യമാമക്ഷിയുഗ്മം;
തോളം കവിഞ്ഞഗ്രം ചുരുണ്ടു കിടക്കുന്ന
വാർകുഴലായതോ വണ്ടിണതാൻ;
വല്ലികാശാഖകളാകുന്നു കയ്യുകൾ;
പല്ലവം തന്നെയിപ്പാണി രണ്ടും.

5. ഉണ്ടാക്കിവെച്ച വിചിത്രജന്തുക്കളെ-
യുണ്മാനിരുത്തിഗ്ഗൃഹേശ്വരിയായ്,
പഞ്ചാര കല്ക്കണ്ടം പാൽ പഴം തേനിവ
പിഞ്ചുകൈക്കൊണ്ടു വിളമ്പുകയും;
കുട്ടിക്കനകക്കുടത്താൽപ്പളുങ്കുകൽ-
ത്തൊട്ടിയിൽനിന്നു തണ്ണീരു മുക്കി,

---

കാണുന്നതിനുപകരം അവയുടെ ഈ ദേവതയെക്കണ്ടാൽ മതിയല്ലോ എന്നഭിപ്രായം. ഈ പെൺകിടാവിൽ ആ മലരുകളും തളിരുകളുമെല്ലാം ഉണ്ടെന്നുപപാദിക്കുന്നു: 'ചമ്പക.......രണ്ടും'. ആയാമരമ്യം=നീണ്ടു ഭംഗിയുള്ളത്. വല്ലികാശാഖ=വള്ളിയുടെ ചില്ല. പാണി=കൈപ്പടം.

5. ശ്രീതാ.......തിമ=വിഷ്ണു ഗരുഡന്റെ പുറത്തിരിക്കുന്ന ആകൃതിയിലുണ്ടാക്കിയ മരപ്പാവ. യാജ്ഞവല്ക്യന്റെ ഗാർഗ്ഗി, മൈത്രേയി എന്ന രണ്ടു ഭാര്യമാരിൽ, രണ്ടാമത്തവൾക്കു തത്വജ്ഞാനം

Digitized By Kerala Sahitya Akademi

ചോലിൽശ്ശിരസ്സാട്ടും നാനാചെടികളെ-
ച്ചേട്ടിയായ്നിന്നു നനയ്ക്കുകയും;
വാരിവലിച്ചിട്ടത്തൊരു നൽപ്പട്ടഴി-
ച്ചാരാൽ നിലത്തു വിരിച്ചതിങ്കൽ
പാവക്കിടാവെക്കിടത്തി,ക്കിലുങ്ങിന
ത്തുവളച്ചാർത്തൊടതിൻതുടമേൽ
അമ്മലർക്കയ്യിനാൽത്താളംപിടിച്ചുകൊ-
ണ്ടമ്മയായ്പ്പാടിയുറക്കുകയും;
ശ്രീതാർക്ഷ്യവാഹനദാരുപ്രതിമയെ-
പ്പൂത്തുളികിപ്പൂജിച്ചു,തിന്നുമുന്നിൽ
ദീർഘമാം മയ്യണ്ണു മിമ്മിസ്സമാധിയിൽ-
ശ്ശാഗ്ഗിയാം ഭേവിയായ് മേവുകയും—
ഭൂലോകരംഗത്തെയ്ക്കീവക നാട്യങ്ങൾ
ശീലിയ്ക്കുമച്ചെറുനർത്തകിയെ
നിർന്നിമേഷാക്ഷിയാൽസ്സാദരം വീക്ഷിച്ചു
നിന്നിതു ദാസിമാർ നാലുപാടും.

---

വന്നിരിയ്ക്കുന്നു; ഒന്നാമത്തേവള്ളോ, അന്നു ഗൃഹകർമ്മവ്യാപൃതയും ഭക്തിയോഗത്തിൽ വിഗ്രഹാരാധന മുതലായതു ചെയ്തു ശീലിയ്ക്കുന്നവളുമാണ്. അതാണ് ഈ ചെറുനർത്തകി അനുകരിച്ചത്.

ഇച്ചൊന്ന ക്രീഡാക്രമത്തിൽനിന്നു, സീതയുടെ ഭാവിചരിത്രത്തിൽ, അയോധ്യയിലുണ്ടായ ഗൃഹിണീപദം, വനവാസം, പരിത്യാഗത്തിനുശേഷം വാല്മീക്യാശ്രമത്തിൽ പുത്രന്മാരെ വളർത്തിക്കൊണ്ടുണ്ടായ ജീവിതം, ഒടുവിൽ രാജസഭയിൽ രാമന്റെ മുമ്പിൽവെച്ചുണ്ടായ അന്തിമസമാധി എന്നീ ഘട്ടങ്ങൾ സൂചിപ്പിയ്ക്കപ്പെടുന്നു. അതുകൊണ്ടാണ്, 'ഭൂലോക........ശീലിയ്ക്കും' എന്നു പറഞ്ഞത്.

Digitized By Kerala Sahitya Akademi

6. ചൊല്ക്കൊണ്ട ശില്പികൾ കാഴ്ചയായർപ്പിച്ച
കല്ക്കൊമ്പനാനതൻ മസ്തകത്തിൽ
കുങ്കുമരേഖ കുറിച്ചാൾ, കുറച്ചിട
ചെങ്കുളിർക്കൈകൊണ്ടു കൊച്ചുറാണി;
'കാണട്ടെ നിന്നുടെ പന്തടിയൊന്നെ'ന്നു
വേണാസ്വരത്തിലുരച്ചു പിന്നെ
തൻപന്തു വെച്ചുകൊടുത്തിതു കാഞ്ചന-
പ്പെൺപാവയൊന്നിൻ കരാഞ്ജലിയിൽ;
സ്ഫാടികച്ചെപ്പിൽപ്പെറുക്കി നിറച്ചുള്ള
മോടിയിണങ്ങുമിലഞ്ഞിപ്പൂക്കൾ
പട്ടുനൂലൊന്നിന്മേൽക്കോർക്കയായ് പിമ്പവൾ
കുട്ടിയ്ക്കു കൈവിരൽ നൊന്തില്ലേ!

7. തൽക്കളിക്കുന്നിൻ മുകൾത്തട്ടിൽനിന്നതാ,
നൽക്കിളിപ്പാട്ടൊന്നു കേൾക്കായ്‌വന്നു:—

(കേക.)

8. 'വാനമേ, ഗഗനമേ,
വ്യോമമേ, സുരസിദ്ധ-
സ്ഥാനമേ, വിഹായസ്സേ,
നമസ്സേ, നമസ്കാരം!

---

6. കരാഞ്ജലി=കൈക്കുടന്ന.

7. തൽക്കളിക്കുന്ന്=അവൾക്കു കളിപ്പാനുള്ള കുന്ന്.

8. ഗഗനം=ദേവന്മാരുടേയും മററും ഗമനമാർഗ്ഗം. വ്യോമം=വ്യാപിക്കുന്നത്; അഥവാ ശ്വാസോച്ഛ്വാസങ്ങൾക്കിടവും, ശ്രു

Digitized By Kerala Sahitya Akademi

ചന്ദ്രാർക്കാലോകം വെൺചെ-
ന്താമരപ്പൂവുകളും,
സുന്ദരതാരങ്ങളാം
നൈതലാമ്പലുകളും
വിരിഞ്ഞുപൊന്തും മഹാ-
വിസ്തീർണ്ണതടാകം നീ!
ഗരുഡത്തങ്കക്കപ്പൽ
ചരിക്കും സമുദ്രം നീ!

വാനമേ—

9\. ചിലപ്പോൾ പുതുകൊണ്ടൽ-
ത്തമാലവിപിനം നീ;
ചിലപ്പോൾ സിതമേഘ-
മണലിൻകടൽപ്പുറം!

---

ധവായുവും നല്കി ജീവികളെ രക്ഷിക്കുന്നത്. സുര.......നം=സുരന്മാർ(നല്ലവണ്ണം ശോഭിക്കുന്നവർ)ക്കും, സിദ്ധന്മാർ(അണിമാദ്യഷ്ടൈശ്വര്യസിദ്ധിയുള്ളവർ)ക്കും സ്ഥാനം. വിഹായസ്സ്=വിമാനാദികൾ പോകുന്നിടം. നഭസ്സ്=മേഘങ്ങളാൽ മറയ്ക്കപ്പെടുന്നത്. നൈതലാമ്പൽ=നീണ്ട വീതി കുറഞ്ഞ ഇതളുകളോടുകൂടിയ നൈതൽപ്പൂവുകളും ആമ്പൽപ്പൂവുകളും. ഗരുഡത്തങ്കക്കപ്പൽ—ഗരുഡൻ സ്വർണ്ണവർണ്ണനാണല്ലോ: കിളികൾക്ക, പക്ഷികുലോത്തംസമായ ഗരുഡനെക്കുറിച്ചുള്ള ബഹുമാനാഭിമാനങ്ങൾ വ്യഞ്ജിക്കുന്നു.

9\. തമാലം=പച്ചിലമരം. സിതം=വെളുത്തത്. 'ചിലപ്പോൾ വെറും........ശീട്ടും'—ഇടയ്ക്കു ചാരം പൂശിയ മാതിരി ഒരു

Digitized By Kerala Sahitya Akademi

ചിലപ്പോഠം സന്ധ്യാരാഗ-
　　സിന്ദൂരമണിയും, നീ;
ചിലപ്പോഠം വെറുംചാരം
　　പരക്കെപ്പൂശിട്ടും, നീ!

വാനമേ—

10. നിന്മഹിമാവാക്കോതാം?
　　നീ തന്നെ നിത്യം ശുദ്ധം
നിർമ്മലം സമം ശാന്തം
　　സർവ്വഗം പരബ്രഹ്മം!
ആദിമദ്ധ്യാന്താപേത-
　　മാനന്ദപ്പരപ്പു നീ;

---

നിറം കൈക്കൊള്ളും. ഭയങ്കരതയും, മനോഹരതയും, പ്രാപഞ്ചികത്വവും, സന്ന്യാസിത്വവും ഇടയ്ക്കിടെ മാറിമാറിയെടുക്കും.

10. എന്നാൽ അതിനൊന്നിനും കീഴ്പ്പെട്ടവനല്ല അങ്ങ് എന്ന്:—നിത്യം=ഉൽപത്തിനാശങ്ങളില്ലാത്തത്. ശുദ്ധം=തെളിവുള്ളത്. നിർമ്മലം=അഴുക്ക പററാത്തത്. സമം=എല്ലായിട്ടവും ഒരേ തരത്തിലിരിക്കുന്നത്. ശാന്തം=ക്ഷോഭമില്ലാത്തത്. സർവ്വഗം=എല്ലാററിലും വ്യാപിച്ചത്. പരബ്രഹ്മവും ഇങ്ങിനെതന്നെയാണല്ലോ. ആദി.................തം=കട, നട, തല എന്നിവയില്ലാത്തത്. സ്വാതന്ത്ര്യം=തനിക്കു താൻ പ്രധാനനായിരിയ്ക്കൽ. സ്വാച്ഛന്ദ്യം= അന്യന്റെ വരുതിക്കു കീഴടങ്ങായ്ക. കിളികഠംക്ക്, ആകാശത്തിന്റെ സർവ്വോത്തരമായ മഹിമയേയും, അതിൽ തങ്ങഠംക്ക സ്വാതന്ത്ര്യം സാച്ഛന്ദ്യം നിരതിശയാനന്ദം എന്നിവയെയും പററിയുണ്ടാ

Digitized By Kerala Sahitya Akademi

സ്വാതന്ത്ര്യപ്പടപ്പു നീ;
സ്വാച്ഛന്ദ്യവിരിപ്പു നീ!
വാനമേ —

11. 'അയ്യയ്യാ, കേട്ടില്ലേ, നമ്മളെപ്പോലെതാ-
നിയ്യാമൽത്തത്തകളും സംസാരിപ്പൂ!
കയ്യിലാക്കേണമിവററിനെ'യെന്നാള-
ത്തയ്യലാൾ ഖേലനകൌതുകത്താൽ.

12. താനിതു ചൊന്നപ്പോഴെയ്യും ഹാ,—മറെറന്തു?-
വാനിൽപ്പറക്കുന്ന പക്ഷിയേയും
മുററത്തെശ്ശാഖിതൻ പച്ചിലയാക്കുന്നു,
കൊട്ടാരക്കെട്ടിലെക്കാംക്ഷിതങ്ങൾ!—
അത്യൗത്സുകാക്ഷിയാം രാജകുമാരിതൻ
ഭൃത്യമാരോടിപ്പോയെങ്ങനെയോ,
വാരഞ്ചും വാനത്തെ വർണ്ണിച്ചു പാടിയ
കീരയുഗളത്തെക്കൊണ്ടുവന്നാ.

13. പാലൊത്തൊരാഹ്ളാദഹാസം പരന്നിതു
ബാലതൻ പാടലവായ്മലരിൽ:

---

യ ഈ ഓർമ്മ, ഭാവിയായ ബന്ധനദുഃഖത്തിന്നു ഉദ്ദീപനവിഭാവ മാകുന്നു.

11. ഖേലനം=കളി.

12. പ്രഭുക്കളിച്ഛിച്ചാൽ ഏതു ദുർല്ലഭവസ്തുവും സുലഭമാവും. അത്യൗത്സുകാക്ഷി=തത്തകളിരിയ്ക്കുന്നിടത്തെയ്ക്കു അത്യൽക്കണ്ഠയോടെ നോക്കുന്നവൾ. വാരഞ്ചും=വിസ്തീർണ്ണമായ. കീരം=തത്ത.

Digitized By Kerala Sahitya Akademi

അമ്മുത്താ, മാണിക്യമായ്ച്ചേൎന്നൊതാണെന്ന്യേ
സമ്മാനം വേലക്കാൎക്കെന്തു വേണ്ടു?

14. അശ്ശുകദമ്പതിമാരെ—പ്രകൃതിത-
ന്നാഗ്ര്യമരകതക്കല്ലുകളെ—
മണിയണിഞ്ഞിരുകയ്യിലും മേടിച്ചു
കൊണ്ടാടിസ്സിദ്ധാൎത്ഥയായിപ്പെട്ടതൽ,
തൂമണിമാലകളാടിക്കളിച്ചു ത-
ന്നോമനമാറത്തു ചേൎത്തുവെച്ചോരം;
തൻപൂങ്കവിളിലവററിൻെറ കൊക്കിനാൽ
ചെമ്പവിഴത്തെപ്പതിച്ചുനിന്നാരം;
പച്ചവില്ലീസ്സിനു തുല്യമവയുടെ-
യച്ഛകളേബരം മാറി മാറി,
പേൎത്തുമതിലേറെ മാൎദ്ദവം ചേൎന്ന തൻ-
കൈത്തളിർകൊണ്ടു തലോടിക്കൊണ്ടാരം;

---

13. ആഹ്ലാദഹാസം=സന്തോഷച്ചിരി. പാടലം=കുറച്ചു വെളുത്തു തുടുത്തതു്. അമ്മുത്തു്—ചിരി. മാണിക്യം—ചുണ്ടു്. കൊച്ചുറാണിയുടെ സന്തോഷംതന്നെ വേലക്കാൎക്കു തികഞ്ഞ സമ്മാനം!

14. അഗ്ര്യം=മേന്മയുള്ള. സിദ്ധാൎത്ഥ—കാൎയ്യം സാധിച്ചവരം. മണിമാലകളണിഞ്ഞ ഓമനമാറിൽ രണ്ടു മികച്ച മരകതക്കല്ലുകൾകൂടി കലൎന്നിരുന്നാലത്തെ ഭംഗിയുണ്ടായി. 'തൻപൂം........ നിന്നാരം'—തത്തകളെക്കൊണ്ടു് ചുംബിപ്പിച്ചു; അപ്പോരം പൂംകവിളിൽ പവിഴം പതിച്ച ചന്തമുണ്ടായി. കൂടുതൽ മാൎദ്ദവമുള്ള ആ കൈത്തളിർകൊണ്ടു തലോടിയപ്പോരം അവയ്ക്കു് ആനന്ദം

Digitized By Kerala Sahitya Akademi

'എന്റെയീപ്പട്ടുനൂൽത്തത്തയെക്കാളിവ-
യെത്ര നന്നെ'ന്നു പുകഴ്ത്തിച്ചൊന്നാലും.
വിശ്വകർമ്മാവിനും കൈവന്നിട്ടില്ലല്ലോ
വിശ്വവിധാത്രിതൻ ശില്പഗ്രന്ഥം:

15. 'ആവൂ, വിശപ്പില്ലേ! കാച്ചിയ പാലിതാ,
ത്തൂവെള്ളിക്കിണ്ണത്തിൽത്തേൻകുഴമ്പും;
നല്ല പഴങ്ങളുമാവോളം ഭക്ഷിച്ചു
വല്ലതും മുൻമട്ടിൽസ്സംസാരിപ്പിൻ!'
പ്രീതിയാലിവക സ്വാഗതക്കൊഞ്ചലോ-
ടാതിത്ഥ്യം പെൺകിടാവാരംഭിയ്ക്കേ;
വീതിയുള്ളാകാശം ചുററുമജ്ജീവികൾ
ഭീതിപൂണ്ടന്യോന്യം നോക്കി വീണ്ടും:
ബന്ധുരകാഞ്ചനക്കൂട്ടിലാണെങ്കിലും
ബന്ധനം ബന്ധനംതന്നെ പാരിൽ!

* * * *

16. ആ വിദേഹേശന്റെ പട്ടമഹിഷിയാം
ദേവിയരമനയ്ക്കുള്ളിലപ്പോൾ,

---

തോന്നിയിരിയ്ക്കയില്ലേ! വിശ്വവിധാത്രി=പ്രകൃതി. പ്രകൃതിസൃഷ്ടിയോടു കിടപിടിയ്ക്കത്തക്ക ശില്പവിദ്യ ആക്കും സ്വാധീനമല്ല.

15. അവിടെ കാണപ്പെട്ട സ്വർണ്ണപഞ്ജരങ്ങളിൽ ബന്ധിയ്ക്കപ്പെട്ടുപോയേയ്ക്കുമെന്ന ഭയംതന്നെയായിരുന്നു, ആ സ്വാതന്ത്ര്യേച്ഛുക്കളായ ജീവികൾക്ക്! ബന്ധുരം—മനോഹരം.

Digitized By Kerala Sahitya Akademi

വിസ്തൃതമായൊരു ശാലയിലേകയായ്
വിശ്രമം കൊള്ളുകയായിരുന്നു.
ചുററിലുമങ്ങൊരു സാത്ത്വികശാന്തത
ചുററിയിരുന്നതിൻ നിർമ്മലത്വം
അങ്ങെഴും രാജാർഹാഡംബരലക്ഷ്മിതൻ
തുംഗസ്ഥാനങ്ങളിൽബ്ഭസ്മം പൂശി!
സേവനവ്യഗ്രമാരായ സഖികൾതൻ
കൈവളച്ചാർത്തിൻ കിലുക്കംപോലും
അപ്പുരാന്തത്തിലെസ്സൌമ്യനിശ്ശബ്ദത-
യ്ക്കല്പവും ഭംഗം വരുത്തിയില്ല.

17. മൈത്രേയി ചൊല്ലിക്കൊടുത്തൊരു വേദാന്ത-
സൂത്രത്തെച്ചിന്തിച്ചുകൊണ്ടിരിയ്ക്കേ
നേത്രങ്ങൾകൊണ്ടു സമാസ്വാദ്യമായ്വന്നു,
ധാത്രീശപത്നിയ്ക്കാ ബ്രഹ്മാനന്ദം:
ഏതാനും കോർത്തോരിലഞ്ഞിപ്പൂമാലയെ-
ത്തോൾതന്നിൽത്തൂക്കിയിട്ടക്കുമാരി

---

16. സാത്ത്വികശാന്തത=സത്ത്വഗുണസംബന്ധിയായ ഒതുക്കം. രാജാ............ക്ഷ്മി=രാജോചിതമായ വിഭവശ്രീ. തുംഗം=ഉയർന്നത്. അവിടെ രാജശ്രീയുണ്ടായിരുന്നിട്ടും രജോഗുണമല്ലാ, സത്ത്വഗുണമാണ് എല്ലായിടത്തും പരിലസിച്ചത്; അവിടെയുള്ളവർ വിഷയാസക്തരായിരുന്നില്ല എന്നു സാരം. സേവനവ്യഗ്രമാർ=ശുശ്രൂഷാതൽപരകൾ. പുരാന്തം=അന്തഃപുരം. സാധാരണമായി കൊട്ടാരങ്ങളിലുണ്ടാവുന്ന കോലാഹലമൊന്നും അവിടെയുണ്ടായിരുന്നില്ല.

Digitized By Kerala Sahitya Akademi

വെമ്പിപ്പാഞ്ഞിങ്ങോട്ടു വന്നെത്തുന്നുണ്ടൊരു
പൊൻപൂവു കാററിൽപ്പാറുംപോലെ.
‘കാട്ടൊല്ലേ, വീണുപോ’മെന്നല്ലീ കേഴുന്നു–
ത്തേടലർത്തൃക്കാലിൽപ്പൊന്തളകങ്ങൾ!
‘താങ്ങുമോ നമ്മെയിതെ’ന്നല്ലീ പേശുന്നു
താന്തമദ്ധ്യത്തിലെക്കിങ്ങിണികൾ.

18. പൂമാതിൻപിമ്പേ സമൃദ്ധികളെന്നപോ–
ലോമലിൻകൂടെയുള്ളദ്ദാസിമാർ
ദൂരാൽ വണങ്ങിയ ദേവിയുഴറോടേ
കൈരണ്ടും നീട്ടിയടുക്കലെത്തി
വാരിയെടുത്തു കുമാരിയെത്തൻകുളിർ–
മാറിലണച്ചു മുറുകെപ്പുല്കി,

---

17. മൈത്രേയി—യാജ്ഞവല്ക്യന്റെ ദ്വിതീയപത്നി. വേദാന്തസൂത്രം—ശ്രീവ്യാസരുടെ ബ്രഹ്മതത്ത്വപ്രതിപാദകമായ ഗ്രന്ഥത്തിലെ സൂത്രം. (ചെറുവാക്യം) ചിന്തിയ്ക്കുക. സമാസ്വാദ്യം=ആസ്വദിയ്ക്കാവുന്നത്. ധാത്രീശൻ=രാജാവ്.

ആ ബ്രഹ്മാനന്ദം—വേദാന്തവിദ്യയെ ചിന്തിച്ചുകൊണ്ടിരിയ്ക്കു മനസ്സിനാൽ ആസ്വദിയ്ക്കപ്പെട്ടത്. അതെങ്ങിനെ എന്ന്. പൂന്താനം........മാല—കിളികളുടെ പാട്ടു കേട്ടപ്പോൾ കോത്തിരുന്നത്. ബ്രഹ്മവിദ്യയെ ചിന്തിയ്ക്കുമ്പോഴുണ്ടാവുന്ന ആനന്ദം സീതയെ കാണുമ്പോഴും രാജർഷിയ്ക്കുണ്ടാവുന്നു. ഏടലർ=താമര. താന്തമദ്ധ്യം=കൃശമായ അര.

18. ദാസിമാർ ദൂരാൽ വണങ്ങിയ—ദാസിമാരാൽ അക

Digitized By Kerala Sahitya Akademi

ളുവിയപ്പാകുന്ന തേനോലുമാനന-
പ്പൂവിൽത്തെരുതെരെച്ചുംബിയ്ക്കയായ്.

19. മുററത്തെപ്പൂങ്കാവിൽ ക്രീഡിപ്പാൻ പോയ്വന്നാ
കാറക്കിടാവിനെക്കണ്ട നേരം,
ഒട്ടേറെ നാളായ്പ്പിരിഞ്ഞൊരു കുട്ടിയെ-
ക്കിട്ടിയ മാതാവിൻ ഭാവമത്രേ,
സീമാതിഗാനന്ദമഗ്നയാം രാജ്ഞിതൻ
പ്രേമാർദ്രവക്ത്രത്തിൽ പ്രോല്ലസിച്ചു:
ഉൽക്കണ്ഠാനീരിന്നു നാഴികവട്ടയെ
മുക്കുവാൻ കാൽക്ഷണംപോലും വേണ്ടാ!

20. അമ്മയ്ക്കു ലാളനമെല്ലാം വളർത്താനി-
ന്നമ്മകളക്ഷമയായിരുന്നു:
ആരാമവൃത്തം കഥിയ്ക്കുവാനണ്ടവൾ-
ക്കാ,രോമലാളതിന്നാരംഭിച്ചു:—

---

ലെനിന്നുതന്നെ വന്ദിയ്ക്കപ്പെട്ടു. ഉഴറേറാടേ=ഉൽക്കണ്ഠാജനിതമായ വെമ്പലോടേ.

19. സീമ............ഗ്ന=കര കവിഞ്ഞ ആനന്ദത്തിൽ മുങ്ങിയവൾ. ഉൽക്കണ്ഠാനീര്=ഉൽക്കണ്ഠയാകുന്ന വെള്ളം. നാഴികവട്ട—നേരം കണക്കാക്കാൻ ഉപയോഗിയ്ക്കുന്ന ഒരു യന്ത്രം; ഇതു വെള്ളത്തിലിട്ടാൽ ഒരു നാഴികകൊണ്ടേ മുങ്ങൂ. ഉൽക്കണ്ഠയുണ്ടായാൽ കാൽക്ഷണം കഴിയുന്നതിന്നുമുമ്പു ഒരു നാഴികയായി എന്നു തോന്നും.

20. ആരാമവൃത്തം=ഉദ്യാനത്തിൽ നടന്ന സംഭവം; ആ രാമന്റെ വർത്തമാനം എന്നും. അംബാലിക—ജാനകിയുടെ ധാത്രി

Digitized By Kerala Sahitya Akademi

'അത്തത്തയെന്തസത്താണമ്മേ! രാമൻ വ–
ന്നമ്മതൻ കുഞ്ഞിനെ വേൾക്കമെത്രേ!
ഞാനതു സമ്മതി—'രാജ്ഞിയാൾ ചോദിച്ചു:—
'ജാനകി ചൊൽവതെന്തംബാലികേ?'
അദ്ധാത്രി ചൊല്ലിനാൾ:—'വാല്മീകിതന്നുടെ
സിദ്ധാശ്രമത്തിങ്കൽനിന്നിവിടെ:—'
(വാല്മീകിശബ്ദത്തിൽത്താമരമൊട്ടായി,
വൈദേഹറാണിതൻ പാണിയുഗം!)
'രണ്ടു നൽത്തത്തകൾ വന്നു മലർക്കാവിൽ;
ഉണ്ടവയ്ക്കൗത്സുക്യം വാക്ചാതുര്യം—'
'നമ്മെപ്പോലാണവ ഞായം പാവതെ'–
ന്നമ്മണിപ്പൈതലിടയ്ക്കു ചൊല്ലി,
'ഓമനേ, ധാത്രി കഥിയ്ക്കട്ടെ; നില്ക്കുകെ'–
ന്നാ മധുസ്യന്ദം നിറുത്തി രാജ്ഞി—
'ഭാവി കണ്ടമ്മുനി തീർത്ത രാമായണ–
മാ വിഹംഗേന്ദ്രർക്ക് കേട്ടറിയാം;
പ്രൗഢിമത്താമതിൽനിന്നൊട്ടു പദ്യങ്ങൾ
പാടിനാർ, സീതയ്ക്കു കേൾപ്പാനവർ:

---

(പെററമ്മ)മാരിൽ ഒരുവൾ—ക്ഷത്രിയസ്ത്രീ). സിദ്ധാശ്രമം=അ ഷ്ടൈശ്വര്യസിദ്ധിയുള്ള ഋഷികൾ പാർക്കുന്ന ആശ്രമം. 'വാല്മീകി എന്ന ശബ്ദത്തിൽ...........യുഗം'—വാല്മീകി എന്ന ശബ്ദം കേട്ട പ്പോൾ വിദേഹരാജാവിന്റെ പുത്രി കൈകൂപ്പി; വാല്മീകിയും ജനകരുടെ ഗുരുവാണ്. വാക്ചാതുര്യം=സംസാരിപ്പാനുള്ള സാമ ർത്ഥ്യം. മധുസ്യന്ദം=തേനൊഴുകൽ, സീതയുടെ വാക്ക്. പ്രൌ

Digitized By Kerala Sahitya Akademi

ശ്രീമദ്ദശരഥരാജതനൂജനാം
രാമൻ നിസർഗ്ഗാഭിരാമരൂപൻ
ജാനകിക്കുട്ടിയെ വേൾക്കുമെന്നോതുന്നു
ജ്ഞാനവാൻ വാല്മീകി; ഭാഗ്യം, ഭാഗ്യം!'
അക്കന്യാമാതാവിൻ കർണ്ണത്തിൽത്തേൻ പെയ്തി–
തുൽക്കൃഷ്ടജാമാതൃലാഭഗീതം!

21. രാമൽ ചോദിയ്ക്കയാണെ,'ന്തിനീ വാല്മീകി
രാമനെക്കൊണ്ടെന്നെ വേൾപ്പിയ്ക്കുന്നു?
അമ്മ സമാശ്വസിപ്പിച്ചു:—'പെൺകുട്ടികൾ–
ക്കമ്മട്ടിലുണ്ടൊരു കർമ്മം കുഞ്ഞേ.'

---

ധ്വനിമത്ത്=ശബ്ദാർത്ഥഗാംഭീര്യമുള്ളത്. പാടിയ പദ്യങ്ങളിലെ പൊരുൾ പറയുന്നു: ശ്രീമ........നുജൻ=ശ്രീമാനായ ദശരഥരാജാവിന്റെ പുത്രൻ. നിസ........പൻ=പ്രകൃത്യാ സുന്ദരൻ. കന്യാമാതാവ്=വിവാഹം കഴിയാത്ത മകളുള്ള അമ്മ. ഉൽകൃ........ഗീതം=ഉൽകൃഷ്ടനായ ഒരു ജാമാതാ=(പുത്രീഭർത്താ)വിനെ കിട്ടുമെന്നു പറയുന്ന പാട്ട്.

21. 'കുട്ടിയോ കെട്ടിപ്പിടിച്ചിതു മാതൃകണ്ഠം' (=അമ്മയുടെ കഴുത്ത്)—സീതയുടെ ജീവിതത്തിലെ അന്ത്യഘട്ടത്തെ സൂചിപ്പിയ്ക്കുന്നു; സീത ഒടുവിൽ അമ്മ(ഭൂമി)യെ ആലിംഗനം ചെയ്തുകൊണ്ടു പാതാളത്തിലെയ്ക്കു പോവുകയാണല്ലോ ഉണ്ടായത്.

പദ്മപുരാണത്തിലുള്ളതാണ് ഈ കഥ: സീത ഈ തത്തകളിൽ പിടയെ, തന്റെ വിവാഹം കഴിഞ്ഞേ വിടൂ എന്നു പറഞ്ഞു ബന്ധിയ്ക്കയാൽ അതവിടെക്കിടന്നു മരിച്ചുവെന്നും, ഈ വ്യസനം നിമിത്തം ആൺതത്ത സീതയെക്കുറിച്ചു 'നിന്നെ ഞാൻ ഭർത്താവോ

Digitized By Kerala Sahitya Akademi

കന്യക തീർമാനം ചെയ്തു:—'മററാരും വേ-
ണ്ടെ,ന്നെയെന്നമ്മതാൻ വേട്ടാൽ മതി!'
പൊട്ടിച്ചിരിച്ചുപോയ് സർവരും; കട്ടിയോ,
കെട്ടിപ്പിടിച്ചിതു മാതൃകണ്ഠം.

---

ട്ട വേർപെടുത്തു'മെന്നു പ്രതിജ്ഞചെയ്തു ഗംഗയിൽച്ചാടി മരണമട ഞ്ഞു എന്നും മററുമായി ഈ കഥ നീണ്ടുപോകുന്നു. പുനർജ്ജനിച്ച ഈ കിളികളാണപോൽ, 'ലവണാസുരവധം' ആട്ടക്കഥയിലെ മണ്ണാനും മണ്ണാത്തിയും. പദ്മപുരാണത്തിലെ സീത ബാലികയ ല്ല; യുവതിയാണ്!

---

Digitized By Kerala Sahitya Akademi

# 7. യുവഭിക്ഷു

(കേക)

1. ‘തിരിയേ തൻനാട്ടിൽച്ചെ-
ന്നച്ഛനെശ്ശുശ്രൂഷിയ്ക്കു,
പരർതൻ കഴൽ ഞെക്കി-
ക്കൈ തഴമ്പിപ്പിയ്ക്കാതെ;
ഏകപുത്രനാം നിന്നെ-
യെങ്ങുമേ കണ്ടെത്താഞ്ഞു
ശോകത്തിൽദ്ദഹിയ്ക്കയാ-
ണദ്ദേഹമഹർന്നിശം!’

2. ഇത്തരമമ്പത്തിയാ-
റക്ഷരം കുമാരൻെറ

---

1. ഒരു പ്രഭുവിൻെറ ഏകസന്താനമായ ഒരു യുവാവ്, ഏതോ യുവതിയെ സ്വച്ഛന്ദം വേൾക്കവാനായി സ്വഗൃഹത്തിൽനിന്നു ‘ചാടിപ്പോയി’, പിന്നീട് അവളുടെ വഞ്ചനയാൽ ഉദ്ദേശം സാധിയ്ക്കാതെ ചുററിത്തിരിഞ്ഞ് ഒടുവിൽ തേയിലത്തോട്ടക്കാരനായ ഒരു സായിപ്പിൻെറ ദാസനായി ജീവിതം നയിയ്ക്കെ, അയാറം സ്വയം വിചാരിയ്ക്കയാണ്—അയാളുടെ മനസ്സാക്ഷി അയാളോടു പറകയാണ്:—‘പരർ............യ്ക്കാതെ’—അന്യരെ ശുശ്രൂഷിച്ചതുകൊണ്ടു തനിയ്ക്കു ഹാനിയല്ലാതെ നന്മയൊന്നും വരാനില്ല.



Digitized By Kerala Sahitya Akademi

ചിത്തത്തിലെഴുതുമാ-
  റുണ്ടൊരാറം കൂടെക്കൂടെ!

3. അച്ഛസമ്പത്താലൊരു
  കൊച്ചുകൊട്ടാരം പോലാ-
മച്ഛന്റെ ഗൃഹത്തിൽനി-
  ന്നുഞ്ചുവഷത്തിൻമുമ്പേ,
മന്മഥനുടെയേതോ
  മായയാലാകൃഷ്ടനായ്,-
ദ്ദുർമ്മരുഭൂവിൽപ്പെട്ടു
  ഴുറവുന്ന യുവാവി,വൻ:

4. താതനന്ദനബന്ധം
  തക്കത്തിലറുക്കവാൻ
ജ്ഞാതികറം മെഴുക്കിട്ടു-
  വെച്ചൊരു കൈവാളത്രേ,
വേശവൃത്തിയാമപ്പെൺ-
  കൊടിതൻ പുതുപ്രേമം

---

2. ചിത്ത........ക്കൂടെ—അയാളുടെ മനസ്സാക്ഷി അയാളോടു ഹൃദയത്തിൽ പതിയുംവിധം പറയാറുണ്ട്. (അയാറംക്ക തോന്നാറുണ്ട്.)

3. ദുർമ്മരുഭൂവ്=ദുഃഖമയമായ ജീവിതം.

4. ജ്ഞാതികറം=ബന്ധുക്കറം. വേശവൃത്തി=വേശ്യാവൃത്തിയോടുകൂടിയവറം. നെടും...............ണ്=നീണ്ടു മഴുഴെതിയ ക

Digitized By Kerala Sahitya Akademi

പൂശിയ നെട്ടംമയ്യ്ക്കണ്‍-
കോണായിട്ടിവന്‍ കണ്ടൂ!

5. സ്വാകാംക്ഷ നിറവേററാന്‍
സ്വാതന്ത്ര്യം കൊതിച്ചിവ-
നേകദാ നിഗൂഢമായ്-
ത്താതസന്നിധി വിട്ടാന്‍—
കപ്പലിലിരുന്നവ-
നപ്പാരതന്ത്ര്യം നീക്കാന്‍
കല്ലോലകരാളമാം
കടലില്‍ച്ചാടിക്കൊണ്ടാന്‍!

6. ആരുടെ കരപദ്മം
പിടിപ്പാനിവന്റെ കൈ
കൂററ പിതൃശ്രീത-
ന്നാശ്ലേഷം വിടുത്തിയോ,
ആ 'ജ്ജീവേശ്വരി'യുടെ
നിഴലും പിന്നെക്കണ്ടീ;-

---

ൺമുന. അവളുടെ കടാക്ഷവീക്ഷണംമൂലം, ഇവന്‍ അച്ഛനോടു വേര്‍പെട്ടുകഴിഞ്ഞു।

5. സ്വാകാംക്ഷ=തന്റെ ആഗ്രഹം. അപ്പാരതന്ത്ര്യം=കപ്പലിന്റെ വരുതി കടന്നു ചേഷ്ടിപ്പാന്‍ വയ്യായ്ക. കല്ലോലകരാളം= തിരകളെക്കൊണ്ടു ഭയങ്കരം.

6. പിതൃ........ശേഷം=അച്ഛന്റെ സമ്പത്തോടുള്ള ചേര്‍ച്ച്. ആര്‍ജ്ജവം (=കപടമില്ലായ്മ) കൌടില്യത്തിന്നു (=വഞ്ചനയ്ക്കു)

Digitized By Kerala Sahitya Akademi

ലാജ്ജവം കൌടില്യത്തി-
 ന്നനുകമ്പായ്ത്തിരുന്നു!

7. പാവയെക്കൊട്ടുത്ത ക-
 യ്യിവനു പതിയെയും
സാവധാനമായ്ത്തിര-
 ഞ്ഞെടുത്തു കൊടുത്തേനേ:
തരുണനുടെയുജ്ജ്വ-
 ലേക്ഷണത്തെക്കാൾ വീക്ഷാ-
വിരുതു കിഴവൻെറ
 മങ്ങിയ മിഴിയ്ക്കത്രേ.
വാസ്തവമിതിന്നിവ-
 നറിഞ്ഞു: വില കൂട്ടും
വാൎദ്ധകത്തുവെള്ളിയ്ക്കു
 യൌവ്വനത്തങ്കത്തെക്കാൾ!

---

ഊന്നുകമ്പായ്(കൈവടിയായി)ത്തീരുന്നു— കപടമില്ലാത്തിടത്തേ വഞ്ചനയ്ക്കു നിലനില്പുള്ളു; ഇവൻ ഋജുബുദ്ധിയായതുകൊണ്ടു് അവരുടെ ചതി ഫലിച്ചു.

7. പാവ..........യ്യ്—അച്ഛൻെറ കയ്യ്. സാവധാനം=ശ്രദ്ധവെച്ച്. ബാല്യത്തിൽ ഹിതവും, പ്രിയവുമായ കളിക്കോപ്പുകൾ സമ്മാനിച്ച മാതാപിതാക്കന്മാർ യൌവനത്തിൽ ഹിതകാരിണിയായ പ്രിയയെയും സമ്പാദിച്ചുകൊടുക്കുന്നതിൽ ഉത്സുകരും വകതിരിവുള്ളവരുമാണ്. മങ്ങിയതായാലും കിഴവൻെറ കണ്ണിന്നാണ്, യുവാവിൻെറ ഉജ്ജ്വലനേത്രത്തെക്കാൾ, എന്തും കണ്ടറിവാനുള്ള ശക്തി. നരയ്ക്കുന്ന വാൎദ്ധക്യത്തെ വെള്ളിയായും ചോരത്തിളപ്പു കൂടിയ യൌവനത്തെ തങ്കമായും രൂപണം ചെയ്തിരിക്കുന്നു.

Digitized By Kerala Sahitya Akademi

8. കൊച്ചുപൈതലാമന്നേ
 മാതൃവിശ്ലിഷ്ടനിവ-
ന;-ച്ഛന്റെ വാത്സല്യംതാ-
 നിവന്നു മുലപ്പാലായ്;
അപ്പരിശുദ്ധസ്നേഹ-
 ലാളനമോർത്തോർത്തു തൻ-
ക്ഷിപ്രകാരിതയെച്ചു-
 ട്ടെരിച്ചാൻ, ശ്വാസോഷ്മാവാൽ!

9. വൃദ്ധനാം ജനകന്റെ
 പൊന്നാരമനയിങ്കൽ-
ബ്ഭൃത്യരൊത്തിളമയായ്
 വാണ വൈഭവമെങ്ങോ?
തേയിലത്തോട്ടക്കാര-
 നായ സായിപ്പിൻ ദാസ-
നായിട്ടു വയർ പോററു-
 മിന്നത്തെ സ്ഥിതിയെങ്ങോ?
'തിരിയേ തൻനാട്ടിൽച്ചെ-
 ന്നച്ഛനെ ശുശ്രൂഷിയ്ക്കു;
പരർതൻ കഴൽ ഞെക്കി-
 ക്കൈ തഴമ്പിപ്പിയ്ക്കാതേ!'

---

8. മാതൃവിശ്ലിഷ്ടൻ=അമ്മയോടു പിരിഞ്ഞവൻ. വത്സ.... ............പ്പാലായ്—മുല കുടിയ്ക്കേണ്ട പ്രായത്തിൽത്തന്നെ അമ്മ മരിച്ചിരുന്നു. ക്ഷിപ്രകാരിത=ആലോചിയ്ക്കാതെ ഉടനടി കാര്യം ചെയ്യുന്ന സ്വഭാവം. ശ്വാസോഷ്മാവ്—പശ്ചാത്താപത്താലുള്ള നിശ്വാസത്തിന്റെ ചൂട്.

9. ഈ അവസ്ഥാന്തരമോൎക്കുംതോറും, 'തിരിയേ............ യ്ക്കാതേ' എന്ന ശബ്ദം അവന്റെ ഹൃദയത്തിൽ ആവൎത്തിച്ചു.

Digitized By Kerala Sahitya Akademi

## II

1. തീവണ്ടിസ്ഥലം വിട്ടു
മൂന്നരക്കാതംവഴി
പോവണം കുമാരനു;
താവളമിടയ്ക്കില്ല.
പാൎക്കില്ലുണ്ടായാലും:
അവനെത്തൻഗ്രാമത്തിൻ
നേൎക്കുക്കിൽ വലിയ്ക്കുന്നു-
ണ്ടദൃശ്യമൊരു പാശം!

2. അസ്തമിച്ചുപോയ് നേരം;
വഴിദേയാ, കുണ്ടും കുന്നു-
മത്രയും കല്ലും മുള്ളും
ചേൎന്ന പാഴ്പറമ്പത്രേ.
രാവൊരു മുഴുഭ്രാന്തൻ
പോലെ പാഞ്ഞണഞ്ഞിരൾ-
ച്ചേർ വാരിയെറികയായ്
ദിങ്മുഖത്തിലെയ്യെല്ലാം!

---

1. പശ്ചാത്താപംപൂണ്ട കുമാരൻ അച്ഛനെത്തന്നെ ശുശ്രൂഷിപ്പാനുറച്ചു തോട്ടത്തിൽനിന്നു തിരിച്ചുപോന്നു. തീവണ്ടിയിറങ്ങി. അദൃശ്യം (=കാണാൻ കഴിയാത്ത) ഒരു പാശം—പിതൃഭക്തി.

2. വിശങ്കടം=വിശാലം. ഇരുൾ പരത്തുന്ന രാവിനെ, ഈ പാന്ഥന്റെ ഭയവിഹ്വലമായ തൽക്കാലമനഃസ്ഥിതിയ്ക്കും, അഞ്ചാറു നക്ഷത്രങ്ങൾ മാത്രമുള്ള ആകാശത്തെ, അയാൾക്ക കടന്നുപോ

Digitized By Kerala Sahitya Akademi

ഇത്തിരിയിടകൊണ്ടു
    കൽക്കരിക്കുമ്പാരത്തി–
ന്നൊത്ത മാതിരിയിലായ്
    ബ്രഹ്മാണ്ഡപ്പെരുംഭാണ്ഡം
നാലു ഭാഗത്തെയ്ക്കും ചാ–
    ഞ്ഞിറങ്ങിക്കരിംപാറ
പോലവേ കിടക്കുന്നു,
    വാനിടം വിശങ്കടം;
താരകളഞ്ചാറങ്ങി–
    ങ്ങതിങ്കൽക്കാണപ്പെട്ടു,
പാറമേലെവ്വണ്ണമോ
    വീണ കക്കകൾ പോലെ.
കണ്ണു കാണുന്നില്ലൊട്ടും;
    കണ്ണത്തെപ്പിളർത്തുന്നു
മണ്ണട്ട–ചികിടൊച്ച,
    കാലിനെക്കല്ലും മുള്ളും;
ഒരുമട്ടാ,വൽച്ചിറ–
    കടിയാലോളംവെട്ടു–
മിരുളിൻ പുഴയവ–
    നിറങ്ങിക്കടെക്കയായ്!

---

കേണ്ട മാർഗ്ഗത്തിന്നും ഒത്തവണ്ണം വർണ്ണിച്ചിരിക്കുന്നു. മണ്ണട്ട–ചീകിടൊച്ച=മണ്ണട്ടയുടേയും ചികിടിന്റേയും ഒച്ച. കാലിനെക്കല്ലും മുള്ളും പിളർത്തുന്നു എന്നന്വയം. ആവൽച്ചിറകടി, ഇരുൾപ്പുഴയിലെ ഓളമാണെന്നു കല്പനം.

Digitized By Kerala Sahitya Akademi

3. താന്തനായ് ത്തപ്പിത്തട-
ഞ്ഞുഴറി നടക്കുമ-
പ്പാന്ഥനു, ചില പൊന്ത-
യ്ക്കപ്പുറം വിലങ്ങത്തിൽ
ഒരു കൈവിളക്കൊളി
നിണ്ടുപോവതു കാണാ-
യി,രുളാംവസ്ത്രത്തിൻവക്കിൽ-
പ്പൊൻകസവിട്ടംപോലെ
ആ വെളിച്ചത്തിൻ ചാരേ
പാററയായ്പ്പാന്നണ-
ഞ്ഞാ,യതിനുടമസ്ഥ-
നാകിയ പുമാനോടായ്
ക്ലിഷ്ടമാം സ്വരത്തിലി,-
'ഞങ്ങടാനുമൊരു ചൂട്ട
കിട്ടുമോ നമുക്കെ'ന്നാൻ
സാദരം കുമാരകൻ.

4. 'ഉണ്ടൊരു ചൂട്ടെൻപയ്യിൻ-
നെററിമേ'ലെന്നാണതി-
നുണ്ടായ മറുപടി;
മർത്ത്യനാണിവനും പോൽ!

---

3. ഇരുളാംവസ്ത്രം=ഇരുട്ടാകുന്ന വസ്ത്രം. പാററ........ഞ്ഞ—വെളിച്ചം കണ്ട പാററയെപ്പോലെ ഉടനടി അടുത്തുചെന്നിട്ട് എന്നഭിപ്രായം. ക്ലിഷ്ടം=ക്ലേശത്തെ സൂചിപ്പിക്കുന്നത്.

Digitized By Kerala Sahitya Akademi

അരിശമെന്തിന്നിതി-
ലധ്വഗ? പൊൻചാത്തിയോ-
രിരുളോടത്രേ മോഹാ-
ലിരന്നു വെളിച്ചം നീ!
തൽക്ഷണം തോററ നില-
യ്ക്കസ്സാധു തല താഴ്ത്തി-
ത്തൻകാലപ്പിഴയുടെ-
യാഴമേ നോക്കിക്കണ്ടോൻ!
അടുത്ത നിമിഷത്തിൽ-
ക്കുമാരൻ നടേത്തെക്കാൾ
കടുത്ത രാപ്പേയിന്റെ
പടയാൽച്ചുററപ്പെട്ടു.

5. ഊരടുത്തീടുംതോറു-
മവനു വിപച്ഛങ്ക
ഘോരമാം കുറുനരി-
യോരിയോടൊപ്പം നീണ്ടു;

---

4. ചൂട്ട്=ചുട്ടി. കാലികളുടെ നെററിമേൽ കാണുന്ന ചുട്ടിയ്ക്കു ചില പ്രദേശങ്ങളിൽ "ചൂട്ട്" എന്നു പേർ നടപ്പായതു്, കന്നുകാലികളുടെ മേൽ ചൂടുവെച്ചടയാളപ്പെടുത്തുന്ന പതിവിൽനിന്നാവാം. അധ്വഗൻ=വഴിപോക്കൻ. പൊൻചാത്തിയൊരിരുൾ—കയ്യിൽ ചൂട്ടുള്ള ക്രൂരമനുഷ്യൻ. ഇരുളിൻവശം വെളിച്ചമുണ്ടായിരിയ്ക്കയില്ലല്ലോ. കുമാരൻ തല താഴ്ത്തി തന്റെ കാലദോഷത്തെപ്പററി ഓർത്തു; തല താഴ്ത്തിയതു കാലപ്പിഴയുടെ ആഴം നോക്കാനാണെന്നു കല്പനം. രാപ്പേയിന്റെ പട—ഇരുൾ. ചൂട്ടുകാരൻ പോയപ്പോൾ, ഇരുട്ട് ഒന്നുകൂടി മുഴുത്തു എന്നു തോന്നി.

Digitized By Kerala Sahitya Akademi

എന്തിനെ,യാരെ,ക്കുറി-
ച്ചാണാവോ, 'കുത്തിച്ചൂട്ട-
കൊ'ന്നിടയ്ക്കിടെക്കല്ലി-
യ്ക്കുന്നുണ്ടു 'കാലങ്കോഴി!'
'അച്ഛനു സുഖമല്ലേ?
ദീനമൊന്നുമില്ലല്ലീ?
മച്ചാപലങ്ങൾക്കെല്ലാ
മാപ്പു കിട്ടുകയില്ലേ?'
അവനിച്ചോദ്യങ്ങൾക്കു
തേടുമുത്തരവും ഹാ,
ഭുവനം വിഴുങ്ങിന
തമസ്സിൻ വയററിലോ!

6. ചാരവേ കാണായ്,
ക്രമാൽ പുത്രനു പിതൃദേഹം,
കാററണിശ്ശൂന്യത്തിലെ-
യ്ക്കുയന്ന ശിരസ്സുമായ്;

---

5. അശുഭസൂചകമായ കുറുനരികളുടെ നീണ്ട ശബ്ദം (ഓരി) കേൾക്കുമ്പോൾ ആപത്ഭയം പെരുത്തുതുടങ്ങി. കാലങ്കോഴിയുടെ ശബ്ദത്തിനു 'കുത്തിച്ചൂട്ട്' എന്നു പറയുന്നതിനോടു മാത്രാസാമ്യമുണ്ട്. ഈ പക്ഷിയുടെ ശബ്ദം മരണസൂചകമാണല്ലോ. ഇതെല്ലാമായപ്പോൾ കുമാരൻ ശങ്കിച്ചുതുടങ്ങി: 'അച്ഛനു.......യില്ലേ?' —തമസ്സ്=ഇരുട്ട്; മരണം എന്നും. ഉത്തരം കിട്ടേണ്ടതാരിൽനിന്നോ, ആ ആൾ 'തമസ്സിൻവയററിൽ' ആണ്ടുപോകയാൽ ആശയ്ക്കു വഴിയില്ലെന്നു സൂചന.

Digitized By Kerala Sahitya Akademi

എന്തൊരു വിലാപമി-
ങ്ങെ,ന്തൊരാൾത്തിരക്കയ്യോ,
ചെന്തീയുമാളുന്നുണ്ടു,
വളപ്പിൽത്തെക്കുവശം!
പേ പെട്ടവിധം പാഞ്ഞു
കേറിനാനവൻ വീട്ടിൽ
പേടി പൂണ്ടിതിനിട-
യ്ക്കൂഹിച്ചതെല്ലാം നേരായ്:
അച്ഛൻെറ തേജോമയ-
മെയ്യതാ, ചുടല പു-
ക്കഗ്നിജ്വാലകളായി
മേല്പോട്ടു ഗമിക്കുന്നു!
ഓടി പട്ടടയിലെ-
യ്ക്കുണ്ണിയു,മെന്നാലതിൽ-
ച്ചാട്ടുവാനൊരുങ്ങതായി-
ലാ,ളുകൾ തടുക്കയാൽ;
അച്ഛൻെറ ശവത്തോടും
ചേരരുതിവനെന്നാ-
ണിച്ഛ തൻബന്ധുക്കൾക്കു-
മീശനുമെന്നോ വേണ്ടു!

---

6. കാറണിശ്ശൂന്യം=കാറു നിറഞ്ഞ ആകാശം. ഇതു വീട്ടിലെ ശൂന്യതയെ സൂചിപ്പിക്കുന്നു. പേ പെട്ടവിധം=ഭ്രാന്തുപിടിച്ച മാതിരി.. അച്ഛൻെറ........ക്കുന്നു—ആളിക്കത്തുന്ന അഗ്നിജ്വാലകൾ അച്ഛൻെറ തേജോമയമായ ശരീരത്തിൻെറ അംശങ്ങളാണെന്നു കുമാരനു തോന്നി. സുതദുഃഖ........പിതാവ്—അച്ഛൻെറ

Digitized By Kerala Sahitya Akademi

വേത്തവൻ, സുതദുഃഖ–
ദഗ്ദ്ധമാം ദേഹം തിയ്യിൽ–
പ്പൂർത്തിയപിതാവിൻെറ
കാല്ക്കു സാഷ്ടാംഗം വീണാൻ.

* * * * *

7. ആരാണീ യുവഭിക്ഷു,–
വനേതെക്കരാരനോ?
വൈരാഗ്യലക്ഷ്മീവര–
നങ്ങിപ്പോഠം സ്വതന്ത്രൻതാൻ!
താതൻെറ ചിതയിലെ–
പ്പൂതമാം ഭസ്മംതാനോ,
ഹാ, തവ ശരീരത്തി–
ലാകവേ പൂശിക്കാണ്മൂ!

---

**ശരീരം** പുത്രദുഃഖത്താൽ മുമ്പുതന്നെ ദഗ്ദ്ധമാ(ദഹിച്ചതാ)യിരു ന്നു; അതിപ്പോഠം തിയ്യിൽ പൂർത്തി എന്നുമാത്രം.

7. യുവഭിക്ഷു=ചെറുപ്പക്കാരനായ സന്ന്യാസി. വൈരാ ........രൻ—വൈരാഗ്യലക്ഷ്മി(സംസാരത്തിൽ വെറുപ്പുകൊണ്ടുണ്ടാ കുന്ന ശാന്തി)യെ വരിച്ചവൻ (സ്വീകരിച്ചവൻ); വൈരാഗ്യശ്രീയു ടെ ഭർത്താവെന്നും. അന്നൊരു യുവതിയെ വേഠംക്കാനായി ഒളിച്ചു ചാടിയ അങ്ങയ്ക്കു സ്വാതന്ത്ര്യം പോയി, ദാസ്യം കൈക്കൊള്ളേ ണ്ടിവന്നു; പിതൃശുശ്രൂഷയ്ക്കു തരം കിട്ടിയതുമില്ല. ഇന്നു വൈരാ ഗ്യലക്ഷ്മിയെ വരിച്ചപ്പോഴോ, അങ്ങു സ്വതന്ത്രനായി; 'താതൻെറ ചിതയിലെപ്പൂതമാം ഭസ്മം'—അന്നു കുമാരൻ താതചിതയിലെ ചാരമെടുത്തു പൂശി എന്നു സൂചിപ്പിക്കുന്നു.

Digitized By Kerala Sahitya Akademi

# 8. തോട്ടത്തിൽവെച്ച്

1. ലോലപ്പൂക്കുല തിങ്ങി മാവുകൾ മണം
വീശുന്നു; കേൾക്കായ്വരു-
ന്നിലല്ലോ യുവകോകിലങ്ങളുടെ തേൻ-
ക്കൂട്ടൊത്ത പാട്ടിപ്പൊഴും;
കാലംകൊണ്ടിഹ കൃത്രിമപ്പൊറുതിയിൽ-
ത്തൃഷ്ണോദയം വന്നതിൻ
മൂലം വററിവരണ്ടിതോ മുദിതരാ-
മക്കൂട്ടർതൻ കണ്ഠവും!

2. നന്നേ നന്നു: പഴുത്തതാമില നിലം-
പൊത്തുംവിധൌ സ്വസ്ഥമായ്
നിന്നേ പച്ചയിലവ്രജം തല കുലു-
ക്കുന്നൂ പുലാവിന്നുമേൽ;

---

1. ധനുമാസകാലത്തു കേരളത്തിലെ ഒരു തോട്ടത്തിൽ ചെന്നാലത്തെ കാഴ്ചകളെപ്പററിയാണ് ഈ കൃതി. തേൻകൂട്ടൊത്ത=തേൻ ചേർന്ന (മധുരമായ). മാവുകൾ പൂത്തുകഴിഞ്ഞു; എന്നിട്ടും 'മാവു പൂത്താൽ കുയിൽ പാടിത്തുടങ്ങും' എന്ന പ്രസിദ്ധിയനുസരിച്ചു, കുയിലുകളുടെ പാട്ടു കേൾക്കുന്നില്ലല്ലോ! കൃത്രിമപ്പൊറുതി=അസ്വാഭാവികമായ ജീവിതരീതി. തൃഷ്ണ=ആഗ്രഹം; ദാഹം എന്നും. ദാഹംകൊണ്ടു തൊണ്ട വററിവരണ്ടു പോകുമല്ലോ. മുദിതരാം—പ്രകൃതിലാളനത്താൽ ആഹ്ലാദശീലരായിരുന്ന. കൃത്രിമജീവിതമെടുക്കുമ്പോൾ ലോകത്തിന്റെ നൈസർഗ്ഗികമായ സൌന്ദര്യം പോയ്പോകുന്നു എന്നഭിപ്രായം.

Digitized By Kerala Sahitya Akademi

ഇന്നത്തെഗ്ഗരുഡോപലത്തകിടഹോ,
നാളെയ്ക്കു ചെമ്പായ്‌വരാ–
മെന്നേവൻ കരുതുന്നു? വാൎദ്ധകമൊട്ടു–
ള്ളാദ്യസ്മിതം, യൌവനം!

3. വാണീലാ, വരവൎണ്ണിനീമണികഠംതൻ
വാൎകുന്തളത്തിൽസ്സുഖം;
വീണീലാ വിധിപോലെ ചെന്നു ഭഗവൽ–
പാദാരവിന്ദങ്ങളിൽ;
ക്ഷോണീധൂസരധൂളി പാറിയൊളിയും
മങ്ങിക്കിടക്കുന്നതി–
ന്നാണീ, രമ്യകുലേ പിറന്നതു ഭവാ–
നെന്നോ നറുംപുഷ്പമേ!

---

2. നീലം.......ധൌ=നിലത്തു വീണടിയുമ്പോൾ. വ്രജം=കൂട്ടം. പച്ചയില കാററു തട്ടിയിളകുന്നതു്, 'അഞ്ജിനെയാകണം' എന്നൎത്ഥത്തിൽ തല കുലുക്കുന്നതാണെന്നു കല്പനം. ഗരുഡോപലം=മരകതക്കല്ലു് (പച്ചനിറം). ഇന്നു കാണുന്ന പച്ചയില നാളെയ്ക്കു പഴുക്കുന്നു; ഇന്നത്തെ ഉൽകൃഷ്ടവസ്തു നാളെയ്ക്കു ചീത്തയാവുന്നു—ഈ പ്രകൃതിസ്വഭാവത്തെ ആരെങ്കിലും ഓൎക്കാറുണ്ടോ! 'വാൎദ്ധ.......വനം'—വാൎദ്ധക്യമെന്ന അതിഥി വരുമ്പോൾ സന്തോഷംനിമിത്തം ശരീരത്തിനുണ്ടാവുന്ന ആദ്യപ്പുഞ്ചിരിയത്രേ, യൌവനം. അതുയ്ക്കു ക്ഷണികവും, അനിഷ്ടമായ ഭാവിയോടുകൂടിയതുമാണു്, യൌവനമെന്നു താല്പൎയ്യം.

3. വരവൎണ്ണിനി=സ്ത്രീ. ക്ഷോണീധൂസരധൂളി=നിലത്തുള്ള ഒട്ടു വെളുത്ത പൊടി. രമ്യകുലേ=രമണീയമായ വംശത്തിൽ. സൽകുലജാതനായിട്ടും ഐഹികമായ സുഖം അനുഭവിയ്ക്കയോ പാരത്രികമായ സുഖത്തിനു യത്നിയ്ക്കയോ ചെയ്യാതെ പാഴായി ജീവിതം നയിച്ച ഒരാളെ ഉപദേശിയ്ക്കുന്നു.

Digitized By Kerala Sahitya Akademi

4. കണ്ടാലും ഗാഢമുദ്രിതങ്ങൾ, മുകളിൽ,-
ത്തേനിൻമയക്കം പെട്ടും
വണ്ടാകുന്നൊരരക്കിനാലമരത-
ന്നാപാടലപ്പൂവുകൾ;
ഉണ്ടാം ഗോപ്യപദാർത്ഥമൊന്നിവയി,ലെ-
ന്തായാമതെന്നാശയുൾ-
ക്കൊണ്ടാരാലിഹ കയ്യിടേണ്ട; ഫലമേ
നോക്കേണ്ടു നമ്മൾക്കിതിൽ.

5. സ്വൈരം മൺചുവടാമിരുട്ടറയിൽനി-
ന്നിങ്ങുദ്ധരിയ്ക്കപ്പെട്ടും-
നേരം കന്ദകണങ്ങളിൽച്ചിലതിതാ,
ചിത്തം കളിക്കുംവിധം
സൂരൻ പൊന്നണിയിച്ച പുത്തനലകൊ-
ന്നീക്ഷിച്ചു മന്ദസ്മിതോൽ-

---

4. ഗാഢമുദ്രിതങ്ങൾ=മുറുകെ മുദ്രവെയ്ക്കപ്പെട്ടവ. തേൻ കുടിച്ചു മയങ്ങിയ വണ്ടു മുകളിലിരിയ്ക്കുന്നതുകൊണ്ടു മുദ്രവെച്ചു സൂക്ഷിച്ചവയോ എന്നു തോന്നുന്ന അമരയുടെ ഒട്ടു ചുകന്ന പൂക്കളെക്കാണുക. ഗോപ്യം=ഒളിച്ചുവെയ്ക്കത്തക്കതു്. അമരയുടെ കായ്മാത്രമല്ലാതെ, പൂവു നമുക്കുപയോഗമുള്ളതല്ലല്ലോ. മഹാന്മാർ രഹസ്യമായൊരു കാര്യം ചെയ്യുമ്പോൾ അതറിവാൻ നാം ശ്രമിയ്ക്കരുതു്; അതിന്റെ ഫലത്തെ കാത്തിരുന്നാൽ മതി.

5. സ്വാതന്ത്ര്യം പ്രാപിച്ച ഒരധഃകൃതന്റെ സ്ഥിതി. സ്വൈരം=യഥേഷ്ടം. മൺചുവട്=മണ്ണിന്റെ അടി. 'ഉദ്ധ........നേരം'=പറിച്ചെടുക്കപ്പെടുമ്പോൾ. കന്ദഗണങ്ങൾ=കിഴങ്ങുകൾ (ചേനമു

Digitized By Kerala Sahitya Akademi

ഗാരം കൊൾകവിതു, തുമ്പ തട്ടി മുറിവാ-
ന്നോടത്തെഴും വെണ്മയാൽ.

6. കണ്ടാമാശ്രയമാന്ന വാഴകൾ പൊറു-
പ്പിന്നായ്പ്പണിപ്പെട്ടു നെ-
യ്യുണ്ടാക്കീടിന പച്ചമുണ്ടുകളണ-
ക്കോലിൽക്കിടന്നാടവേ,
കണ്ടാഞ്ഞേററവയിൽപ്പൊടിച്ചുട പറ-
പ്പിയ്ക്കുന്നു; പോരാ, മദം
കൊണ്ടാഹന്ത, വിലിച്ചിതാ, ചറുപറെ-
ച്ചീന്തുന്നു ചണ്ഡാനിലൻ!

7. കാലം നന്നാ,ഖിലത്തെയും ഹ ഹ, വിറ-
പ്പിയ്ക്കുട്ടെ നിൻവിക്രമോ-

---

തലായവ). പുത്തനുലക്—ഇരുണ്ട മൺചുവട്ടിൽത്തന്നെ കഴി ഞ്ഞുകൂടിയ ഈ കിഴങ്ങുകൾ, സൂര്യപ്രകാശത്തോടുകൂടിയ ഈ ലോകം മുമ്പു കണ്ടിട്ടില്ലല്ലോ. മന്ദസ്മിതോൽഗാരം=പുഞ്ചിരിക്കൊള്ളൽ. തുമ്പ (കൈക്കോട്ട്) തട്ടിമുറിഞ്ഞേടത്തുള്ള വെണ്മ, സന്തോഷംനിമിത്തമുണ്ടായ പുഞ്ചിരിയാണെന്നു കല്പനം. സ്വാതന്ത്ര്യലാഭത്തിനു വേണ്ടി അനുഭവിച്ച ഏതു വേദനയും സന്തോഷഹേതുവായിട്ടേ തീരൂ എന്നാശയം.

6. കണ്ടാമാശ്രയമാന്ന=കുഴിയിൽ നില്ക്കുന്ന, താഴ്ന്ന സ്ഥിതിയിലിരിയ്ക്കുന്ന. പച്ചമുണ്ട്=ഇല. അണക്കോൽ='അണ' എന്നു പറയപ്പെടുന്ന വാഴയുടെ ഇലത്തണ്ട്; മുണ്ടു തൂക്കിയിടുവാനുള്ള വടി എന്നും. ഖദർപ്രചാരത്തെ പ്രതിബന്ധിപ്പാനുള്ള പ്രവൃത്തികളെ അപദേശിയ്ക്കുന്നു.

Digitized By Kerala Sahitya Akademi

ല്ലോലം മാരുത: മേന്മകൂടിയ കവു-
ങ്ങുണ്ടത്ര കൊണ്ടാടുവാൻ;
ഛരി, ലജ്ജാകരമമ്മരത്തൊടരുതെ-
ന്നാംഗ്യങ്ങൾ കാട്ടുന്ന തെ-
ങ്ങോലത്തുമ്പുകൾ പോരുമോ തവ ജഗൽ-
പ്രാണാഹ്വയം മാറ്റുവാൻ!

8. പച്ചക്കല്ലുകളോടു ചേൎന്ന പവിഴം
മിന്നും മണിച്ചെണ്ടണി-
ഞ്ഞുച്ചശ്രീവിളയാട്ടമിങ്ങു മുളകിൻ-
വള്ളിക്കു വായ്ക്കുംവിധൌ—
ഉച്ചണ്ഡം തവ ഭാവഭേദമുലകേ!—
നെല്ലിക്കതിൻചാരവേ-

7. വിക്രമോല്ലോലം=പരാക്രമമാകുന്ന പെരുംതിരമാല. മ ൎമ്മരം=ഓലകൾ ഇളകുമ്പോഴത്തെ ശബ്ദം. ജഗൽപ്രാണാഹ്വയം= 'ജഗൽപ്രാണൻ(=ലോകത്തിൻെറ ജീവൻ)' എന്ന പേർ. ധനമാ സക്കാററിനെ കവുങ്ങുകൾ തലയാട്ടി കൊണ്ടാടുന്നു; സുസ്ഥിരങ്ങ ളായ തെങ്ങുകളോ, ഓലത്തുമ്പിളക്കി അതിൻെറ ഉന്നയത്തെ നി ഷേധിക്കുന്നു. എന്തെല്ലാം അനീതികളും മൎദ്ദനങ്ങളും പ്രവൎത്തിച്ചാ ലും, ''നമ്മുടെ കരുണയേറിയ ഗവന്മേണ്ട്'' എന്നു കൊണ്ടാടു വാൻ ആളുകളുണ്ടാവും എന്നഭിപ്രായം.

8. അന്യൎക്ക നന്മ വരുമ്പോൾ അതിൽ വ്യസനിക്കുന്നവ രെപ്പററി: 'പച്ച........ച്ചെണ്ട്'—പച്ചയും പഴുത്തവയുമായ കായ്ക ളുള്ള തൊത്ത്(കുല). ഉച്ച........ട്ടം=മികച്ച ശോഭാവിലാസം. ഉച്ച



Digitized By Kerala Sahitya Akademi

വെച്ചയ്യോ, വിഗളിപ്പതെന്തിടയിടെ-
ക്കായ്ക്കുന്നനീത്തുള്ളികാം?

9\. വാനത്തെന്തിതു?—ഹാ, കപോതഖഗമേ,
കേഴ്ം നിനക്കിന്നു നീ-
താനത്രേ തുണ,യിപ്പരുന്തിനുടെ വായ്
പൂകാതെ രക്ഷപ്പെടാൻ;
നൂനം ഭാരതഭൂവിതിൽശ്ശിബിയൊരാ-
ളുണ്ടിപ്പൊഴും; പക്ഷെ,യ-
ദ്ദീനസ്നേഹി തപസ്സുചെയ്തരുളുകയാ-
ണേ,തോ നിഗൂഢാശ്രമേ!

10\. വന്നേറെ തപര പൂണ്ടു കാകവര, നിൻ
കുത്തുള്ള കൊക്കിൻ തല-

---

ണ്ഡം=അതിക്രൂരം. അതിൻചാരവേവെച്ച്—മുളകിൻവള്ളിയുടെ അടുത്തുവെച്ച്. വിഗളിയ്ക്കു=പൊഴിയുക.

9\. ഭാരതമഹാജനസഭയെ ഉദ്ദേശിച്ച്: കപോതഖഗം= പിറാവ്. ശിബി—പരുന്തിനാൽ ആക്രമിയ്ക്കപ്പെട്ട ഒരു പിറാവിനെ രക്ഷപ്പെടുത്താൻവേണ്ടി, പരുന്തിനു തിന്മാൻ തന്റെ ശരീരത്തിലുള്ള മാംസം അരിഞ്ഞുകൊടുത്ത ഔശീനരരാജാവ്. ദീനന്മാർ=വലഞ്ഞവർ. നിഗൂഢാശ്രമേ=രഹസ്യമായ ഒരാശ്രമത്തിൽ (രാഷ്ട്രീയനേതാക്കന്മാരെ ഇട്ടടയ്ക്കുന്ന കാരാഗൃഹത്തിൽ).

10\. തപര=വെമ്പൽ. കാകവരൻ=നല്ല കാക്ക. എന്നേ= അമ്പ! പാൾ്പങ്ങരൾ=ഇരുവശങ്ങൾ. കട............ധി=കഠിനമായ

Digitized By Kerala Sahitya Akademi

പ്പെന്നോ, വെച്ചരസുന്നതെന്തിനു മര_
ക്കൊമ്പിൻെറ പാശ്ചങ്ങളിൽ?
ഇന്നേത്തെക്കടുജീവിതാഹവവിധി_
യ്ക്കിള്ളപ്പു പോരാതെയായ്
വന്നേയ്ക്കാം; ശരി, മൃച്ചകൂട്ടുകിനിയും
തന്നായുധത്തിന്നെടോ!

---

ജീവിതസമരം. ജീവിതസമരത്തിൻെറ കടപ്പം കൂടിക്കൂടിവരുന്ന തിനെ ഉദ്ദേശിച്ച്.

Digitized By Kerala Sahitya Akademi

# 9. "നിങ്ങൾതൻ പോക്ക വിപരീതമാകൊലാ"

(കാകളി)

1. ഏതൊരു യക്ഷി വഴി പിഴപ്പിച്ചിതീ–
പ്പൂതമാർഗ്ഗൈകചരരായ നിങ്ങളെ!
ഇങ്ങുമടങ്ങുവിൻ,നിങ്ങ മടങ്ങുവിൻ:
നിങ്ങൾതൻ പോക്ക വിപരീതമാകൊലാ;
കാര്യസിദ്ധിയ്ക്കു കിഴക്കോട്ടു പോകേണ്ട
കാലുകളയ്യോ, പടിഞ്ഞാട്ടു നീങ്ങൊലാ!

2. വൃക്ഷാന്തരങ്ങളിലൂടേ നമുക്കിപ്പൊ–
ഴക്ഷിവിഷയമായ്ത്തീന്ന വന്മേടകൾ
വാനിൻതലയ്ക്കൽപ്പതിഞ്ഞ വെൺകാറുക–
ളാണ്,വ കാറെറാന്നടിയ്ക്കിലുടഞ്ഞുപോം.

---

1. സ്വരാജ്യകക്ഷിക്കാരുടെ നിയമനിർമ്മാണസഭാപ്രവേശോദ്യമം ശുഭോദർക്കമല്ലെന്ന ആശയത്തിന്മേൽ എഴുതപ്പെട്ടത്: പൂത........രർ=പരിശുദ്ധമായ മാർഗ്ഗത്തിലൂടേ (അസഹകരണപ്രസ്ഥാനത്തിലൂടേ)മാത്രം സഞ്ചരിച്ചിരുന്നവർ.

2. വൃക്ഷാന്തരം=മരങ്ങളുടെ പഴുത്. അക്ഷിവിഷയം=കാണാവുന്നത്. ആകാശത്തിൽ നില്ക്കുന്ന വെൺമേഘങ്ങളെ മരപ്പഴുതിലൂടേ കണ്ട്, അത് അകലെയുള്ള ഒരു വെണ്മാളികയാണെന്നു തെറ്റിദ്ധരിയ്ക്കൊല്ലേ! അസ്മാദൃശന്മാർ=നമ്മെപ്പോലുള്ളവർ. സാ

Digitized By Kerala Sahitya Akademi

സൌധങ്ങളെങ്കിലെന്തു,സ്സാദൃശമാക്കു
സാധുപർണ്ണാലയമാണു, വിശ്രാന്തിദം:
ഔദാര്യമത്രയും ഭീരുവാണു;—ത്തുംഗ—
സൌധമേറില്ലതു വീഴ്ച ശങ്കിയ്ക്കയാൽ!

3. മാൻതോൽ പുതച്ച ചെന്നായ്ക്കളും, മീതെ ന—
ന്മാന്തളിർ ചിന്നിയ മുള്ളിൻകുഴികളും,
തേൻപഴം തിങ്ങും വിഷദ്രുക്കളും—വയ്യ:
നാം പോയണവതക്കാട്ടുവഴിയിലാം!

4. പേശലധർമ്മശാലാകൃതി കാട്ടുന്ന
പാശികളിപ്പുര താവളമാക്കിയാൽ,
പാഥേയമൊക്കെപ്പണയത്തിലാപ്പെട്ടു
പാന്ഥരഗതികളാകയെന്നേ വരൂ.

---

ധുപർണ്ണാലയം=എളിയ ഇലക്കുടിൽ. വിശ്രാന്തിദം=വിശ്രമം നല്കുന്നതു്. ഉത്തുംഗസൌധം=ഉയർന്ന മാളിക, പ്രഭുക്കളുടെ അടുക്കൽ എന്നർത്ഥം. അതിഥികളായിച്ചെല്ലുന്ന പഥികർക്കു് ഔദാര്യവും വിശ്രമവും ലഭിയ്ക്കേണമെങ്കിൽ, ചെല്ലുന്നതു് ഉത്തുംഗസൌധത്തിലായിരിയ്ക്കരുതു്.

3. ദ്രുക്കൾ=മരങ്ങൾ. പുറത്തു് ആകർഷകങ്ങളായ ഗുണങ്ങളും ഉള്ളിൽ ദുരന്തങ്ങളായ ദോഷങ്ങളുമുള്ള ഒരു കാട്ടുവഴിപോലുള്ളതാണു്, ആ സ്ഥലം!

4. പേശ..........ട്ടുന്ന=നന്നു കൂടുന്ന ധർമ്മശാലയാണെന്നു തോന്നിയ്ക്കുന്ന. പാഥേയം=വഴിച്ചെലവിന്നു കരുതിയ ധനം. കളിയ്ക്കണമെന്ന ഉദ്ദേശം തീരെ ഇല്ലാത്താളായാലും, പാശികളിസ്ഥലത്തു ചെന്നാൽ, ഒടുവിൽ ആ വലയിൽ കുടുങ്ങിപ്പോയേയ്ക്കും.

Digitized By Kerala Sahitya Akademi

5. ദേശവും കാലവും ലോകസ്വഭാവവും
ലേശം പിഴയ്ക്കാതെ കണ്ടുവെയ്ക്കുന്നതിൽ
വിസ്മയനീയദൃക്പാടവമുള്ളവ-
രസ്മൽഗുരുക്കളസത്യപരാങ്മുഖർ.
ഹിംസാവിഷപ്പല്ലിളക്കിപ്പറിപ്പവർ,
സംസാരമായയെസ്സസ്മിതം നോക്കുവോർ,
ക്ലേശങ്ങളെ മടികേററി ലാളിപ്പവർ,
നാശമകിഞ്ചനത്വത്താലകററുവോർ;
അമ്മഹാത്മാക്കൾ വെട്ടിഞ്ഞ വഴി പിടി-
ച്ചു,മ്മയ്ക്കു ശോഭ്യരാം മക്കളാകൊല്ല നാം!

6. കാൽകൾക്കടിയ്ക്കൂടി മന്തു കേററിക്കഴ-
പ്പേകും മണൽപ്പരപ്പിങ്കലെയ്ക്കല്ലയോ
പോകുന്നു, പച്ചവില്ലിസ്സു വിരിച്ചിട്ട-
താകുന്ന പുൽപ്രദേശത്തെ വെടിഞ്ഞു നാം?

---

5. ദേശ.................മുള്ളവർ—ഇന്നിന്ന ദേശ-കാല-ലോകസ്വഭാവങ്ങളിൽ ഇന്നിന്നവിധം പ്രവൃത്തിയ്ക്കേണമെന്നു കണ്ടുവെയ്ക്കുന്നതിൽ ആശ്ചര്യകരമായ ദർശനസാമർത്ഥ്യമുള്ളവർ. അസ്മൽഗുരുക്കൾ=നമ്മുടെ നേതാക്കന്മാർ. ഹിംസാവിഷപ്പല്ല്—മനുഷ്യരുടെ ഹിംസകത്വമാകുന്ന വിഷപ്പല്ല്. സസ്മിതം=പുഞ്ചിരിയോടുകൂടി. നാശം=സമ്പൽക്ഷയം. അകിഞ്ചനത്വം=ദാരിദ്ര്യം; എല്ലാം ത്യജിച്ചവർ എന്നർത്ഥം.

6. കാൽകൾ........രപ്പ്—മണലിൽ നടക്കുമ്പോൾ, അടിയ്ക്കൂടി കാൽ അതിൽ പൂഴ്ന്നുപോകുന്നതുകൊണ്ടു കാലിന്മേൽ മന്തുകേറിയമാതിരിയാകുമല്ലോ.

Digitized By Kerala Sahitya Akademi

7. എത്ര കുടിയ്ക്കിലും ദാഹം കെടാത്തപോ,–
ലെന്തു ചെലുത്തുന്ന വായ പിളൎത്തിയും
തീരങ്ങൾ തല്ലിത്തകൎത്തുമിരമ്പുന്ന
ഘോരാൎണ്ണവമാണു, നിങ്ങൾക്കു മുൻവശം;
പിമ്പിലോ, വീചികൾകൊണ്ടു വിപഞ്ചിക–
കമ്പികൾ മീട്ടും പ്രശാന്തസരിത്തുകൾ—
അങ്ങുപ്പുവെള്ളം നിറഞ്ഞ കൊട്ടംകട–
ലി,ങ്ങോ പ്രസന്നങ്ങൾ പാൽപ്പുഴച്ചാലുകൾ:

8. പശ്ചിമദിക്കിലെപ്പൊൻപൂച്ച നിങ്ങളെ–
പ്പിച്ചുപിടിപ്പിച്ചുവെന്നോ വിദഗ്ദ്ധരേ?
അസ്തോന്മുഖമാം മഹസ്സിൻ പടുതിരി–
കത്തലാണ,ക്കണ്ട കാന്തിപ്പകിട്ടുകൾ.
നിത്യമുദയമെങ്ങങ്ങോട്ടു പോക, നാം;
അസ്തമയാഭിമുഖത്വം തമോഗുണം!

---

7. വായ—അഴിമുഖം. കൊട്ടംകടൽ, അഴിമുഖമാകുന്ന വാ പിളൎത്തി തിരക്കൈകളെക്കൊണ്ടു തീരങ്ങൾ തല്ലിത്തകൎത്തിരമ്പുന്നതു്, നാനാനദികളിൽനിന്നു നിരന്തരം കിട്ടുന്ന വെള്ളം എത്ര കുടിച്ചിട്ടും ദാഹം പൊറായ്കയാലാണെന്നു കല്പനം. പാൽപ്പു........കൾ—പാൽപോലെ മധുരമായ ജലമുള്ള പുഴകൾ.

8. പൊൻപൂച്ച്—അന്തിച്ചുകപ്പ്. വിദഗ്ദ്ധർ=ബുദ്ധിസാമൎത്ഥ്യമുള്ളവർ. അസ്തോ............സ്സ്=അസ്തമിയ്ക്കാൻ പോകുന്ന തേജസ്സ് (സൂൎയ്യൻ). നിത്യ..............ങ്ങോട്ട്—കിഴക്കോട്ടു്; ഇപ്പോഴല്ലെങ്കിൽ കുറച്ചു കഴിഞ്ഞിട്ട്, അവിടെ ഉദയമുണ്ടെന്നു തീൎച്ചയാണല്ലോ. അസ്ത..............ത്വം=അസ്തമയത്തിനഭിമുഖമാവൽ, പടിഞ്ഞാട്ടു നോക്കിപ്പോവൽ. തമോഗുണം=ഇരുട്ടിന്റെ സ്വഭാവം. അസ്തമയത്തോടാഭിമുഖ്യമുണ്ടാവുക തമസ്സിന്നു മാത്രമാണല്ലോ.

Digitized By Kerala Sahitya Akademi

# 10. പരീക്ഷയിൽ ജയിച്ചു

(കേക)

1. "മൽപ്രാണാനിലനിന്നു
നിൻകാററിലുരംചേൎന്നല്ലോ;
ക്ഷിപ്രമെൻജഡം തവ
നീരിലും ലയിയ്ക്കട്ടേ!"

2. വേറെയെന്തപേക്ഷിയ്ക്ക-
മാഴിയോട,നാഥയായ്-
ഘോരസന്താപംകൊണ്ടു
വെന്തുരുകുവോരുവരം;
അന്തിയ്ക്കു തിരിച്ചെത്തി
മീൻപിടുത്തക്കാർ മുററും;

---

1. മീൻപിടിപ്പാൻ പോയ ഭത്താവു കടലിൽ മറിഞ്ഞുപോയ വിവരമറിഞ്ഞ ഒരു സാധ്വി കടലിൽ ചാടി മരിപ്പാനൊരുങ്ങിച്ചെന്നു കരയ്ക്കുനിന്നു പറയുന്നു: മൽപ്രാണാനിലൻ=എന്റെ ജീവവായു—ഭത്താവ്. എൻജഡം=എന്റെ (ഈ) ചേതനയില്ലാതായ ശരീരം. പ്രാണാനിലൻ പോയാൽ ശരീരം ജഡമാകുമല്ലോ. 'ജഡ'(ല)ത്തിന്നു വെള്ളമെന്നും അത്ഥം. പ്രാണവായുവിന്നു കാററിലെന്നപോലെ, ജഡ(ല)ത്തിന്നു നീരിലും ഉരംചേരുവാൻ അഹ്ത യുണ്ടല്ലോ.

2. ഘോരസന്താപം=കഠിനമായ ദുഃഖം(ചൂടു)കൊണ്ടു വെന്തുരുകുന്നവൾക്കു തല്ക്കാലം തന്നെ നീരിൽ ചേപ്പാനല്ലാതെ ഒന്നും അപേക്ഷിപ്പാനില്ലല്ലോ. തദനന്തരം—തന്റെ ജീവിതത്തെ

Digitized By Kerala Sahitya Akademi

ഹന്ത, കൂട്ടത്തിലൊരാ-
ളില്ല—വളുടെ കാന്തൻ!
കാലസിന്ധുവിലാണ്ടു
തന്നേകസൂര്യൻ; ക്ഷണാ-
ലീ ലോകമിരുൾതിങ്ങി-
ശ്ശൂന്യമായ്ക്കണ്ടാളവൾ!
അപ്പൊഴേ തുടർന്നും,
ബന്ധുക്കൾ തടുക്കയാൽ
നിഷ്ഫലമായ്പ്പോയതു-
മാകിയ നിജകാര്യം—
ദേഹസന്ത്യാഗം—ഗൂഢം
സാധിക്കുന്നതിനത്രേ,
സ്നേഹചോദിതയവൾ
പാതിരയ്ക്കിഹ വന്നു!

3. പ്രേമത്തിൻകുരുന്നുകൾ-
പോലവേ തനിക്കു ര-
ണ്ടോമനക്കിടാങ്ങളു-
ണ്ടു;..വർതൻ ഭാരമവൾ

---

പ്രകാശമാനമാക്കിയിരുന്ന ഒരേ ഒരു ഭർത്താവ്. കാലസിന്ധു=കാലമാകുന്ന സമുദ്രം. അവളുടെ ഭർത്തൃദുഃഖവും അപ്പോഴത്തെ പ്രകൃതിയും (സൂര്യനസ്തമിക്കുക, ഇരുട്ടാവുക) വർണ്ണിക്കപ്പെട്ടു. സ്നേഹചോദിത=ഭർത്തൃപ്രേമത്താൽ ദേഹത്യാഗത്തിന്നു പ്രേരിപ്പിക്കപ്പെട്ടവൾ. ഇഹ—സമുദ്രതീരത്ത്.

Digitized By Kerala Sahitya Akademi

ഒട്ടമേ മടിയ്ക്കാതെ-
    രയല്പിച്ചാറു, തത്താതനെ
നഷ്ടനാക്കിയ ജഗ-
    ദീശൻെറ കയ്യിൽത്തന്നെ!

4. പാരെല്ലാം പൊതിഞ്ഞ ക്രൂ-
    രിരുളിൽ മറഞ്ഞിലാ
താരകാസമുജ്ജ്വല-
    മവറുതൻ ഭർത്തൃസ്നേഹം:
കേവലം വായിച്ചിട്ടി-
    ല്ലനുരാഗാഖ്യാനങ്ങറു;
ഭാവഹാവാദികള-
    മഭ്യസിച്ചിട്ടില്ലവറു;
അക്ഷരപരിജ്ഞാനം
    തന്നെയില്ലവറുക്കു;-നാ-
ലസ്സലായറിയാമേ,
    പതിയെ സ്നേഹിയ്ക്കുവാൻ.

---

3. തത്താതൻ=അവരുടെ അച്ഛൻ. 'ഇവരെ ഈശ്വരൻ കാത്തുകൊള്ളട്ടെ' എന്നു കരുതി അവറു കുട്ടികളെ വിട്ടുപോന്നു: 'ഈ കിടാങ്ങളെ രക്ഷിയ്ക്കേണ്ടുവനായ ആളെ അങ്ങു നശിപ്പിച്ചുവല്ലോ; ഇനി ഇവരെ അങ്ങുതന്നെ രക്ഷിച്ചുകൊള്ളുക!' എന്നാവാം അവറു ആലോചിച്ചതു്.

4. താരകാസമുജ്ജ്വലം=നക്ഷത്രംപോലെ മിന്നിത്തിളങ്ങുന്നതു്. നക്ഷത്രം ഏതു ക്രൂരാക്കുരിരുട്ടിലും മറഞ്ഞുപോകയില്ലല്ലോ. കാപട്യം, വഞ്ചന, ക്രൂരത എന്നിവയാൽ ഇരുളടഞ്ഞ ലോക

Digitized By Kerala Sahitya Akademi

ദുർമ്മൃതിപാതാളത്തിൽ-
കൊണ്ടുതള്ളാനോ നല്കീ,
ബ്രഹ്മനസ്സാധുസ്ത്രീയ്ക്കു
സാവിത്രിയുടെ ചിത്തം!

5. കരയിൽക്കൈക്കുപ്പിനി-
ന്നിടരോടവൾ ചെയ്ത
കരുണവിജ്ഞാപനം
കേട്ടുവോ കടലാവോ?
നരയാൽച്ചിരിച്ചെന്തോ
ശബ്ദമുണ്ടാക്കിക്കൊണ്ടു
തിരകൾ ചുരുട്ടൽതാൻ
തനിയ്ക്കപ്പോഴും ജോലി!

---

ത്തിൽ ഒരിടത്ത്, ആ ഇരുട്ടിനാൽ ബാധിയ്ക്കപ്പെടാതെ അവളുടെ പ്രേമം പ്രകാശിച്ചു എന്നഭിപ്രായം. കേവലം=ഒട്ടം. ആഖ്യാനങ്ങൾ=കഥകൾ. ഭാവഹാവാദികൾ—ഭാവം (=രതി മുതലായ സ്ഥായീഭാവങ്ങളും, നിർവേദം മുതലായ വ്യഭിചാരീഭാവങ്ങളും) ഹാവം (ശൃംഗാരചേഷ്ട) മുതലായവ. ബ്രഹ്മൻ=ബ്രഹ്മാവ്. സാവിത്രിയുടെ ചിത്തം—ഭർത്തൃസ്നേഹപരമായ ഹൃദയം: സാവിത്രിയ്ക്ക് അങ്ങനെയൊരു ഹൃദയം കൊടുത്തത് അവളുടെ ശ്രേയസ്സിന്നാണ്; ഇവൾക്കു ദുർമ്മൃതി വരുത്തുവാനാണെന്നോ!

5. കരുണവിജ്ഞാപനം=വ്യസനപൂർണ്ണമായ അറിയിപ്പ്. (ആദ്യത്തെ ഈരടിയിൽപ്പറഞ്ഞത്) എല്ലാം മംഗളമായിത്തന്നെ കലാശിയ്ക്കുമെന്നറിവുള്ള ആ അപാരതയ്ക്ക് ഇതൊക്കെ ചില നേരംപോക്കുകൾ മാത്രമാണല്ലോ.

Digitized By Kerala Sahitya Akademi

6. ഭർത്തൃസാലോക്യം ഭക്ത്യാ
നേടിട്ടാഗ്ഗഭീരമാ-
മത്യാപൽപ്പരപ്പിലെ-
യ്ക്കിറങ്ങിക്കൊണ്ടാളവൾ;
ആവതെന്തി,താ, ചിക്കെ-
ന്നൂരിവീഴുന്നൂ ഭൂമി-
ദേവിതൻ തിരുമാറിൽ-
നിന്നൊരു സാധ്വീരത്നം!

7. കാന്തവിശ്ലേഷോദഗ്ര-
വേദനാമൂലം പരി-
ക്ലാന്തയാമവൾ പിന്നെ-
ദ്ദീർഘവിശ്രമത്തിനായ്
കമിഴ്ന്നു കിടന്നാൾ പി-
മ്പോട്ടു പോമലച്ചാത്തിൽ,-
ക്കിമപി വിരി ചുളി-
ഞ്ഞൊരു മെത്തയിൽപ്പോലെ!

8. മുന്നോട്ടും പിറകോട്ടു-
മൂർമ്മിനിതയായിട്ടു-

---

6. ഭർത്തൃസാലോക്യം—ഭർത്താവു പോയ ലോകത്തിൽത്തന്നെ എത്തുക. ഗഭീ..........രപ്പ്—അഗാധമായി, ഭയങ്കരമായി, ആപല്പൂർണ്ണമായി പരന്നുകിടക്കുന്ന സമുദ്രം.

7. കാന്ത................ക്ലാന്ത=ഭർത്തൃവിയോഗത്താലുണ്ടായ തീവ്രമായ ദുഃഖംമൂലം ഏററവും തളർന്നവൾ. ദീർഘവിശ്രമം=നീണ്ട വിശ്രമം—മരണം. ആത്മഹത്യയിലെ ഭാവഭേദങ്ങളൊന്നും അവൾക്കുണ്ടായില്ല. നേരേമറിച്ച് ഒരു വിശ്രമാരംഭത്തിലെ ആശ്വാസമാണുണ്ടായത്!

Digitized By Kerala Sahitya Akademi

ത്തനപ്ചിയനാദ്ര്യമൂഞ്ഞാൽ-
　　കട്ടിലിലാട്ടുംനേരം,
ദുബ്ബലമൊരു കൈ വ-
　　ന്നവളെക്കരയ്ക്കേററി;
സൽപ്പതിവ്രതയാളെ-
　　ത്തൊട്ടിതോ പരപുമാൻ?
ഇല്ലില്ല: തിരകളാൽ
　　തീരപ്രാപിതനായ
വല്ലഭനുടെ മാറിൽ...
　　ത്തന്നെയാണവൾ വീണ്ടും!

9. പ്രേമത്തെപ്പരീക്ഷിപ്പാ-
　　നായ്വരാ,മീശൻ ചെയ്ത-
തീ മറിമായ;-മതിൽ-
　　ജ്ജയമേ സതി നേടി.

---

8. ഊമ്മിനീത—തിരകളാൽ കൊണ്ടുപോകപ്പെട്ടവൾ. ആഢ്യം—അവൾ എളിയ സ്ഥിതിയിലിരുന്നവളാണല്ലോ. ദുഃഖകരമായ ഈ സ്ഥിതിയും അവൾക്കൊരു പുതുസുഖത്തെയാണ് നല്കിയത്. ദുബ്ബലം—ആ കൈ നന്നെ തളൎന്നിരിക്കുന്നു. തീരപ്രാപിതൻ=കരയ്ക്കണയ്ക്കപ്പെട്ടവൻ. അയാൾ ഇന്നവിധം രക്ഷപ്പെട്ടു എന്നും, അയാൾ പത്നിയെ എടുത്തു മാറോടണച്ചു എന്നും അപ്പോഴേ അവൾ സംഗതിയെല്ലാമറിഞ്ഞുള്ളു എന്നും ഈ വരികൊണ്ടു വെളിപ്പെടുന്നു.

9. 'സതി' എന്നു സമാന്യമായി പറഞ്ഞതുകൊണ്ടു, പതിവ്രതകളെ പരീക്ഷിച്ചു തോല്പിക്കാൻ ഈശ്വരനും കഴികയില്ലെന്നു ധ്വനിക്കുന്നു.

Digitized By Kerala Sahitya Akademi

# 11. “ഭാരതസ്ത്രീകൾതൻ ഭാവശുദ്ധി”

(മഞ്ജരി)

I

1. “തസ്കരനല്ല ഞാൻ; തെമ്മാടിയല്ല ഞാൻ;
മുഷ്കരനല്ല ഞാൻ മുഗ്ദ്ധശീലേ;
ദേവിതൻ ദാസ്യം കൊതിയ്ക്കുമൊരുത്തൻ ഞാൻ;
ഈ വീടിവിടെയ്ക്കു ദാസഗൃഹം!
ഭക്തൻെറയല്പമാമച്ഛനം കൈക്കൊണ്ടു
ഭദ്രമാക്കീടുകെ,ൻഭാവികാലം!

2. ആനീലസുസ്നിഗ്ദ്ധപക്ഷ്മനിബിഡമാ-
മീ നീളമേറിയ ലോചനത്താൽ

---

1. ഹുമയൂൺ ചക്രവത്തിയ്ക്കു യദൃച്ഛയാ ഒരു ഹിന്ദുസ്ത്രീയിൽ അഭിനിവേശമുണ്ടായതറിഞ്ഞ് ഉററ പരിചാരകനായ ഉസ്മാൻ ഖാൻ, പെട്ടെന്ന് അദ്ദേഹത്തിൻെറ ഇഷ്ടം സാധിപ്പിച്ചുകൊടുത്തു മേന്മ നേടുവാനായി, ഒരു ദിവസം അവളെ ചതിപ്പണിയാൽ തൻെറ വാസസ്ഥലത്തെത്തിച്ചതിന്നു ശേഷം, സംഭ്രാന്തയായ അവളെ ആശ്വസിപ്പിയ്ക്കാൻ നോക്കുന്നു: മുഷ്കരൻ=ക്രൂരൻ. കക്കാനല്ല, ദോഷപ്പെടുത്താനല്ല, ദ്രോഹിപ്പാനുമല്ല ഞാൻ ഭവതിയെ ഇങ്ങോട്ടെത്തിച്ചത്; പൂജിപ്പാനാണ്. ഭദ്രം=മംഗളം.

2. ഇതു കേട്ടിട്ടും ഉദ്ദേശമറിയാതെ അവൾ പകച്ചുനോക്കുന്നതു കണ്ടു പറയുന്നു. ആനീ..........ഡം=കറുത്തു മിനുത്ത പക്ഷ്മങ്ങൾ (=ഇമരോമങ്ങൾ) ഇടതിങ്ങിയത്. ഭാമിനി=സുന്ദരി. ഇപ്പീ

Digitized By Kerala Sahitya Akademi

പെണ്മാൻ കണക്കെപ്പകച്ചിങ്ങു നോക്കുവാൻ,
തന്മുന്നിൽച്ചെന്നായയല്ല നില്പതു.
സാമാന്യപൂരുഷനല്ല ഭുജിക്കേണ്ടു
ഭാമിനി, ദിവ്യമാം ത്വത്സൌന്ദര്യം;
ഇപ്പീയൂഷത്തെസ്സൽപാത്രത്തിലാക്കാനാ-
ണത്ഭുതദർശനേ, മൽപ്രാരംഭം:
നമ്മുടെ സമ്രാട്ടാം പൊന്തിരുമേനിയായ്-
സ്സമ്മേളിപ്പിയ്ക്കുവാൻവേണ്ടിയത്രേ,
ക്ഷേത്രത്തിൽനിന്നു തിരിച്ചുപോം ദേവിയെ-
സ്സത്രത്തിൽ ഞാനിങ്ങു കൊണ്ടുപോന്നു.

3. ദേവിതൻ മേനാവെട്ടപ്പവരിങ്ങോട്ടു,
നേർവഴി മാററി നടക്കാനായ് ഞാൻ
സ്വർണ്ണനാണ്യങ്ങൾ ചൊരിഞ്ഞു,പ്പരിഷതൻ
കണ്ണുകൾ മഞ്ഞളിപ്പിച്ചിരുന്നു.

4. പൊങ്ങിപ്പരന്ന മാത്തട്ടിതു നിശ്വാസം
തങ്ങിത്തുളുമ്പുവതെന്തിനയ്യോ?

---

പീയൂഷം=നിൻെറ സൌന്ദര്യമാകുന്ന അമൃതു്. സൽപ്പാത്രം=നല്ല പാത്രം (ഉൽകൃഷ്ടനായ അനുഭോക്താവു്.) അത്ഭുതദർശനേ=കണ്ടാലാശ്ചര്യമുളവാക്കുന്ന സുന്ദരി. സമ്രാട്ടു്=ചക്രവർത്തി. സമ്മേളിപ്പിയ്ക്കു=ചേർക്കുക.

3. മേനാവെട്ടപ്പവർ വഴി തെററിപ്പോന്നതു ദേവിയെ വഞ്ചിയ്ക്കേണമെന്ന ഉദ്ദേശത്താലല്ല; അവരുടെ കണ്ണു മഞ്ഞളിച്ചുപോയതിനാലാണു്.

Digitized By Kerala Sahitya Akademi

കാലേ സമാഗതമാകിയ ഭാഗ്യത്തിൻ
കാൽ കഴുകിപ്പതു കണ്ണീർകൊണ്ടോ!

5. ജാതി പോമെന്നൊരു ചിന്ത ഭവതിതൻ
വാർതിങ്കൾവക്ത്രത്തിൽക്കാറാകൊല്ലേ:
എൻതമ്പുരാനുടെയന്തഃപുരത്തിലെ
ഹിന്ദുസ്ത്രീയെന്നൊന്നും ഹിന്ദുസ്ത്രീതാൻ;
അപ്പപ്പോൾ തന്നോടുചേരും നദികളെ-
യപ്പു പിടിപ്പിയ്ക്കില്ലിസ്സമുദ്രം!
അന്യമതദ്വേഷമുണ്ടോ മുഹമ്മദ-
മനോർമണികൾക്കു പണ്ടുപണ്ടേ?
ഈ ഹുമയൂൺചക്രവത്തി വിശേഷിച്ചു-
മാഹിതാത്മാവതിസാമ്യനിഷ്ഠൻ;
അള്ളാവിനൊപ്പമക്കല്യൻ പ്രജകളി-
ലെല്ലാം പുലത്തുന്നു സ്വസ്വധർമ്മം."

---

4. ഇതു കേട്ടപ്പോൾ അവൾ തനിയ്ക്കു ചാരിത്രഭംഗം വരാനുടത്തതോത്തു നെടുവീപ്പിട്ടതു കണ്ടു വീണ്ടും പറയുന്നു: കാലേ=തക്കസമയത്ത്. ഭാഗ്യം വരുമ്പോൾ കരയുകയാണോ വേണ്ടത്!

5. അക്കാലത്തു മൊഗൾചക്രവത്തികളുടെ പത്നിമാരായ ഹിന്ദുസ്ത്രീകൾ, തങ്ങളുടെ ധർമ്മാചാരങ്ങളെ പരിത്യജിയ്ക്കാതെ, തങ്ങൾ അപ്പോഴും ഹിന്ദുസ്ത്രീകളാണെന്നഭിമാനിച്ചിരുന്നു. ആഹിതാത്മാവ്=(അന്യമതദ്വേഷം ചെയ്യാതിരിയ്ക്കുന്നതിൽ) ശ്രദ്ധപതിപ്പിയ്ക്കുന്നവൻ. സാമ്യനിഷ്ഠൻ=സമഭാവനയുള്ളവൻ. സ്വസ്വധർമ്മം=താന്താങ്ങളുടെ ജന്മസിദ്ധങ്ങളായ ധർമ്മാചാരങ്ങൾ.

Digitized By Kerala Sahitya Akademi

6. എന്തോ കഥിപ്പാൻ മുതിൎന്ന സുമുഖിതൻ
ചെന്തൊണ്ടിവായ്മലർ ചെററിളകി;
അപ്പൊഴെയ്യുവീശസേവകനസ്മാൻഖാ-
നല്പം പതുക്കെയായ്ക്കൈത്തുടൎന്നാൻ:—

7. "പത്തു നാൾ മുമ്പൊരു കേളീസഞ്ചാരത്തി-
ലത്തിരുമേനിയ്ക്കീ മഞ്ജുവക്ത്രം,
ഗ്രാമത്തിൽദ്ദേവിതൻ മാളികതന്നിലെ-
ത്തുമണിക്കണ്ണാടിജ്ജന്നലിങ്കൽ
കാണുമാറായ്‌വന്നു, നേൎത്ത ശരൽഘന-
ശ്രേണിയിലേണാങ്കബിംബം പോലേ;
രണ്ടുനാലാവൃത്തി തൃക്കൺ പതിച്ചു,ണി-
വണ്ടിയിൽപ്പിൻനില്ക്കുമീ ഞാൻ കേൾക്കെ,
'വിണ്മലർത്തോപ്പിലെപ്പൊൻപനിനീർപ്പൂവെ'-
ന്നുന്മുഖനായരുൾ ചെയ്തതാനും!

---

6. 'അത്ര ധൎമ്മിഷ്ഠനായ ചക്രവൎത്തി എന്തുകൊണ്ടാണ് എന്നെച്ചതിച്ചു ചാരിത്രഭംഗം ചെയ്യാൻ ഒരുമ്പെട്ടത്?' എന്നോ മററൊ ചോദിപ്പാനാവാം ചുണ്ടനങ്ങിയത്. അപ്പൊഴെയ്യ്—ദേവി വൈമനസ്യത്തോടേ വല്ലതും കടന്നു പറയുന്നതിന്നുമുമ്പ്, തനിയ്ക്കു പറയാനുള്ളതെല്ലാം പറഞ്ഞു വൈമനസ്യം തീൎക്കണമെന്നാണ് ഉസ്മാൻഖാന്റെ ഉദ്ദേശം. അല്പം പതുക്കെയാക്കിയതു പറയുന്ന വിഷയമനുസരിച്ചത്രേ.

7. നേൎത്ത............ശ്രേണി=ശരൽകാലത്തിലെ നേരിയ കാറുകൾ. ഉന്മുഖൻ=മുഖമുയൎത്തിയവൻ.



Digitized By Kerala Sahitya Akademi

8. അത്തിഥി തൊട്ടാ വിശിഷ്ടാനുഭാവൻ്റെ
വിസ്തീർണ്ണഗംഭീരമായ ചിത്തം
ഇക്കൊച്ചുമെയ്യാൽ നിറഞ്ഞിരിയ്ക്കുന്നതായ്,
നൽക്കാഴ്ചക്കൂട്ടമെൻ കൺകൾ കണ്ടു.

9. പോരെയോ ഭാഗ്യമിതാ,രുമറിയാതെ–
യാരണ്യസ്ഥാനത്തു നിന്ന പുഷ്പം,
ഭാരതലക്ഷ്മിയാൾ ചുംബിച്ച തൃക്കയ്യിൽ–
ച്ചേരുവാനല്ലോ തുടങ്ങിടുന്നു!

10. ഇന്ദിരാതുല്യയാം ദേവിയെ വേട്ടവ–
നിന്നൊരു സമ്പന്നനായിരിയ്ക്കാം;
എന്നാലിതോർക്കേണം: മൂടൽമഞ്ഞാണൊരു
കുന്നൊങ്ങി? പ്രാലേയശൈലമെന്തോ?

---

8. വിശിഷ്ടാനുഭാവൻ=ശ്രേഷ്ഠപ്രകൃതൻ. വിസ്തീർണ്ണഗംഭീരം= വിശാലമായ അറിവുള്ളതും ഇന്നവിധമെന്നു മററുള്ളവർക്കറിയാൻ കഴിയാത്തതുമായ വിസ്താരവും ആഴവുമുള്ള. ചിത്തം........കണ്ടു— എപ്പോഴും ഭവതിയെത്തന്നെ ധ്യാനിച്ചുകൊണ്ടിരിയ്ക്കുന്നതായി ബാഹ്യലക്ഷണങ്ങളെക്കൊണ്ടു ഞാൻ ഗ്രഹിച്ചു; ഇതിൽ തെററു പററിയിട്ടുമില്ല.

9. വിവരങ്ങൾ പറഞ്ഞുതീർത്തു പ്രലോഭനം ആരംഭിയ്ക്കുന്നു: ഭാരതലക്ഷ്മിയാൾ(ഇന്ത്യാസാമ്രാജ്യശ്രീ)ക്കുപോലും കാമ്യമായ തൃക്കയ്യിൽ ചേരുക എന്ന സൌഭാഗ്യാതിശയമാണ്, ഭവതിയ്ക്കു വരുവാൻപോകുന്നത്!

10. ഇന്ദിര=ശ്രീദേവി. ഇന്നൊരു........രിയ്ക്കാം—നാളെയ്ക്കു ദരിദ്രനായി എന്നും വരാം; സമ്പദ്ദേവതാതുല്യയായ ദേവിയെ

Digitized By Kerala Sahitya Akademi

കൊള്ളാമോ ശ്രേയസ്സിൽസ്സംതൃപ്തി നമ്മൾക്കു:
വെള്ളിനിലാവിൽക്കുളിച്ചു രാവും
ചെമ്പൊന്നാമാദിത്യരശ്മിയെയാരാഞ്ഞു
മുൻപോട്ടു പോവതു കാണുന്നില്ലേ?

11. നാളെയ്ക്കിവിടുന്നു ഭാരതാധീശ്വരി;
നാളെയ്ക്കീയുസ്മാനോ മുഖ്യമന്ത്രി!
ഇന്നെൻ്റെ ദേവിയെക്കേവലസ്ത്രീയായ്ക്ക-
ണ്ടന്നിറം കെട്ടു മറഞ്ഞ സൂര്യൻ
നാളെ ശ്രീഭാരതരാജ്ഞിയായ്ക്കണ്ടിട്ടു
നീളെ നിറകതിർ വാരിവീശും!

12. മോശമാമീ വീട്ടിലൊട്ടിട വാഴ്‌വതിൻ
ക്ലേശത്തെദ്ദേവി സഹിക്കവേണം:

---

വേട്ടതുകൊണ്ടാവാം, അയാൾ സമ്പന്നനായതെന്നും സൂചിപ്പിക്കുന്നു. 'ഈ പ്രാലേയശൈലം' (ഹിമവാൻ) എന്നു പറഞ്ഞതു, സംഭവം നടക്കുന്ന ആഗ്രാനഗരത്തിൽനിന്നു നോക്കിയാൽ ഹിമവാനെ കാണാവുന്നതുകൊണ്ടത്രേ. 'ഞാനതുകൊണ്ടു തൃപ്തിപ്പെട്ടു കൊള്ളാ'മെന്നാണെങ്കിൽ: കൊള്ളാ........തില്ലേ? രാവു, വെള്ളി ധാരാളമുണ്ടായിരുന്നിട്ടും പൊൻ തേടി മുന്നോട്ടു പോകുന്നു!

11. വരാൻ പോകുന്ന ശ്രേയസ്സെന്താണെന്നു്: അധീശ്വരി=ചക്രവർത്തിനി. മാത്രമല്ല, ഇതുവഴി മറ്റൊരാൾക്കുകൂടി ഉൽക്കർഷമുണ്ടാവും: 'നാളെ........മന്ത്രി!'—എൻ്റെ ദേവി ഇപ്പോഴത്തെ നിലയിലിരിക്കുന്നതു സൂര്യനുപോലും ദുഃഖകാരണമാണു്; ദേവി ഉൽകൃഷ്ടസ്ഥാനത്തെത്തിയാൽ അവിടുന്നും സന്തോഷിക്കും! ഒരു രാത്രികൊണ്ടു വരാൻപോകുന്ന വ്യത്യാസം എന്തായിരിക്കുന്നു!

Digitized By Kerala Sahitya Akademi

മാരിനീർത്തുള്ളിയ്ക്കു ചിപ്പിയുൾപ്പൂകാതെ
മാണ്പെഴും മുത്തായ്ത്തീരുവാനാം,
മാന്യരത്നാർഹമാം മന്നവൻതൻ തിരു-
മാറിലണവാനുമാവതാണോ?"

13. അത്ഥമിതൊക്കെയാണെന്നാലുരച്ചതി-
നുത്തരമെന്തിങ്ങു ചൊല്ലും താപി?
'ധീരനാം രാജാവേ, സാധുവാം സ്ത്രീയുടെ
ചാരിത്രം പോക്കൊല്ലേ' എന്നുണത്തി
ക്ഷോണീശിതാവെ നമിപ്പതുപോലെ, താൻ
വാണ മഞ്ചത്തിൽക്കമിഴ്ന്നു വീണാൾ.

II

1. ക്ലിഷ്ടയാം സാധ്വിയെക്കണ്ടു സഹിയ്ക്കാഞ്ഞോ,
പട്ടണമൊക്കയും കണ്ണടച്ചു:

---

12. മാണ്പ്=മഹിമ. മാന്യരത്നാർഹം=മേത്തരം രത്നങ്ങൾ ചാൎത്തേണ്ടതായ.

13. അത്ഥമി........തിന്ന്—ഭാഷ ഇതല്ലെന്നുമാത്രം! ഇങ്ങ്=ഇവിടെവെച്ച്; എന്തു പറഞ്ഞിട്ടും ഫലമില്ലെന്നത്ഥം. ധീരൻ—ഒരു സാധുസ്ത്രീയുടെ ചാരിത്രം പോക്കാതിരിപ്പാൻ അങ്ങേയ്ക്കു ധൈൎയ്യമുണ്ടാവും! ക്ഷോണീശിതാവ്=രാജാവ്.

1. 'പട്ട............ടച്ചു'—പട്ടണത്തിലെ ഗോപുരങ്ങളും വാതിലുകളും ജനലുകളുമെല്ലാം അടച്ചു; ജനങ്ങളെല്ലാം ഉറങ്ങി. ഒരാൾ കാണ്മാനാകായ്കയാൽ കണ്ണു ചിമ്മി; മറ്റൊരാൾ എന്തു ചെ

Digitized By Kerala Sahitya Akademi

നിശ്ശബ്ദയായി ക്രമേണ നിശീഥിനി;
വിശ്വത്തെ വീക്ഷിച്ചു നിന്നാൻ ചന്ദ്രൻ.

2. ആ ഹൂമയൂണെന്ന രാജാധിരാജനാം
മോഹനോദാരനിശീഥവേഷൻ,
ധൂപമാല്യാദിതൻ ഗ്ഗമണം വീശുന്ന
ദീപോജ്ജ്വലിതമാം പള്ളിമച്ചിൽ,
ചന്തം തികഞ്ഞൊരു ചന്ദനക്കട്ടിലിൽ,
വെൺതനിപ്പട്ടുകിടയ്ക്കതന്മേൽ
ഏകാകിയായിശ്ശയിച്ചരുളീടിനാൻ,
സൈകതത്തട്ടിൽഗ്ഗജേന്ദ്രൻപോലെ.

3. നിദ്രയ്ക്കനുമതി കിട്ടിക്കഴിഞ്ഞിട്ടി-
ല്ല,ത്തിരുമേനി തലോടിക്കൊൾവാൻ;
എന്തോ വിചാരത്തിൽസ്സഞ്ചാരംചെയ്കയാം
ഹന്ത, മഹീശൻറെയന്തരംഗം.
കൊട്ടാരം ചിന്തയാൽ ജാഗരം കൊള്ളുന്നു;
കൊച്ചുകുടില്ക്കത്രേ നിദ്രാസുഖം!

---

യ്യേണ്ടു എന്നറിയാതെ നിശ്ശബ്ദമായി നിന്നു: വേറൊരാൾ ലോകത്തിൻെറ വിഷമതയെപ്പററി ആലോചിച്ചു നില്പായി.

2. മോഹ........ഷൻ=ചന്തവും അന്തസ്സുമുള്ളതും രാത്രിയിൽ ധരിയ്ക്കാറുള്ളതുമായ വേഷത്തോടുകൂടിയവൻ. ഏകാകിയായി=രാജ്ഞിമാരോ പരിചാരികന്മാരോ ഇല്ലാതെ, ഒററയ്ക്ക്.

3. നിദ്രയ്ക്ക.........വാൻ—ഉറങ്ങുവാൻ ഒരുങ്ങിയ കിടപ്പല്ലെന്നത്ഥം. മുഖത്തു പല വികാരങ്ങളെയും സ്ഫുരിപ്പിയ്ക്കുന്ന ആ മനോരാജ്യം വിചാരിച്ചുകൊണ്ടുള്ള കിടപ്പിനെ ഒരു പുസ്തകവായനയാ

Digitized By Kerala Sahitya Akademi

എന്നാലവിടെയ്ക്കു രാജ്യതന്ത്രത്തില-
ല്ലി,ന്നേരം ബുദ്ധിയെന്നൂഹിയ്ക്കുന്നോൻ:
താരനേർക്കണ്ണു വിടൎന്നു തെളിയുന്നു,
ധീരമാം വക്ത്രത്തിൽ ശൃംഗാരവും;
മന്മഥനെന്ന മഹാകവിയാകണ-
മിമ്മനോരാജ്യത്തിൻ ഗ്രന്ഥകാരൻ!

4. നേരിയ കാലൊച്ചയൊന്നു പുറത്തള-
ത്താരാൽ ശ്രവിപ്പതായ്ത്തോന്നുകയാൽ,
കൈമുട്ട ശീഷോപധാനത്തിൽക്കുത്തിയും
കാർമുകിൽമീശ വളൎന്ന ഗണ്ഡം
മാററു കൂട്ടുന്ന തൃക്കൈത്താരിൽച്ചായ്ച്ചു,മൊ-
ന്നോററു ചെരിഞ്ഞു കിടന്നാൻ ഭൂപൻ.

5. ചിക്കെന്നൊരദ്ഭുതജ്യോതിഃപ്രവാഹമ-
പ്പൊൽക്കളിർപ്പൂമച്ചിൽ വന്നലച്ചു;

---

ക്കി കല്പിച്ചു പറയുന്നു. 'മന്മഥ......കാരൻ'.—ഈ മനോരാജ്യത്തി ന്നു കാരണം കാമനായിരിയ്ക്കണം. 'വിൺമലർത്തോപ്പിലെ പൊൻ പനിനീർപ്പൂ'വിൻെറ സ്മരണയാവാം, കണ്ണുകളെ വിടൎത്തിയതും മുഖത്തു ശൃംഗാരത്തെ സ്ഫുരിപ്പിച്ചതും.

4. ആരാൽ=അരികെ. ശീഷോപധാനം=തലയ്ക്കു് വെയ്ക്കു ന്ന 'തലയണ.'

5. അത്ഭു............ഹം=അത്ഭുതമായ ഒരു തേജസ്സിൻെറ ഒഴുക്കു്(പ്രസരണം). പൊൽക്കളിർപ്പൂമച്ച്=സ്വൎണ്ണമയമായി തണു

Digitized By Kerala Sahitya Akademi

കൺമയക്കീടുമാ മിന്നലിൻ മേഘമോ,
നമ്മുടെയുസ്മാൻഖാനായിരുന്നു:
ആയവനെപ്പോഴും ചെല്ലാം തിരുമുമ്പി-
ലാ,രും തടയില്ലരുളപ്പാടാൽ.

6. 'വിൺമലർത്തോപ്പിലെപ്പൊൻപനിനീർപ്പൂവോ'
തന്മുന്നിൽക്കാണ്മൂ കിനാവുപോലെ!
സംഭ്രമം കിഞ്ചന സ്പഷ്ടമായ്പ്പോംവിധം
തമ്പുരാനങ്ങെഴുന്നേററിരുന്നു.
തീരേ തിരുവുള്ളിലോരാത്തുള്ളൊന്നല്ലോ,
ഈ രുചിരോത്സവപ്രാദുർഭാവം.

7. പൃഥ്വീശചക്രേശ്വര, പത്തുനാളുണ്ടുന്നു
ഹൃത്തിനാൽസ്സേവിച്ച ദേവിയിതാ,

---

പ്പുള്ള നല്ല അറ. 'കൺമ........രുന്നു'—ആ പ്രകാശത്തെ കൊണ്ടു വന്നത്, ഉസ്മാൻഖാനായിരുന്നു. ഇതുകൊണ്ടു, നായികയുടേയും ഉസ്മാൻഖാൻേറയും ആകൃതിഭേദം സൂചിതമായി. അരുളപ്പാടാൽ= ചക്രവത്തിയുടെ കല്പനയാൽ.

6. കിനാവുപോലെ—താൻ ഉറങ്ങി സ്വപ്നം കണ്ടതായിരിക്കുമോ എന്ന് ആദ്യം സംശയിച്ചുപോയി. മററുള്ളവരിൽനിന്ന് ആകാരഗോപനം ചെയ്യുന്ന ഗംഭീരചിത്തനായ അദ്ദേഹത്തിനും, തൽക്കാലത്തെ സംഭ്രമം വെളിപ്പെടാതെകഴിപ്പാൻ സാധിച്ചില്ല. രുചി........ഭാവം=മനോഹരമായ ഉത്സവത്തിൻെറ വരവ്; നായികയുടെ ദർശനം.

7. കവി, അഥവാ ചക്രവത്തിയുടെ മനസ്സാക്ഷിതന്നെ പറയുന്നു. കാമം വരിച്ചുകൊൾക=ഇഷ്ടമായ വരം അപേക്ഷിച്ചു

Digitized By Kerala Sahitya Akademi

പ്രത്യക്ഷയായ്വന്നു; കാമം വരിച്ചുകൊൾക-
കെ,ത്രയോ പേക്കിഷ്ടമേകിയോനേ!

8. ദേവിയുമുസ്മാനുമാ രാജരാജൻെറ
ചേവടിയിങ്കൽ നമസ്കരിച്ചാർ.
നീണ്ട വിരലുകൾ കോത്തുപിടിച്ചുഴ-
കാണ്ട കരങ്ങൾ മടിയിൽ വെച്ചും,
കാഞ്ചനരേഖാങ്കവെൺപട്ടായിട്ട
കാൽ തൂക്കിയിട്ടമിരുന്നരചൻ,
'തെല്ലുഴഞ്ഞുള്ള കാർകൂന്തലോ, വാർകുനു-
ചില്ലിയോ, ചില്ലൊളിപ്പൂംകവിളോ,
ഏതേതു നോക്കേണ്ട'മെന്നു മൃഗാക്ഷിതൻ
മൈതന്നിൽപ്പായുന്ന കണ്ണിണയെ
ആയാസപ്പെട്ടു നിയന്ത്രിച്ചു, സാകൂത-
മായൊന്നു നോക്കിനാനാശ്രിതനെ.
'കാണിയ്ക്കയായ്വെച്ചേൻ പൊന്നുതൃക്കാല്ക്കലീ
മാണിക്യക്കല്ലിനെ'യെന്നാനവൻ.

---

കൊൾക. 'എത്രയോ പേക്കിഷ്ടമേകിയോനേ'—അങ്ങയുടെ അ പേക്ഷ എന്തായാലും, നായികയെന്നിഷ്ടമോ, അതേ അങ്ങ് ഒട്ട വിൽ സാധിപ്പിയ്ക്കയുണ്ടാവു എന്നു സൂചന.

8. കാഞ്ചനരേഖാങ്കം=സ്വർണ്ണരേഖയുള്ളത്. വാർകുനുചില്ലി=നീണ്ട കുനുത്ത പുരികം. ആയാസപ്പെട്ടു നിയന്ത്രിച്ചു—തൻ ക്കാലം പരസ്ത്രീയായ അവളെ ആവിധം സാഭിലാഷമായി നോക്കു ന്നതു മയ്യാദയല്ലല്ലോ. ഈ മാണിക്യക്കല്ല്—നായിക. മുഹമ്മദീ യർ സുന്ദരികളെ മാണിക്യക്കല്ലെന്നദ്ധ്യവസായംചെയ്യാറുള്ളതോ ക്കുക.

Digitized By Kerala Sahitya Akademi

9. ക്ഷിപ്രമവിടത്തെയുൾപ്രസാദാങ്കുരം
തൃപ്പല്ലവാധരമദ്ധ്യേ കാണായ്;
വെൺകളിയായിത,സ്സുസ്മിതമുസ്മാന്റെ
സങ്കല്പസൌധത്തിന്നെന്നോ വേണ്ടൂ!

10. സുന്ദരിയോടഥ സാദരം ചോദിച്ചു
മന്ദമധുരമായ് മന്നോർമന്നൻ:
"ഭദ്രേ, ഭവതിയ്ക്കു സമ്മതംതാനല്ലീ
ഭക്തനാമെന്നുടെ ദേവീപദം?"

11. സങ്കുചിതാംഗിയായ്സ്സാഞ്ജലിയായ് നിന്ന
മങ്കയാൾ ഗദ്ഗദം പൂണ്ടു ചൊന്നാൾ:

---

9. ഉടനെ അവിടെയ്ക്കുണ്ടായ ഉൾപ്രസാദാങ്കുരം (=മനസ്സന്തോഷത്തിന്റെ മുള—ചെറുപുഞ്ചിരി) ചുണ്ടാകുന്ന തളിരിന്റെ ഇടയിൽ പുറപ്പെട്ടുകാണായി. സങ്കല്പസൌധം=മനോരാജ്യമാളിക. അയാൾ സങ്കല്പംകൊണ്ടു പണിചെയ്ത മാളികയ്ക്കു (മുഖ്യമന്ത്രിപദലാഭം) കുമ്മായം തേയ്ക്കുക എന്ന ഒടുവിലത്തെ പണിയും കഴിഞ്ഞു!

10. ഭദ്ര=മംഗളസ്വഭാവമുള്ളവൾ. 'ഞാൻ ഭവതിയെ ദേവിയാക്കിവെച്ച് ആരാധിയ്ക്കട്ടെയോ?'

11. സങ്കുചിതാംഗി=(വിനയംമൂലം) അംഗങ്ങൾ ഒതുക്കിയവൾ. സാഞ്ജലി=കൂപ്പുകയ്യോടുകൂടിയവൾ. ഗദ്ഗദം=തൊണ്ടയിടച്ച്. ഭയം, പരിഭ്രമം, ശങ്ക എന്നിവയാൽ അവൾ വിങ്ങിവിങ്ങിപ്പറയുന്നു. 'ഞാൻ വേൾക്കപ്പെട്ടവളാണ്; ഭർത്താവു ജീവനെപ്പോലെയാണ്: അന്യനെ—'ഞാൻ ഭർത്താവായി വിചാരിയ്ക്കപോലും ഇല്ല

Digitized By Kerala Sahitya Akademi

"കന്യകയല്ല ഞാൻ—കാന്തനെൻ പ്രാണനാ-
ണ—ന്യനെ—യപ്രീതി തോന്നരുതേ!

12. ഭാവം പകന്നു നൃപനു: പരസ്ത്രീയെ-
പ്പാവയായെണ്ണുമപ്പുണ്യശ്ലോകൻ
'ഇസ്സാധ്വിയെങ്ങനെയിങ്ങു വന്നെത്തി'യെ-
ന്നുസ്താനോടൂർജ്ജസാ ചോദ്യംചെയ്താൻ
നമ്രാംഗി നീണ്ടൊരു വീർപ്പിലടക്കിത്തൻ-
നന്ദി നരേന്ദ്രന്റെ നേർക്കയച്ചാൾ!

13. വാസ്തവമെല്ലാമുണർത്തിച്ചു, സേവകൻ
ഭീത്യാ വരണ്ടുള്ള കണ്ഠവുമായ്.
പാർത്ഥിവനേത്രത്തിൽനിന്നിടിവാളൊന്നാ-
സ്സ്വാർത്ഥപരന്റെ ശിരസ്സിൽപ്പാഞ്ഞു:
"ആരങ്ങി,വനെ—യീ മൽപ്രജാദ്രോഹിയെ-
ക്കാരാഗൃഹത്തിലടച്ചിടട്ടേ!"
സ്വത്തു നിക്ഷേപിപ്പാൻ തീർത്ത നിലവറ
ലുബ്ധന്നു പാഴ്ത്തുറുങ്കായ്ത്തീരുന്നു!

---

എന്തോ മറ്റോ പറവാൻ തുടങ്ങിയപ്പോഴേയ്ക്കും ഭയമായി: രാജാവിന്നു് അപ്രീതി തോന്നിയാലോ? 'അപ്രീതി തോന്നരുതേ!'

12. പാവയാ..........കൻ=വെറുംപാവയെ എന്നപോലെ നിർവ്വികാരം കാണുന്ന പരിശുദ്ധചരിത്രൻ. ഊർജ്ജസാ=കരുത്തോടേ. നമ്രാംഗി=കുമ്പിട്ടുനില്ക്കുന്നവൾ. അവൾ നന്ദിസൂചകമായ ഒരു നെടുവീർപ്പിട്ടു.

13. ഭീത്യാ=ഭയംമൂലം. പാർത്ഥി.......ഞ്ഞു—ചക്രവർത്തിയുടെ തീക്ഷ്ണമായ നോട്ടംകൊണ്ടു് ഉസ്താൻഖാന്റെ തല ചുട്ടു.

Digitized By Kerala Sahitya Akademi

ആ മണികങ്കണസമ്മാനമാശിച്ചി–
ട്ടാമമേ കൈകൾക്ക നേടിയുസ്മാൻ!

14. “മങ്കേ, കരയാല്ല: മാലോകർകണ്ണീരെൻ–
ചെങ്കോലിതാഴിയിലെയ്യൊഴുക്കം!
മാപ്പിളമാർ ചെയ്ത തെററു മറന്നു നീ
മാപ്പീ ഹുമയൂണിന്നേകിയാലും!
ഇപ്പൊഴേ നമ്മുടെ പല്ലക്കകാർ നിന്നെ–
ത്തൽഭത്തൃമന്ദിരം പ്രാപിപ്പിയ്ക്കും;
എന്നനുജത്തി, നീ സൌഖ്യമായ് വാണാലും!”
എന്നാജ്ഞചെയ്ത നരേന്ദ്രനോടായ്
തന്വി കൃതജ്ഞത കാണിച്ചപേക്ഷിച്ചാൾ:—
“എന്നിൽത്തിരുവുള്ളമുണ്ടെന്നാകിൽ
ഭൃത്യൻെറ കുററം പൊറുക്കമാറാകണം:
മർത്ത്യന്നു കൈപ്പിഴ ജന്മസിദ്ധം!”
ഗീരിതരചന്നു രോമാഞ്ചമേററി ഹാ,
ഭാരതസ്ത്രീകൾതൻ ഭാവശുദ്ധി!

---

നീറകയായി. ലുബ്ധൻ=ലോഭം (കിട്ടണം എന്ന വിചാരം) ഉള്ള
വൻ.

14. മാലോകർ...........ഴക്കം—പ്രജകൾ എതിർക്കേണമെ
ന്നില്ല, അവർ ദുഃഖിയ്ക്കുന്നതുതന്നെ—അവരുടെ മനോവേദനത
ന്നെ—രാജാവിൻെറ അധഃപതനത്തിന്നു കാരണമാവും. മാപ്പിള
മാർ—ഇതു ഹിന്തുക്കൾ പറയാറുള്ളതിൻെറ അനുവാദമാണ്. ഭൃത്യ
ന്മാർ ചെയ്ത തെററിന്നു ചക്രവർത്തി മാപ്പു ചോദിയ്ക്കുന്നു! ഗീര്=വാ
ക്ക്. ഭാവശുദ്ധി=സ്വഭാവനൈർമ്മല്യം.

Digitized By Kerala Sahitya Akademi

15. 'ഉസ്മാൻ, നീയാരെയോ കഷ്ടപ്പെടുത്തിയി-
ന്നു,സ്സാധ്വിതാൻ നിന്നെസ്സംരക്ഷിച്ചു!
'ബാലികേ, കൈക്കൊൾക, മാമകപ്രീതിത-
ന്നീ ലഘുചിഹ്നം'മെന്നൂഴിനാഥൻ
ഏറെ വിലപ്പെട്ട നന്മുത്തുമാലയ-
ങ്ങൂരിയെടുത്തവൾതൻ കഴുത്തിൽ,
അച്ഛൻ മകളുടെ കണ്ഠത്തിലെന്നപോ-
ലിച്ഛയാ ചാർത്തിച്ചാൻ തൃക്കൈകളാൽ.

---

15. മാമ........ഹ്നം=എന്റെ സന്തോഷത്തിന്റെ ചെറിയ ഒരടയാളമായ ഇതു്.

Digitized By Kerala Sahitya Akademi

# 12. ജാതകം തിരുത്തി

1. ഉമാർ, ഭവാനൂരിയ വാളൊടടവനെ-
സ്സമാക്രമിപ്പാൻ നടകൊൾവു, സത്വരം?
ക്ഷമായുധംകൊണ്ടരിശത്തെ വെല്ലുയാം,
സുമാനുഷക്കുററ ജയം ജഗത്തിതിൽ.

2. കരൾക്കകം മേവിന ശാന്തിലക്ഷ്മിതൻ
കരസ്ഥകേളീമുകുരം, ത്വദാനനം;
വിരഞ്ഞതിങ്കൽശ്ശിവനേ, ചുകന്ന ക-
ല്ലുരച്ചു തേച്ചൊനൊരമർഷമക്കടൻ!

---

1. ശ്രീ മുഹമ്മദുനബി ലോകത്തിൽ മതം പ്രചരിപ്പിച്ചുകൊണ്ടിരിയ്ക്കേ, അക്കാലത്തുള്ള തുലോം മാന്യനായ 'ഉമാർ' എന്ന ഒരു നാട്ടുപ്രമാണി, ആ ഗുരുപാദരെ തെററിദ്ധരിച്ച് അദ്ദേഹത്തെ ഹിംസിയ്ക്കുവാൻ പുറപ്പെടുന്നതു കണ്ട കവി, താൻതന്നെ ഉമാറിൻെറ മുമ്പിൽച്ചെന്ന് അയാളെ സമാധാനിപ്പിയ്ക്കാൻനോക്കുന്നു: സത്വരം=വെമ്പലോടേ. ക്ഷമായുധം=ക്ഷമയാകുന്ന ആയുധം. യാതൊന്നിൻെറ പ്രേരണയാലാണോ നീ ഈ സാഹസത്തിന്നൊരുമ്പെട്ടത്, ആ അരിശത്തെയാണ് നീ ജയിയ്ക്കേണ്ടത്.

2. ആ അരിശം എന്തു ചെയ്തു എന്ന്: കരസ്ഥകേളീമുകുരം=കയ്യിലെ കളിക്കണ്ണാടി. നിൻെറ മുഖത്തിൽ, മനസ്സിലുള്ള ശാന്തത പ്രതിഫലിച്ചു കാണുമാനുണ്ട് എന്നു താൽപര്യം. വിരഞ്ഞ്='വിറളി'പിടിച്ച്. അമർഷം=ക്രോധം. കുരങ്ങുകൾ മുഖത്തു ചുകന്ന കല്ലുരച്ചു തേയ്ക്കാറുണ്ട്. കോപത്താൽ മുഖം ചുകന്നിരിയ്ക്കുന്നു. '........കുരങ്ങന്മാരെപ്പോലെ നിന്ദിയ്ക്കപ്പെട്ടും....' (കുറാൻ)

Digitized By Kerala Sahitya Akademi

3. ചിരന്തനാമ്നായകശീലനാഹ്മീ
സ്സുരന്മഹാസത്താഗ്രണം തവാധരം
ദുരന്തമാം ക്രോധപിശാചമന്ത്രമോ
പരം ജപിയ്ക്കേണ്ടതു,ധീരമാംവിധം?

4. സ്തുതിച്ചുകൊണ്ടേതൊരു കണ്ഠസീമ്നി തേ-
ന്നതിന്ന് നീലോൽപലമാല ചാർത്തണം,
അതിങ്കലിപ്പാമ്പെതിർവാൾ മയക്കവാൻ
മുതിർന്നുവല്ലോ, മുഴപാപി!പോലെ നീ!

5. അഹമ്മുഖപ്പൊൻകതിർപോലെ പോന്നവൻ
മുഹമ്മദു;-പ്പേരിനിതാ, നമസ്കൃതം!—
സ്വഹസ്തവാളായ തമിസ്രരേഖയാ
മഹസ്സിനെന്തുണ്ട-തുമോപ്പതില്ല നീ!

---

3. കോപത്താൽ ചുണ്ടു വിറയ്ക്കുകയും ചെയ്യുന്നു. സത്താഗ്രണം മേന്മേൽ സ്ഫുരിയ്ക്കുന്നതും പുരാതനമായ വേദത്തെ ഉരുവിടേണ്ടതുമായ നിന്റെ ചുണ്ടു, ധൈര്യമില്ലാതെ ക്രോധപ്പിശാചിന്റെ ആപൽക്കരമായ മന്ത്രമാണോ, ജപിയ്ക്കേണ്ടതു്?

4. കണ്ഠസീമ്നി=കഴുത്തിൽ. നീലോൽപലം=കരിംകുവളപ്പൂവ്.

5. നീ ചെന്നെതിർത്താലും, ആ ഗുരുവിന്നു ഹാനിയൊന്നും പററില്ലതാനും. അഹ.............തിർ=പ്രഭാതത്തിലെ പൊന്നുപോലുള്ള രശ്മി. പോന്നവൻ=ശക്തൻ; അവതരിച്ചവൻ. സ്വഹ........രേഖ=തന്റെ കയ്യിലുള്ള വാളാകുന്ന നേരിയ ഇരുൾ. മഹസ്സ്=തേജസ്സ്.

Digitized By Kerala Sahitya Akademi

6. അതല്ല തെറെറന്നു നബിയ്ക്കു: ജീവനാ-
മൃതം മൃതക്കായിഹ കൊണ്ടുവന്നതോ?
മതസ്ഥിതൻ നിന്നോടു സത്യമൂത്തിതൻ
സ്വാതന്ത്ര്യസന്ദേശമുരച്ചിടുന്നതോ?

7. ഫലം പെറും പാരിതെവൻെറ തോട്ടമു-
ജ്ജ്വലക്ഷമാം വാനമെവൻെറ പൂവനം,
അലംഘ്യഭൂമാവവനേ, ദൃഢം തവാ-
വലംബമെന്നോന്നുരചെയ്തുപോയതോ?

8. 'പരസ്യമാക്കുന്നു പിശാചധമ്മമീ
നരൻ നടന്നെ'ന്നസഹിഷ്ണു നീയഹോ,
പരൻെറ ചോരയ്ക്കസിനാവു നീട്ടി നി-
ർഭരം കുതിയ്ക്കുന്നു പിശാചിനൊപ്പമേ!

---

6. ജീവനാമൃതം=ജീവിപ്പാനുള്ള അമൃത്—മതം. മൃതർ—അജ്ഞാനത്താൽ മൃതരുലുർ. തിരുവല്ലാഹ് ലോകത്തോടുള്ള തൻെറ സന്ദേശം മുഹമ്മദുനബിയോടു നേരിട്ടരുളിയിട്ടുണ്ടുപോൽ.

7. ഉജ്ജ്വലർക്ഷം=മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങളോടുകൂടിയതു്. അലംഘ്യഭൂമാവ്=അമക്കാൻ കഴിയാത്ത മഹിമയോടുകൂടിയവൻ. അവലംബം=ആശ്രയം. 'ഭൂരാജ്യവും ആകാശരാജ്യവും അല്ലാഹിൻേറതാണ്: അവനൊഴിഞ്ഞു രക്ഷിതാവില്ല' (കുറാൻ).

8. അസഹിഷ്ണു=(നബിയുടെ മതപ്രസംഗം) സഹിയ്ക്കാത്തവൻ. അസി=വാൾ. നിർഭരം=ഏററവും. ഒരാൾ പിശാചിൻെറ പ്രവൃത്തി ചെയ്യുന്നുവെന്നു പറഞ്ഞ് അരിശംകൊള്ളുന്ന നീയാണ്, വാസ്തവത്തിൽ ഇപ്പോൾ പിശാചിനൊത്ത പ്രവൃത്തി ചെയ്യുന്നതു്.

Digitized By Kerala Sahitya Akademi

9. 'കഴക്കിട്ടൊല്ലാ, സമസ്തദുഷ്ടരക്തമെ-
നാഴക്കറുംമാറുൾചെയ്തവൻറതാൻ
കഴത്തിൽനിന്നാകണമോ, സുവിഭ്രമം
മുഴുത്ത നിൻവാളിന്നു കുങ്കുമാപ്പണം!

10. വത്സ സഖേ സോദര, പിന്തിരിയ്ക്കകി-
ഗ്ഗുരുദ്രപഹദ്രോഹപഥത്തിൽനിന്നു നീ:
നിരൂപിയാതേ നരകം വരിയ്ക്കയോ,
പുരുത്സവം വിണ്ണരുൾവോനിൽനിന്നു നാം?

11. തിരിഞ്ഞുനോക്കാതെയവൻ വിവേകമായ്-
പ്പിരിഞ്ഞിരുട്ടത്തുഴറിഗ്ഗമിയ്ക്കവേ
ശരിയ്ക്ക വീക്ഷിച്ചിതു, സർവ്വസാക്ഷിതൻ
വിരിഞ്ഞ രാക്കണ്ണുകൾ വാനിൽനിന്നഹോ!

---

9. സുവിഭ്രമം=ഭ്രാന്ത്; ശൃംഗാരലീല എന്നും. കുങ്കുമാപ്പണം=കുങ്കുമം പൂശൽ. 'നിങ്ങൾ നിങ്ങളുടെ രക്തം ചിന്നുകയും.... ചെയ്യരുത്' എന്ന കുറാൻവാക്യം ഓക്കുക.

10. ഗുരു........ഥം=ഉത്തമനായ ഗുരുവിനെ ദ്രോഹിയ്ക്കാനുള്ള വഴി. നിരൂപിയാതേ=ആലോചിയാതെ. പുരുത്സവം=മഹോത്സവസമേതമായ. വിണ്ണരുൾവോൻ=സ്വർഗ്ഗത്തെ തരുന്നവൻ.

11. എന്നു പറഞ്ഞിട്ടും അയാൾ പിന്തിരിഞ്ഞു നോക്കിയതേ ഇല്ല. വിവേകം=കാര്യാകാര്യവിചാരം. സർവ്വസാക്ഷി—എല്ലാം നോക്കിക്കാണുന്നവൻ. 'നിങ്ങൾ ചെയ്യുന്ന എന്തിലും അല്ലാഹിൻെറ നോട്ടമുണ്ട്' (കുറാൻ). രാക്കണ്ണുകൾ=രാത്രിയിലെ കണ്ണുകൾ—നക്ഷത്രങ്ങൾ.

Digitized By Kerala Sahitya Akademi

12. കട്ടത്ത ജിന്നിൻവിളി കേട്ട സൽഗ്ഗുരു-
ക്കൊട്ടംകൊലയ്ക്കുള്ളിലവൻ കുതിയ്ക്കവേ,
അട്ടത്തു ഖദ്യോതമിഷേണ, പാപിയെ-
ച്ചുട്ടുന്ന ചെന്തിപ്പൊരി പാറി, ചുററുമേ!

13. പെരുത്തു നൂററാണ്ടിനിടയ്ക്കൊരിയ്ക്കലി
മരുപ്പറമ്പാമുലകത്തിലീശ്വരൻ
ഒരൂററ വൃക്ഷത്തെ നട്ടുന്നു, പാന്ഥരായ്
വരുന്നവക്കത്തമവിശ്രമത്തിനായ്;

14. ഭൃശാഭിമാനാലവരോ, കൃതഘ്നര-
സ്സുശാഖിതൻ നേക്കു കഠാരി ചെയ്യുയായ്:
നിശാതമയ്യോ, തവ തൃഷ്ണ, ക്രിസ്തുവിൻ-
പ്രശാന്തരക്തത്തെ നുകൻ ലോകമേ!

---

12. ജിന്ന്=ചെകുത്താൻ. ഖദ്യോതമിഷേണ=മിന്നാമിനു ങ്ങെന്ന വ്യാജേന. മുഹമ്മദീയക്കു നരകം അഗ്നിമയമാണ്. 'പാപംചെയ്യുന്നവരാകുന്നു തീയ്യിൽ (=നരകത്തിൽ) വസിയ്ക്കുന്നവർ' (കുറാൻ).

13; 14. മരുപ്പറമ്പാമുലകം—സംഭവം നടക്കുന്ന അറബി രാജ്യം മരുഭൂമികഠം വളരെയുള്ളതാണെന്നോക്കുക. പാന്ഥർ—ജീവിതയാത്രക്കാർ. ഭൃശാഭിമാനാൽ=മുഴുത്ത അഭിമാനം (തങ്ങളേക്കാഠം മേലേ ഒന്നില്ലെന്ന അഹങ്കാരം) മൂലം. സുശാഖി=നല്ല വൃക്ഷം. നിശാതം=മൂച്ചുകൂടിയത്. തൃഷ്ണ=വിഷയസുഖലമ്പടത; ദാഹം എന്നും. ഈ പാഴ്മരുവിലെ യാത്രക്കാർതന്നെയാണല്ലോ, മുമ്പു ക്രിസ്തുവിൻെറ ചോര കുടിച്ചതും, അദ്ദേഹത്തെ ക്രൂശിന്മേൽ തറച്ചതും.



Digitized By Kerala Sahitya Akademi

15. അശിതനിശ്വാസമൊടാശു പോകുമാ
വശീന്ദ്രസംഹാരപരൻ വഴിക്കുതാ,
നിശീഥനിശ്ശബ്ദതയെസ്സുഖോചിതം
കൃശീകരിക്കുന്നൊരു പാട്ടു കേട്ടിതേ!

16. പരാർദ്ധ്യമാമപ്പുതുസൂക്തസപ്തക-
സ്വരാഢ്യമാഹമ്മദവേദഗീതിയിൽ
സ്ഥിരാദരാൽ വീപ്പുമടക്കി നിന്നിതോ,
മരാമരംപോലെ സമീരനും തദാ!

17. തുടൻപോയ് തനാളിയൻെറ വീട്ടിലും
സ്ഫുടം കുറാൻവായനയെന്നു കണ്ടുടൻ
വിടൻ കണ്ണാൽച്ചുട്ടതിയ്ക്കുതിത്തവൻ
കടന്നിത,ങ്ങോട്ടു കരാളരൂപനായ്.

---

15. അശിതനിശ്വാസം=ചുടുവീപ്പ്. വശീ.................രൻ=സംയമികളിൽ അഗ്രേസരനായ നബിയെ സംഹരിപ്പാനൊരുങ്ങിയവൻ. നിശീഥം=അർദ്ധരാത്രി. സുഖോചിതം=സുഖംതരും വിധം. കൃശീകരിക്കു=കുറയ്ക്കുക.

16. പരാർദ്ധ്യം=പൂജനീയം. പുതു........ഗീതി=പുതിയതും, മെക്കായിൽവെച്ചുണ്ടാക്കപ്പെട്ട ഏഴു സൂക്തങ്ങ(മഹാവാക്യങ്ങ)ളാകുന്ന സപ്തസ്വരം ഇണങ്ങിയതുമായ മുഹമ്മദീയവേദം പാടൽ. സ്ഥിരാദരാൽ=ഉറച്ച ആദരവോടെ. മരാമരം=വലിയ മരം.

17. ഉമാറിൻെറ സോദരീഭർത്തൃഗൃഹത്തിൽനിന്നാണ്, ഈ പാട്ടു കേട്ടത്. കരാളരൂപൻ=ഭയങ്കരമായ ആകൃതിയോടു കൂടിയവൻ.

Digitized By Kerala Sahitya Akademi

18. പരുത്ത വാളോങ്ങി യമാഭനാമുമാർ
വരുന്നതീക്ഷിച്ചഥ, തൻെറ ജീവനെ
ഇരുട്ടിലെങ്ങാനുമൊളിച്ചുവെയ്ക്കുവാൻ
തെരുന്നനെപ്പാഞ്ഞു മറഞ്ഞു, ഗായകൻ!

19. വരൻ ഭയപ്പെട്ടു പകച്ചു നില്ക്കവേ,
പുരന്ധ്രിയാം 'ഫാത്തിമ' പുണ്യശീലയാ൦
ഒരൻപെഴും പുഞ്ചിരിയായ പൂവിനാൽ
പുരഃസ്ഥനാം മൃത്യുവിനർച്ച നല്കിനാൾ:

20. വളം മനോജന്നരുളുന്ന യൌവന-
ച്ചുളപ്പിലും ശാന്തത പൂണ്ട തന്മുഖം
മിളത്സുരോമാഞ്ചകപോലപാളിയായ്
വിളങ്ങി, വേദശ്രവണോത്ഥഭക്തിയാൽ.

21. 'പരം പവിത്രം തവ ദീർഘദർശിതൻ
ശിരസ്സു കൊയ്യുന്നതിനുള്ള വാളിതാ;

---

18. യമാഭൻ=അന്തകനെപ്പോലുള്ളവൻ.

19. പാടിയിരുന്നവൻ ഇരുട്ടിലെങ്ങോ പോയൊളിച്ചു; അളിയനാകട്ടെ, പേടിച്ചുനില്പായി. പുരന്ധ്രി=പത്നി. പുരഃസ്ഥനാം മൃത്യു=മുമ്പിൽ വന്നെത്തിയ മരണം.—ഘാതകനായി വന്ന ഉമാർ. അർച്ച=പൂജ.

20. മിള.......ളി=രോമാഞ്ചം പൂണ്ട കവിൾത്തടത്തോടു കൂടിയതായി. വേദ....ക്തി=വേദം കേട്ടുണ്ടായ ഭക്തി.

21. പരം പവിത്രം=ഏററവും പരിശുദ്ധം. ദീർഘദർശി=തത്ത്വമറിയുന്നവൻ, നബി. അരക്കൻ=രാക്ഷസൻ. മല്ലാട്=മ

Digitized By Kerala Sahitya Akademi

അരക്കാ, മുല്പാടിതു നിൻെറ ശോണിതോൽ-
ക്കരത്തിൽ മുക്കിക്കഴുകുന്നതുണ്ടു ഞാൻ.'

22. ഇതിൻവണ്ണം ഗർജ്ജിച്ചതിഥി ഗൃഹനേ-
താവിനെതിരായ്-
പ്പതിപ്പിച്ചാൻ ഖഡ്ഗം; പ്രണയിനി തട്ടു-
ത്താളതിടയിൽ;
അതിൽപ്പൊൻപൂമെയ്യിന്നഹഹ, മുറിപെ-
ട്ടുക്കിലൊഴുകീ,
സതിത്തയ്യിന്നാത്മേശ്വരനിലിയലും
രാഗവിഭവം!

23. ക്ഷീണം, മെയ്യും മനസ്സും ഘൃണയുണരുമമാ-
ക്രസ്രപാതക്ഷണത്തിൽ;-
ക്കാണപ്പെട്ടില, സാധ്വിയ്ക്കഴകുടയ മുഖ-
ത്തല്പവും ഭാവഭേദം!

---

ബേ. ശോണിതോൽക്കരം=രക്തപ്രവാഹം. നിൻെറ നബിയുടെ പരിശുദ്ധമായ കഴുത്തിൽവെയ്ക്കുന്നതിന്നുമുമ്പ് ഈ വാറം കഴുകി ശുദ്ധമാക്കിക്കളയാം എന്നഭിപ്രായം.

22. ഗൃഹനേതാവ്=ഗൃഹസ്ഥൻ. ആത്മേശ്വരൻ=പ്രാണപ്രിയനായ ഭർത്താവ്. രാഗവിഭവം=അനുരാഗസമ്പത്ത്. ഭർത്താവിനെ രക്ഷിപ്പാൻ ഒഴുക്കിയ രക്തം, അയാളെക്കുറിച്ചുള്ള അനുരാഗംതന്നെ!

23. ക്ഷീണം=തളൎന്ന (വിധേയം). അസ്രപാതക്ഷണത്തിൽ=ചോര വീണഉടനെ. മുറിപ്പെട്ടതു ഫാത്തിമയ്ക്കാണെങ്കിലും, ഉമാക്കാണ് തളച്ച് പററിയത്; ഫാത്തിമയ്ക്കോ, ഒരു ഭാവഭേദവുമുണ്ടാ

Digitized By Kerala Sahitya Akademi

"പ്രാണൻ പോയാലുമിസ്ലാംമതമിതു വെടിയാ-
ഞെങ്ങളെ"ന്നാറും മണിപ്പൊൻ-
വീണയെല്ലാക്കും സ്വരത്തോടവറും; സഹജനതാ,
മറ്റൊരാളായ്ച്ചമഞ്ഞു:

24. മങ്കപ്പൂൺപോട 'മാപ്പെ'ന്ന,വനരിയ കുറാൻ-
ഗ്രന്ഥമർത്ഥിച്ചു, ഹിംസാ-
പങ്കം പോക്കാൻ ജലത്താൽക്കഴുകിയ കരതാർ-
കൊണ്ടു മേടിച്ചു ഭക്ത്യാ—
തങ്കംപോലാം വിളക്കിൻതിരികറും നിഭൃതമായ്
നിന്നു കത്തി!—സമീപ-
ത്തിങ്കൽക്കാൽമുട്ടു കുത്തിപ്പെരുതുരു നബിയാം
ദേവനെക്കൈവണങ്ങീ!

25. വിരുദ്ധമതി വിട്ടൊഴിഞ്ഞ,തു-
ദിനം മുതല്ക്കാസ്ഥയാ

---

യില്ല! സഹ............ഞ്ഞു—ജ്യേഷ്ഠൻെറ (ഉമാറിൻെറ) പ്രകൃതം മാറി.

24. ഹിംസാപങ്കം=ഹിംസ(മുറിപ്പെടുത്തൽ)കൊണ്ടുണ്ടായ അഴുക്ക് (പാപം). അയാളുടെ ഈ പ്രകൃതിമാററത്തിൽ സന്തോഷിച്ചു വിളക്കുകൾ ആശ്ചര്യസ്തബ്ധമായി എന്നു സൂചിപ്പിക്കുന്നു. 'തങ്കം........കത്തി' അന്തർഭാവിതവാക്യം.

25. വിരുദ്ധമതി=വിപരീതബുദ്ധി. ആസ്ഥയാ=ഭക്തിശ്രദ്ധകളോടുകൂടി. അനഘൻ=പാപഹീനൻ. മുൻജാതകം—മുഹമ്മദീ

Digitized By Kerala Sahitya Akademi

ഗുരുത്തലവനെപ്പൂജിച്ചനഘ-
ശിഷ്യനായാനയാഗം;
പെരുത്തു മൊഴിയെന്തിന,സ്സതി
തെളിഞ്ഞ തൻചോരയാൽ-
ത്തിരുത്തിയെഴുതീ ക്ഷണാൽ സഹ-
ഭവന്റെ മുൻജാതകം!

---

യമതത്തിനു വിരോധിയായിരിക്കുമെന്നുള്ളത്—അയാളുടെ സ്വഭാവം മുഴുവൻ എന്നർത്ഥം. നബിയുടെ മുഖ്യശിഷ്യനായിത്തീൎന്ന ഈ ഉമാറത്രെ, ഒന്നാമത്തെ ഖലീഫ്, മുഹമ്മദീയരുടെ വൈദികശ്രേഷ്ഠൻ.

Digitized By Kerala Sahitya Akademi

# 13. എന്റെ ഗുരുനാഥൻ

(കേക)

1\. ലോകമേ തറവാടു
തനിക്കീ,ച്ചെടികളും
പുൽകളും പുഴുക്കളും
കൂടിത്തൻകുടുംബക്കാർ;
ത്യാഗമെന്നതേ നേട്ടം,
താഴ്മതാനഭ്യുന്നതി;
യോഗവിത്തേവം ജയി-
ക്കുന്നിതെൻഗുരുനാഥൻ.

2\. താരകാമണിമാല
ചാർത്തിയാലതും കൊള്ളാം,
കാറണിച്ചെളി നിളെ-
പ്പുരണ്ടാലതും കൊള്ളാം;
ഇല്ലിഹ സംഗം ലേപ-
മെന്നിവ; സമസ്വച്ഛ-

---

1\. യോഗവിത്ത്='കർമ്മയോഗ'മറിഞ്ഞവൻ. എൻഗുരുനാഥൻ—മഹാത്മാഗാന്ധി.

2\. സമസ്വച്ഛം=സമവും (നിരപ്പൊത്തതും, സുഖദുഃഖാദി ദ്വന്ദ്വങ്ങളിൽ തുല്യഭാവനവും) സ്വച്ഛവും (നിർമ്മലവും)ആയത്. നക്ഷത്രമണിമാലയണിയുന്നതിൽ ആസക്തിയോ, കാർമേഘം

Digitized By Kerala Sahitya Akademi

മല്ലയോ വിഹായസ്സ്,-
വ്വണ്ണമെൻഗുരുനാഥൻ.

3. ദുജ്ജന്തുവിഹീനമാം
ദുർല്ലഭതീത്ഥഹ്രദം,
കജ്ജലോൽഗമമില്ലാ-
ത്തോരു മംഗളദീപം,
പാമ്പുകാം തീണ്ടിടാത്ത
മാണിക്യമഹാനിധി,
പാഴ്നിഴലുണ്ടാക്കാത്ത
പൂനിലാവെ,ന്നാചായ്യൻ.

4. ശസ്ത്രമെന്നിയേ ധമ്മ-
സംഗരം നടത്തുമന്നോൻ,

---

വ്യാപിച്ചാൽ ചളിപററലോ ആകാശത്തിന്നില്ല; ഈവിധം, എന്റെ ഗുരുവിന്നു സുഖദുഃഖസ്തുതിനിന്ദാദികളിൽ സന്തോഷസന്താപാദികളൊന്നുമില്ല; അവിടുന്ന് ഏകാന്തനിമ്മലനായി സ്ഥിതിചെയ്യുന്നു.

3. കജ്ജലോൽഗമം=മഷി പൊങ്ങൽ. ഈ ഈരടികളിൽ, ദോഷനാശത, സുഖസേവ്യത, നേർവഴി കാണിയ്ക്കൽ, അഖണ്ഡസമ്പൽകരത്വം, ദുജ്ജനങ്ങളോട്ട കൂട്ടുകെട്ടില്ലായ്മ, ദിവ്യാനുഭാവത, ആനന്ദദായകത്വം തുടങ്ങി ദോഷഹീനങ്ങളായ ഗുരുവിന്റെ അസാധാരണഗുണങ്ങൾ സൂചിപ്പിയ്ക്കപ്പെടുന്നു.

4. പുണ്യാധ്യാപനം=പുണ്യമായ പഠിപ്പിയ്ക്കൽ. ആത്മശക്തി, കമ്മയോഗം, ഇന്ദ്രിയസംയമം, ജീവകാരുണ്യം എന്നി

Digitized By Kerala Sahitya Akademi

പുസ്തകമെന്യേ പുണ്യാ-
ധ്യാപനം പുലർത്തുന്നോൻ,
ഔഷധമെന്യേ രോഗം
ശമിപ്പിപ്പവൻ ഹിംസാ-
ദോഷമെന്നിയേ യജ്ഞം
ചെയ്യുവനെന്നാചാര്യൻ.

5. ശാശ്വതമഹിംസയാ-
ണമ്മഹാത്മാവിൻ വ്രതം;
ശാന്തിയാണവിടെയ്ക്കു
പരദേവത പണ്ടേ;
ഓതുമാറുണ്ടദ്ദേഹം:—
'മഹിംസാമണിച്ചട്ട-
യേതുടവാളിൻ കൊട്ടു-
വായ്ത്തല മടക്കാത്തു?'

6. മാർഗ്ഗയെക്കണ്ടെത്തിയ
ധർമ്മത്തിൻ സല്ലാപങ്ങ-

---

വകൊണ്ടുമാത്രം സർവ്വകാര്യങ്ങളും നിർവ്വഹിക്കുന്നവൻ എന്നു സാരം. മഹാത്മജിയുടെ സത്യഗ്രഹസമരം, അക്ഷരജ്ഞാനഹീനരെക്കൂടി സത്യഗ്രഹികളാക്കൽ, പ്രകൃതിചികിത്സാക്രമം, അഹിംസാപരമായ കർമ്മയോഗം മുതലായവയെ സ്മരിക്കുക.

5. 'അഹിം..........ക്കാത്തു?'—ഏതു ശൈതികശ് കതിയോടും എതിരിട്ടു ജയിപ്പാൻ അഹിംസാവ്രതം ഒന്നുമാത്രം മതി.

Digitized By Kerala Sahitya Akademi

ഉാര്യസത്യത്തിൻ സദ-
സ്സിങ്കലെസ്സംഗീതങ്ങൾ,
മുക്തിതൻ മണിമയ-
ക്കാൽത്തളക്കിലുക്കങ്ങൾ,
മുററുമെൻഗുരുവിൻെറ
ശോഭനവചനങ്ങൾ.

7. പ്രണയത്താലേ ലോകം
വെല്ലുമീ യോദ്ധാവിന്നാ,
പ്രണവം ധനുസ്സാ,ത്മാ-
വാശുഗം, ബ്രഹ്മം ലക്ഷ്യം;
ഓംകാരത്തെയും ക്രമാ-
ലലിയിച്ചലിയിച്ചു
താൻകൈക്കൊള്ളുന്നു ഭൂലോം
സൂക്ഷ്മമാമംശംമാത്രം;

---

6. ഗുരുവിൻെറ വചനങ്ങൾ സത്യധർമ്മങ്ങളുടെ തറിസ്സത്തും, മുക്തിസൌഭാഗ്യത്തെ അനുഭവപ്പെടുത്തുന്നതുമാണെന്നു സാരം. വിശേഷണങ്ങൾ, മുറയ്ക്കു പ്രേമാർദ്രതയെയും ആകർഷതയെയും, ആനന്ദകരതയെയും വ്യഞ്ജിപ്പിയ്ക്കുന്നു. അഹിംസ ധർമ്മത്തിൻെറ ഭാര്യയാണെന്നു പൌരാണികമതം. ധർമ്മം ഇതേവരെ ഭാര്യയെ തിരയുകയായിരുന്നു, അവളെ കാണിച്ചുകൊടുത്തതു് ഈ ഗുരുവാണു്!

7. യോഗികളുടെ പ്രണവധ്യാനസമ്പ്രദായം വിവരിയ്ക്കാൻ ഇവിടെ സ്ഥലമില്ല. ബ്രഹ്മൈകനിർല്ലീനനായ ഗുരു ലോകത്തിനുവേണ്ടിയാണു്, തനിയ്ക്കുവേണ്ടിയല്ല വ്യാപരിയ്ക്കുന്നതെന്നു സാരം.

Digitized By Kerala Sahitya Akademi

8. ക്രിസ്തുദേവന്റെ പരി-
ത്യാഗശീലവും, സാക്ഷാൽ-
കൃഷ്ണനാം ഭഗവാന്റെ
ധർമ്മരക്ഷോപായവും,
ബുദ്ധന്റെയഹിംസയും,
ശങ്കരാചാര്യരുടെ
ബുദ്ധിശക്തിയും, രന്തി-
ദേവന്റെ ദയാവായ്പും,
ശ്രീഹരിശ്ചന്ദ്രനുള്ള
സത്യവും, മുഹമ്മദിൻ
സ്ഥൈര്യവുമൊരാളിൽച്ചേ-
ർന്നൊത്തുകാണണമെങ്കിൽ
ചെല്ലുവിൻ ഭവാന്മാരെൻ
ഗുരുവിൻ നികടത്തി-
ല;-ല്ലായ്കിലവിടുത്തെ-
ച്ചരിത്രം വായിക്കുവിൻ!

9. ഹാ, തത്രഭവൽപ്പാദ-
മൊരിക്കൽദ്ദർശിച്ചെന്നാൽ-
ക്കാതരനതിധീരൻ;
കർക്കശൻ കൃപാവശൻ;

---

8. ലോകത്തിൽ ഇതേവരെയുള്ള പുണ്യശ്ലോകന്മാരുടെയെല്ലാം ഗുണങ്ങളും തികഞ്ഞാളാണ്, എന്റെ ഗുരു.

9. 'അദ്ദേഹത്തെച്ചെന്നു കണ്ടാലത്തെ ഫലമോ? കാതരൻ=ഭീരു. കർക്കശൻ=ക്രൂരൻ. പ്രദാനോൽക്കൻ=ദാനംചെയ്യാൻ ആ

Digitized By Kerala Sahitya Akademi

പിശുക്കൻ പ്രദോനോൽക്കൻ;
പിശുനൻ സുവചന-
ൻ;- ശുദ്ധൻ പരിശുദ്ധ;-
നലസൻ സദായാസൻ!

10. ആതതപ്രശമനാ-
മത്ത സചിതൻ മുനി-
ലാതതായിതൌ കൈവാം
കരിംഭുവമാല്യം;
ക്രുത്ത ഭംഗ്യകം ചേന്ന
കേസരിയൊരു മാൻകു-
ഞ്ഞാ;- ത്തോന്നിത്തടം തല്ലും
വൻകടൽ കളിപ്പൊയ്ക!

11. കാര്യചിന്തന ചെയ്യും
നേരമന്നേതാവിനു
കാനനപ്രദേശവും
കാഞ്ചനസഭാതലം;

---

ഗ്രഹിയ്ക്കുന്നവൻ. പിശുനൻ=ഏഷണി പറയുന്നവൻ. സദായാസൻ=എപ്പോഴും പ്രയത്നശീലൻ. ഇവയ്ക്കുദാഹരണങ്ങൾ പലതുമുണ്ട്.

10. ആതതപ്രശമൻ=എങ്ങും വ്യാപിച്ച ശാന്തിയുള്ളവൻ. ആതതായി=കൊലയ്ക്കൊരുമ്പെട്ടവൻ. അദ്ദേഹം ശത്രുക്കളെ പ്രണയത്തോടേ നോക്കുന്നു; അവരെ ലാളിയ്ക്കുന്നു; അവരെക്കൊണ്ടു താൻതാൻ സന്തോഷിയ്ക്കുന്നു. അഥവാ, ദ്രോഹിപ്പാനൊരുങ്ങിച്ചെന്നവനും, നേരിട്ടു കാണുമ്പോൾ അദ്ദേഹത്തെപ്പൂജിയ്ക്കും.

Digitized By Kerala Sahitya Akademi

ചുട്ടററ സമാധിയി-
ലേപ്പെട്ടമാ യോഗിയ്ക്കു
പട്ടണനാട്ടത്തട്ടം
പവ്വതഗുഹാന്തരം!

12. ശുദ്ധമാം തങ്കത്തെത്താ-
നല്ലയോ വിളയിപ്പൂ-
തദ്ധമ്മകൃഷകൻെറ
സൽക്കമ്മം വയൽതോറും?
സിദ്ധനാമവിടുത്തെ-
ത്തൂക്കണ്ണോ, കനകത്തെ-

---

11. അദ്ദേഹം ഏകാന്തത്തിൽ തനിച്ചിരുന്നു തീച്ചയാക്കിയ കായ്യവും, സഭയിൽവെച്ചു പലരുംകൂടി ആലോചിച്ചുറച്ച കായ്യംപോലെ അബദ്ധരഹിതവും ഫലസാധകവുമാവും; അദ്ദേഹം സമാധിയിലിരിയ്ക്കേ ബാഹ്യകോലാഹലമൊന്നും അതിന്നു പ്രതിബന്ധമാകയില്ല—അദ്ദേഹത്തിൻെറ ഏതു കായ്യവും ബാഹ്യവിഷയങ്ങൾക്കായത്തമല്ല!

12. അടുത്ത പത്തു വരികളിൽ ഗുരുവിൻെറ നിഷ്കാമകമ്മത്വത്തെ വിവരിയ്ക്കുന്നു: ധമ്മകൃഷകൻ=ധമ്മത്തെ കൃഷിചെയ്യുന്നവൻ. അദ്ദേഹത്തിൻെറ ധമ്മാഭിവൃദ്ധിയ്ക്കുള്ള ധനശേഖരത്തിലെയ്ക്കു നാടുതോറും സ്ത്രീകൾ തങ്ങളുടെ തങ്കപ്പണ്ടങ്ങൾപോലും സമപ്പിയ്ക്കുന്നതിനെ സ്മരിയ്ക്കുക. സിദ്ധൻ=തപസ്സിദ്ധിവന്നവൻ. ഭൂമിയുടെ മഞ്ഞച്ച മണ്ണാണത്രെ, സ്വണ്ണം; ഗുരു അതിനെ അങ്ങിനെതന്നെ കാണുന്നു. മഹാവിരക്തൻ=പരിപൂണ്ണമായ വൈരാ

Digitized By Kerala Sahitya Akademi

യിദ്ധരിത്രിതൻ വെറും
മഞ്ഞമണ്ണായിക്കാണ്മൂ:

13. ചാമരചലനത്താ-
ലിളിച്ചുകാട്ടും പിശാ-
ചാ, മഹാവിരക്തനു
പൂജ്യസാമ്രാജ്യശ്രീയും;
ഏതു പൂങ്കഴലിനു-
മഴൽ തോന്നായ്വാനാരി
സ്വാതന്ത്ര്യദുർഗ്ഗാധ്വാവിൽ-
പ്പട്ടുകൾ വിരിക്കുന്നു,
അത്തിരുവടി വല്ല
വല്ക്കലത്തുണ്ടുമുടു-
ത്തർദ്ധനഗ്നനായല്ലോ
മേവുന്നു സദാകാലം!

14. ഗീതയ്ക്കു മാതാവായ
ഭൂമിയേ ദൃഢമിത്ഥ-
മാതിരിയൊരു കർമ്മ-
യോഗിയെ പ്രസവിക്കു—

---

ഗ്യം സിദ്ധിച്ചവൻ. സാമ്രാജ്യശ്രീയിലുള്ള പൈശാചികത്വത്തെ, അതിന്റെ പ്രഭാവമായി അദ്ദേഹം തെററിദ്ധരിക്കുകയില്ല.

13. സ്വാതന്ത്ര്യദുർഗ്ഗാധ്വാവ്=സ്വാതന്ത്ര്യത്തിലെയ്ക്കുള്ള ദുർഗ്ഗമമായ വഴി. ഏതു.......യ്വാൻ—മൃദുപാദകളായ സ്ത്രീകൾക്കും കുട്ടികൾക്കുംകൂടി സുഗമമാകുവാൻ. ഖദർപ്രസ്ഥാനത്തെ സ്മരിക്കുക. വല്ക്കലത്തുണ്ട്—പരുത്ത ഖദർവസ്ത്രം.

Digitized By Kerala Sahitya Akademi

ഹിമവദ്വിന്ധ്യാചല-
മധ്യദേശത്തേ കാണൂ,
ശമമേ ശീലിച്ചെഴു-
മിത്തരം സിംഹത്തിനെ
ഗംഗയാറൊഴുകുന്ന
നാട്ടിലേ ശരിയ്ക്കിത്ര
മംഗളം കായ്ക്കും കല്പ-
പാദപമുണ്ടായ്വരൂ!

15. നമസ്തേ ഗതതൃഷ്ണ!
നമസ്തേ ദുരാധർഷ;
നമസ്തേ സുമഹാത്മൻ!
നമസ്തേ ജഗൽഗുരോ!

ഗ്രന്ഥശാല ... ശ്രീ ...

---

14. ഹിമവ........ശം—ഹിമവാന്റെയും വിന്ധ്യന്റെയും മധ്യത്തിലുള്ള ദേശം—ഭാരതഭൂമി. ഋഷിമാരുടെ ജന്മഭൂമിയായ ഭാരതവർഷത്തിലേ, ഈദൃശമഹാപുരുഷന്മാർ ഉണ്ടാകൂ. ഈ ഖണ്ഡത്തിലെ അലങ്കാര(പര്യായോക്ത)ങ്ങളുടെ ഔചിത്യം ചിന്തിച്ചു നോക്കുക.

15. ഗതതൃഷ്ണൻ—ഐഹികസുഖത്തിൽ ആഗ്രഹമററവൻ. ദുരാധർഷൻ=ആരാലും ആക്രമിയ്ക്കപ്പെടുവാൻ കഴിയാത്തവൻ. ജഗൽഗുരു—ലോകത്തിന്റെ നേതാവ്.

കുട്ടികൃഷ്ണമാരാര്.

Digitized By Kerala Sahitya Akademi

# ഋഗ്വേദപരിഭാഷ

## മൂന്നാം വാല്യം തയ്യാറായി

മഹാകവി വള്ളത്തോൾ മലയാണ്മയിലെക്കു വിവൎത്തനം ചെയ്തു, ഇന്ത്യയുടെ ആൎഷസംസ്കാരത്തിന്റെ ഭണ്ഡാഗാരമായ ഋഗ്വേദസംഹിത നാലു വാല്യങ്ങളായിട്ടു അച്ചടിച്ചിറക്കാനാണു് ഉദ്ദേശിച്ചിട്ടുള്ളതു്. അതിന്റെ മൂന്നാം വാല്യവും ഇതാ തയ്യാറായിരിക്കുന്നു.

ഭാരതത്തിന്റെ അതിപ്രാചീനസംസ്കാരകലവറയുടെ താക്കോൽ, ഇന്ത്യൻ പ്രാദേശികഭാഷകളിൽ ഒന്നാമതായി കൈവന്നതു് മലയാളത്തിനാണെന്നുള്ളതിൽ ഏതൊരു മലയാളിയാണു് അഭിമാനപുളകിതനാകാതിരിക്കുക? ഇന്ത്യയിലെ മറെറാരു ഭാഷക്കും കൈവന്നിട്ടില്ലാത്ത ഈ ഭാഗധേയത്തെ മലയാളികളെല്ലാവരും മനംനിറഞ്ഞ ആഹ്ലാദാഭിമാനങ്ങളോടെ ആസ്വദിക്കട്ടെ!

നല്ല വെള്ളക്കടലാസ്സിൽ ഭംഗിയായ അച്ചടി—കെട്ടുറപ്പുള്ള കാലിക്കോ ബയിണ്ടു്—മഹാകവിയുടെ കയ്യൊപ്പോടും ഛായയോടും കൂടിയ

**ഒന്നാംവാല്യത്തിന്നു് 14ക.**

**രണ്ടാംവാല്യത്തിന്നു് 12ക.**

**മൂന്നാംവാല്യത്തിന്നു് 14ക.**

ഒറ്റക്കോപ്പിയ്ക്കാവശ്യപ്പെടുന്നവർ പുസ്തകവിലയ്ക്കു പുറമെ പോസ്റ്റേജ് 1ക. 8ണ. കൂടി മുൻകൂർ അയയ്ക്കേണ്ടതാണു്

മാനേജർ, **വള്ളത്തോൾ ഗ്രന്ഥാലയം,**

ചെറുതുരുത്തി P.O. തൃശ്ശൂർ, കേരള സ്റ്റേററ്.

Digitized By Kerala Sahitya Akademi